

## നവമാധ്യമങ്ങളും 'വാചക പാതകവും'

ആദർശപരമായ ഏറ്റുമുട്ടലുകൾ സജീവമാണിന്ന് നവമാധ്യമങ്ങളിലൂടെ. മതം, രാഷ്ട്രീയം, യുക്തിവാദം തുടങ്ങി സകല വിഷയങ്ങളിലും വ്യക്തികൾ തമ്മിൽ കൊമ്പുകോർക്കുന്നത് കാണാം. ഖേദകരമെന്നു പറയട്ടെ പലരും തികച്ചും സംസ്കാരശൂന്യമായ രീതിയിലാണ് പ്രതികരിക്കാറുള്ളത്. യാതൊരുവിധ പ്രതിപക്ഷ മര്യാദയും പാലിക്കാതെയുള്ള വിമർശനങ്ങളായിരിക്കും നടത്തുക. ഏറ്റവും വൃത്തികെട്ട വാക്കുകളായിരിക്കും ഇവരിൽനിന്ന് കമന്റുകളായി പുറത്തുവരുന്നത്. തീർച്ചയായും ഇത് നിയന്ത്രിച്ചേ മതിയാവൂ.

VOL NO: 03 | ISSUE 29

# നേർപഥം

വാരിക

www.nerpatham.com | mail@nerpatham.com

2019 JULY 20 | ₹12

# ആത്മഹത്യ പ്രശ്നമോ പരിഹാരമോ?

ആത്മഹത്യാനിരക്ക് മുമ്പെങ്ങുമില്ലാത്ത വിധം കൂടിക്കൊണ്ടിരിക്കുകയാണ്. വിദ്യാർഥികൾ മുതൽ വയോധികർ വരെ പ്രശ്നങ്ങളിൽ നിന്ന് രക്ഷ നേടാൻ ആത്മഹത്യയിൽ അഭയം കണ്ടെത്തുന്ന സ്ഥിതിവിശേഷം സംജാതമായിരിക്കുന്നു. പ്രശ്നങ്ങളെ ധീരമായി നേരിടുന്നതിന് പകരം ജീവിതത്തിൽ നിന്ന് തന്നെ ഒളിച്ചോടാൻ ശ്രമിക്കുന്നത് ഭീരുത്വവും പ്രശ്നങ്ങൾ സങ്കീർണമാക്കലുമാണ്.

|| കടത്തിലെ അപകടം!

|| അല്ലാഹുവിന്റെ ഇഷ്ടദാസന്മാരാവുക

|| മുന്നറിയിപ്പുകൾ അവഗണിക്കാനുള്ളതല്ല




WISDOM

പ്രമാണങ്ങൾക്കൊപ്പം, ഗുണകാംക്ഷയുടെ ശബ്ദം
നേരിന്റെ ആർജവം, വേറിട്ട വായനാനുഭവം...




നേരിന്റെ വരമൊഴി

www.nerpatham.com | mail@nerpatham.com

നേർപഥം
വാരിക

Circulation Manager | Nerpatham Weekly | EKP Complex | Kallai Road | Kozhikkode 2 | Kerala | India
Ph: 0495 4019437 | +91 92075 25244 | mail@nerpatham.com | www.nerpatham.com

നേർപഥം
വാരിക
0131 / 2019 ജൂലായ് 20 / ദുൽക്വഅദ് 17 / പുസ്തകം 3 / ലക്കം / 29



# ആത്മഹത്യ പ്രശ്നമോ പരിഹാരമോ?

നബീൽ പയ്യോളി / 10

**മുഖമൊഴി**
നവമാധ്യമങ്ങളും 'വാചക പാതകവും' / 05
എഡിറ്റർ

**ബാലപഥം**
മുതിർന്നവരെ ആദരിക്കുക / 18
സമീർ മുണ്ടേരി

**ഗാനം**
അന്ത്യനാൾ / 19
ഉസ്മാൻ പാലക്കാഴി

**കാഴ്ച**
പിതാവെന്ന എ.ടി.എം യന്ത്രം! / 34
ഇബ്നു അലി എടത്തനാട്ടുകര

**ലേഖനം**
കടത്തിലെ അപകടം! / 07
ടി.കെ ത്വൽഹത്ത് സ്വലാഹി

മുന്നറിയിപ്പുകൾ അവഗണിക്കാനുള്ളതല്ല / 15
മുഹമ്മദ് ശമീൽ

ബദ്റിലേക്ക്... / 20
ഫദ്ലുൽ ഹഖ് ഉമരി

അല്ലാഹുവിന്റെ ഇഷ്ടദാസന്മാരാവുക / 26
സിയാദ് വയനാട്, ജാമിഅ അൽഹിന്ദ്

പഠന ബോധന മാർഗങ്ങൾ ക്വുർആനിൽ നിന്ന് / 28
ഡോ. അബ്ദുറസാഖ് സുല്ലമി

Printed, published and owned by K. Sajjad | Printed at Sprint Offset Printers | Kozhikode
Published at Kozhikode | 673002 | Editor: Usman Palakkazhi | Chief Editor: Anil Primrose
Web Editor: Haseeb Elayur | Design, Cover & Layout: Elan Creativo
Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2 | Kerala | India
Ph: 0495 4019437 | +91 92075 25244 | mail@nerpatham.com | www.nerpatham.com | Facebook: www.facebook.com

## വായനക്കാർ എഴുതുന്നു



## ഹജ്ജ്: തൗഹീദിന്റെ വിളംബരം

ഹജ്ജിനായി ജനലക്ഷങ്ങൾ വിശുദ്ധ മക്കയിലേക്ക് യാത്ര തിരിച്ചുകൊണ്ടിരിക്കുന്ന സന്ദർഭമാണിത്. മക്കയിലെ വിശുദ്ധ കഅ്ബയും അതിന് ചുറ്റുമുള്ള പവിത്രമാക്കപ്പെട്ട സ്ഥലവും ലോകത്തെ ഏറ്റവും നിർഭയമായ സ്ഥലമാണ്. അത് ലോകത്തെ ഏത് ഭാഗത്തുള്ള വിശ്വാസിക്കും അവകാശപ്പെട്ടതാണ്. യാതൊരുവിധ അധർമവും അവിടെവെച്ച് ചെയ്തുകൂടാ. അവിടെ വെച്ച് അധർമം ചെയ്യാൻ വിചാരിക്കുന്നത് തന്നെ കുറ്റകരമായ കാര്യമാണ്: "തീർച്ചയായും സത്യത്തെ നിഷേധിക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽ നിന്നും മനുഷ്യർക്ക് -സ്ഥിരവാസിക്കും പരദേശിക്കും- സമാവകാശമുള്ളതായി നാം നിശ്ചയിച്ചിട്ടുള്ള മസ്ജിദുൽ ഹറാമിൽ നിന്നും ജനങ്ങളെ തടഞ്ഞു കൊണ്ടിരിക്കുകയും ചെയ്യുന്നവരാരോ അവർ (കരുതിയിരിക്കട്ടെ). അവിടെ വെച്ച് വല്ലവനും അന്യായമായി ധർമവിരുദ്ധമായ വല്ലതും ചെയ്യാൻ ഉദ്ദേശിക്കുന്ന പക്ഷം അവന്ന് വേദനയേറിയ ശിക്ഷയിൽ നിന്നും നാം ആസ്വദിപ്പിക്കുന്നതാണ്" (ക്വുർആൻ 22:25).

അല്ലാഹുവിനെ മാത്രം ആരാധിക്കുവാനുള്ള കേന്ദ്രമായാണ് അല്ലാഹുവിന്റെ കൽപന പ്രകാരം ഇബ്റാഹീം നബിﷺയും മകൻ ഇസ്മാഈൽ നബിﷺയും കഅ്ബ പടുത്തുയർത്തിയത്: "ഇബ്റാഹീമിന് ആ ഭവനത്തിന്റെ (കഅ്ബയുടെ) സ്ഥാനം നാം സൗകര്യപ്പെടുത്തി കൊടുത്ത സന്ദർഭം (ശ്രദ്ധേയമത്രെ). യാതൊരു വസ്തുവെയും എന്നോട് നീ പങ്കുചേർക്കരുത് എന്നും ത്വവാഫ് (പ്രദക്ഷിണം) ചെയ്യുന്നവർക്ക് വേണ്ടിയും നിന്നും കുനിഞ്ഞും സാഷ്ടാംഗത്തിലായിക്കൊണ്ടും പ്രാർഥിക്കുന്നവർക്ക് വേണ്ടിയും എന്റെ ഭവനം ശുദ്ധമാക്കിവെക്കണം എന്നും (നാം അദ്ദേഹത്തോട് നിർദേശിച്ചു)" (22:26).

ലോക ജനതയോട് ഹജ്ജിനായി വിളംബരം ചെയ്തതും ഇബ്റാഹീം നബിﷺയായിരുന്നു: "(നാം അദ്ദേഹത്തോട് പറഞ്ഞു:) ജനങ്ങൾക്കിടയിൽ നീ തീർത്ഥാടനത്തെ പറ്റി വിളംബരം ചെയ്യുക. നടന്നുകൊണ്ടും വിദൂരമായ സകല മലമ്പാതകളിലൂടെയും വരുന്ന എല്ലാവിധ മെലിഞ്ഞ ഒട്ടകങ്ങളുടെ പുറത്ത് കയറിയും അവർ നിന്റെയടുത്ത് വന്നു കൊള്ളും" (22:27).

ഹജ്ജുമായി ബന്ധപ്പെട്ട സുപ്രധാന കർമമാണ് ബലിയറുക്കൽ. മൃഗങ്ങളെ അറുക്കുന്നതും മാംസം തിന്നുന്നതും പാപമാണ്, മാംസം തിന്നാൽ ക്യാൻസർ പോലുള്ള രോഗങ്ങളുണ്ടാകും എന്നൊക്കെയുള്ള പ്രചാരണം ചിലർ നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. ചില മുസ്‌ലിം നാമധാരികളും അത് വിശ്വസിച്ച് അതിന്റെ പ്രചാരകരായി മാറുന്നുണ്ട് എന്നത് ഖേദകരമാണ്. മനുഷ്യർക്ക് വേണ്ടിയാണ് അല്ലാഹു എല്ലാം പടച്ചിട്ടുള്ളത്. മനുഷ്യർക്ക് ദോഷകരമായ ഒരു കാര്യം അല്ലാഹു കൽപിക്കുകയില്ലല്ലോ. എന്തും അമിതമാകുന്നതാണ് പ്രശ്നം. ഒന്നിലും അമിതമാകരുതെന്ന് അല്ലാഹു കൽപിക്കുന്നുമുണ്ട്.

"അവർക്ക് പ്രയോജനകരമായ രംഗങ്ങളിൽ അവർ സന്നിഹിതരാകുവാനും അല്ലാഹു അവർക്ക് നൽകിയിട്ടുള്ള നാൽകാലി മൃഗങ്ങളെ നിശ്ചിത ദിവസങ്ങളിൽ അവന്റെ നാമം ഉച്ചരിച്ചുകൊണ്ട് ബലികഴിക്കാനും വേണ്ടിയത്രെ അത്. അങ്ങനെ അവയിൽ നിന്ന് നിങ്ങൾ തിന്നുകയും പരവശനും ദരിദ്രനുമായിട്ടുള്ളവന് ഭക്ഷിക്കാൻ കൊടുക്കുകയും ചെയ്യുക"(22:28).

അല്ലാഹു പവിത്രത നൽകിയ യാതൊന്നിനെയും അനാദരിക്കുവാൻ പാടില്ല. മതചിഹ്നങ്ങളെ അനാദരിക്കൽ ധർമനിഷ്ഠക്ക് വിരുദ്ധമായ കാര്യമാണ്: "അത് (നിങ്ങൾ ഗ്രഹിക്കുക) അല്ലാഹു പവിത്രത നൽകിയ വസ്തുക്കളെ വല്ലവനും ബഹുമാനിക്കുന്ന പക്ഷം അത് തന്റെ രക്ഷിതാവിന്റെ അടുക്കൽ അവന്ന് ഗുണകരമായിരിക്കും..."(22:30).

"അത്, (നിങ്ങൾ ഗ്രഹിക്കുക) വല്ലവനും അല്ലാഹുവിന്റെ മതചിഹ്നങ്ങളെ ആദരിക്കുന്ന പക്ഷം തീർച്ചയായും അത് ഹൃദയങ്ങളിലെ ധർമനിഷ്ഠയിൽ നിന്നുണ്ടാകുന്നതത്രെ" (22:32).

ഹജ്ജിന്റെ ആത്മാവ് ഏകദൈവാരാധനയാണ്. ലബ്ബൈക ചൊല്ലുന്ന വിശ്വാസികൾ ഉറക്കെ പ്രഖ്യാപിക്കുന്നത് അല്ലാഹുവിന്റെ ഏകത്വമാണ്. അതിൽ നിന്ന് വ്യതിചലിക്കുന്നവൻ നാശത്തിലായിരിക്കും ചെന്ന് ചാടുന്നത്: "വക്രതയില്ലാതെ (ഋജുമാനസരായി) അല്ലാഹുവിലേക്ക് തിരിഞ്ഞവരും അവനോട് യാതൊന്നും പങ്കുചേർക്കാത്തവരുമായിരിക്കണം (നിങ്ങൾ). അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്ന പക്ഷം അവൻ ആകാശത്തു നിന്ന് വീണത് പോലെയാകുന്നു. അങ്ങനെ പക്ഷികൾ അവനെ റാഞ്ചിക്കൊണ്ടു പോകുന്നു. അല്ലെങ്കിൽ കാറ്റ് അവനെ വിദൂരസ്ഥലത്തേക്ക് കൊണ്ടുപോയി തള്ളുന്നു" (22:31).

**-ആർ.എം.ഇബ്റാഹീം, വെളുത്തൂർ**

# നവമാധ്യമങ്ങളും 'വാചക പാതകവും'

മനസ്സിൽ മാറാല കെട്ടിയ ചില മനുഷ്യരുണ്ട്. ആ മാറാലയിൽ പൊടിപടലങ്ങളും പ്രാണികളും പറ്റിപ്പിടിച്ചുകൊണ്ടേയിരിക്കും. അങ്ങനെ അത് എപ്പോഴും അശുദ്ധമായിരിക്കും. ഈച്ചയെ പോലെ ആ മനസ്സിന്റെ ഉടമകൾ വൃത്തികേടുകൾ മാത്രം തിരയും. അവയിൽ മാത്രം പോയി ഇരിക്കും. അവയിൽ നിന്ന് പകർന്നെടുക്കും.

പറഞ്ഞു വരുന്നത് നവമാധ്യമങ്ങളെ ദുരുപയോഗം ചെയ്യാൻ വേണ്ടി മാത്രം നടക്കുന്നവരെ കുറിച്ചാണ്. നവമാധ്യമങ്ങളെ നന്മക്കായി ആരെങ്കിലും ഉപയോഗിക്കുന്നത് കണ്ടാൽ ഇക്കൂട്ടർക്ക് സഹിക്കില്ല. ആ നന്മയുടെ ഇത്തിരി വെട്ടത്തെ തല്ലിക്കെടുത്താൻ ഇവർ തുനിഞ്ഞിറങ്ങും. ജനങ്ങളെ ഭീതിയിലാഴ്ത്തുന്ന വാർത്തകൾ ഇവർ പ്രചരിപ്പിക്കും. മത,വർഗീയ ചേരിതിരിവുണ്ടാക്കുന്ന പോസ്റ്റുകളും വ്യാജ വീഡിയോകളും പോസ്റ്റ് ചെയ്യും.

എങ്ങനെയൊക്കെ ഇല്ലാക്കഥകൾ പ്രചരിപ്പിക്കാമെന്ന് ഗവേഷണം നടത്തിക്കൊണ്ടിരിക്കുക മാത്രമാണോ ചിലരുടെ ജോലിയെന്ന് ചിലപ്പോൾ ചിന്തിച്ചുപോകാറുണ്ട്; സോഷ്യൽ മീഡിയകളിലെ ചില പോസ്റ്റുകൾ കാണുമ്പോൾ. അതിന് ഒരു ഉദാഹരണമാണ് ഈയിടെ പ്രത്യക്ഷപ്പെട്ട, ചേർത്തലയിലെ ഒരു ആശുപത്രിയിൽ വാലുള്ള ഒരു കുഞ്ഞ് പിറന്നിരിക്കുന്നുവെന്നും കുഞ്ഞിനെ കാണുവാൻ വൻജനപ്രവാഹമാണ് എന്നുമുള്ള ഒരു പോസ്റ്റ്. വാലുള്ള ഒരു കുഞ്ഞിന്റെ ഫോട്ടോകളും ഉണ്ടായിരുന്നു. എന്നാൽ അത് ഏതോ വിദേശ രാജ്യത്ത് നടന്ന സംഭവമാണെന്ന് അതിന്റെ നിജസ്ഥിതി അന്വേഷിച്ചിറങ്ങിയവർ കണ്ടെത്തി. ഈ കുറിപ്പ് വായിക്കുന്ന ഓരോരുത്തർക്കും ഇത്തരം കബളിപ്പിക്കലിന്റെ വാർത്തകൾ കണ്ടതായും വായിച്ചതായും പറയാനുണ്ടാകും.

ആദർശപരമായ ഏറ്റുമുട്ടലുകൾ സജീവമാണിന്ന് നവമാധ്യമങ്ങളിലൂടെ. മതം, രാഷ്ട്രീയം, യുക്തിവാദം തുടങ്ങി സകല വിഷയങ്ങളിലും വ്യക്തികൾ തമ്മിൽ കൊമ്പുകോർക്കുന്നത് കാണാം. ഖേദകരമെന്നു പറയട്ടെ പലരും തികച്ചും സംസ്കാരശൂന്യമായ രീതിയിലാണ് പ്രതികരിക്കാറുള്ളത്. യാതൊരുവിധ പ്രതിപക്ഷ മര്യാദയും പാലിക്കാതെയുള്ള വിമർശനങ്ങളായിരിക്കും നടത്തുക. ഏറ്റവും വൃത്തികെട്ട വാക്കുകളായിരിക്കും ഇവരിൽനിന്ന് കമന്റുകളായി പുറത്തുവരുന്നത്.

വാക്കുകൾ കൊണ്ട് താൻ ചെയ്യുന്നത് മഹാപാതകമാണെന്നും അവയുണ്ടാക്കുന്ന മുറിവ് ഒരിക്കലും ഉണങ്ങില്ലെന്നും കടുത്ത ശത്രുതക്ക് അവ വഴിവെക്കുമെന്നും ഈ വിവേക ശൂന്യർ ചിന്തിക്കുന്നില്ല.

കഴിഞ്ഞ വർഷമുണ്ടായ വൻപ്രളയ സമയത്ത് ജനങ്ങളെ രക്ഷിക്കുന്നതിൽ സാമൂഹ്യമാധ്യമങ്ങൾ വഹിച്ച പങ്ക് വലിയതാണ്. യുവസമൂഹം മാതൃകാപരമായ പ്രവർത്തനങ്ങളാണ് അന്ന് നേരിട്ടും സാമൂഹ്യമാധ്യമങ്ങൾ വഴിയും നടത്തിയത്. എന്നാൽ അന്നും ചിലർ ആത്മാർഥതയുള്ള ഉദാരമതികളെ ചതിക്കുവാനും അവരുടെ സങ്കടത്തിൽ ആത്മസായൂജ്യമടയുവാനും ശ്രമിച്ചിരുന്നു. ഇന്ന സ്ഥലത്ത് ഇത്ര ആളുകൾ കുടുങ്ങിക്കിടക്കുന്നുണ്ട്, അവർക്ക് ഭക്ഷണം എത്തിക്കാമോ എന്ന് വ്യാജ സന്ദേശമയച്ചു ചിലർ. ചിലർ ഫോൺ ചെയ്ത് പറഞ്ഞു. അത് കേട്ട് വലിയ ചെമ്പു നിറയെ ഭക്ഷണമുണ്ടാക്കി സുമനസ്സുകൾ ചെല്ലുമ്പോൾ ആരെയും കാണാനില്ല. ഫോൺ എടുക്കുന്നുമില്ല. ക്രൂരതയല്ലേ ഇതെല്ലാം?

വ്യാജ വാർത്തകൾ പ്രചരിപ്പിക്കുക, അന്യരുടെ അഭിമാനം വ്രണപ്പെടുത്തുക, ചീത്തവിളിക്കുക, കബളിപ്പിക്കുക...ഇതെല്ലാം ഇസ്‌ലാം വിലക്കിയ തിന്മകളാണ്. സോഷ്യൽ മീഡിയകൾ ഉപയോഗിക്കുന്നവർ വളരെയധികം സൂക്ഷ്മത പുലർത്തേണ്ടതുണ്ട്. എഴുതിവിടുന്നതെന്തെന്ന് നന്നായി ചിന്തിക്കണം. വാക്കുകൾ സൂക്ഷിക്കുക. കാണുന്നതെന്തും ഫോർവേഡ് ചെയ്യുന്ന സ്വഭാവം അപകടമാണ് ക്ഷണിച്ചുവരുത്തുക. ●

ടി.കെ ത്വൽഹത്ത് സ്വലാഹി
tkthalha@gmail.com

ലേഖനം



# കടത്തിലെ അപകടം!

ഇസ്‌ലാം സാമ്പത്തിക വിശുദ്ധിക്ക് വളരെയേറെ പ്രാധാന്യം നൽകുന്ന മതമാണ്. എന്നിട്ടും വിശ്വാസ കാര്യങ്ങളിലും കർമാനുഷ്ഠാനങ്ങളിലും കണിശതയുള്ളവരിൽ പോലും പല രീതിയിലുള്ള സാമ്പത്തിക ക്രമക്കേടുകൾ കണ്ടുവരുന്നു. മോഷണവും പിടിച്ചുപറിയും പലിശയും കൈക്കൂലിയും കൊള്ള ലാഭവുമെല്ലാം തെറ്റാണെന്ന് അറിയുന്നവർ പോലും കടം വാങ്ങുന്നതിൽ പതിയിരിക്കുന്ന അപകടത്തെക്കുറിച്ച് ബോധവാന്മാരല്ല എന്നതാണ് യാഥാർഥ്യം.

സമൂഹത്തിൽ എല്ലാവരും ഒരേ സാമ്പത്തിക നിലവാരമുള്ളവരല്ല എന്നതിനാലും ആവശ്യങ്ങൾ വ്യത്യസ്തമായതിനാലും കടം വാങ്ങേണ്ടി വരിക എന്നത് സ്വാഭാവികമാണ്. ജീവിതത്തിൽ കടം വാങ്ങുകയോ കൊടുക്കുകയോ ചെയ്യാത്തവർ ഉണ്ടാവില്ലെന്ന് തന്നെ പറയാം. ജീവിതഭാരവും ഉത്തരവാദിത്തബോധവും നമ്മെ ചിലപ്പോഴെങ്കിലും കടം വാങ്ങാൻ നിർബന്ധിതരാക്കാറുണ്ട്. അത്കൊണ്ടു തന്നെ കടം വാങ്ങുന്നതും കൊടുക്കുന്നതും ഇസ്‌ലാം അനുവദിച്ച കാര്യമാണ്. എന്നാൽ കടത്തിന്റെ കാര്യത്തിൽ പലരും ഇസ്‌ലാമിക മര്യാദകൾ പാലിക്കാറില്ല എന്നതാണ് ഖേദകരം.

അത്യാവശ്യത്തിനും നിർബന്ധ സാഹചര്യത്തിലും മാത്രം കടംവാങ്ങുന്നതിന് പകരം അനാവശ്യങ്ങൾക്കും വിനോദങ്ങൾക്കും അലങ്കാരങ്ങൾക്കും ആഡംബരത്തിനും തുടങ്ങി ഏതാവശ്യത്തിനും കടം വാങ്ങുന്നവരുണ്ട്. തോന്നുമ്പോഴെല്ലാം കടം വാങ്ങി എപ്പോഴെങ്കിലും തിരിച്ചു കൊടുക്കാം എന്ന് വിചാരിക്കുന്നവർ, പലരിൽ നിന്നും മാറി മാറി കടംവാങ്ങി ആരിൽ നിന്ന് എത്ര വാങ്ങിയിട്ടുണ്ട് എന്ന് അറിയുക പോലും ചെയ്യാത്തവർ, തിരിച്ചുകൊടുക്കാൻ സാധിക്കുന്നതിലേറെ ഭീമമായ സംഖ്യ വാങ്ങുകയോ തിരിച്ചു കൊടുക്കാൻ കഴിഞ്ഞിട്ടും അനാവശ്യമായി നീട്ടിവെക്കുകയോ ചെയ്യുന്നവർ... ഇതെല്ലാം ഇസ്ലാമികാധ്യാപനങ്ങൾക്ക് വിരുദ്ധം തന്നെ. പണം കടംവാങ്ങുന്നതുമായി ബന്ധപ്പെട്ട ഇസ്‌ലാമിന്റെ നിർദേശങ്ങളറിയുന്ന ഒരു സത്യവിശ്വാസി വളരെ ആലോചിച്ച് മാത്രമെ കടം വാങ്ങുകയുള്ളൂ.

മനുഷ്യന്റെ സ്വസ്ഥത തല്ലിക്കെടുത്തുന്ന, സമാധാനം തിന്നുതീർക്കുന്ന അപകടകാരിയാണ് കടം. ബാങ്കുകളിൽ നിന്ന് പലിശയടക്കേണ്ടി വരുന്ന ലോണെടുത്ത് വീടുവെക്കുന്നവർ പിന്നീട് വീടുവിറ്റ് ലോണടക്കേണ്ടി വരുന്ന ദുരവവസ്ഥയിൽ എത്തിപ്പെടുന്നതും നാം കണ്ടുകൊണ്ടിരിക്കുന്നു. വിശുദ്ധ ക്വുർആനിലെ ഏറ്റവും വലിയ സൂക്തം തന്നെ (അൽബക്വറ: 282) കമിടപാടിനെക്കുറിച്ചുള്ളതാണ്.

കടം എത്ര ഗൗരവമുള്ള വിഷയമാണെന്നറിയാൻ താഴെ പറയുന്ന ഇസ്‌ലാമികാധ്യാപനങ്ങൾ കാണുക:

### നബിﷺ ഏറ്റവുമധികം രക്ഷതേടിയ കാര്യം

നബിﷺ നിരന്തരമായി അല്ലാഹുവിനോട് കടബാധ്യതയിൽ നിന്ന് കാവലിനെ ചോദിച്ചിരുന്നു. ഒരു ഹദീഥ് കാണുക: ആഇശ(റ)യിൽ നിന്ന് നിവേദനം: "പ്രവാചകൻﷺ നമസ്കാരത്തിൽ പാപങ്ങളിൽ നിന്നും കടബാധ്യതകളിൽ നിന്നും അല്ലാഹുവിനോട് രക്ഷ ചോദിച്ചിരുന്നു: 'അല്ലാഹുവേ, പാപങ്ങളിൽ നിന്നും കടക്കാരനാകുന്നതിൽ നിന്നും നിന്നോട് ഞാൻ അഭയം തേടുന്നു.' ഇത് കേട്ട ഒരാൾ ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, എന്തിനാണ് താങ്കൾ കടബാധ്യതയിൽ നിന്ന് ഇത്രയധികം രക്ഷതേടുന്നത്?' അപ്പോൾ നബിﷺ പറഞ്ഞു: 'ഒരാൾ കടത്തിലകപ്പെട്ടാൽ അവൻ സംസാരിക്കുമ്പോൾ കളവ് പറയുകയും വാഗ്ദത്തം ചെയ്താൽ ലംഘിക്കുകയും ചെയ്യും'' (ബുഖാരി).

### ഗൗരവമുള്ള താക്കീത്

മുഹമ്മദ്ബ്നു ജഹ്ശ്(റ)വിൽ നിന്ന് നിവേദനം: "ഞങ്ങൾ നബിﷺയുടെ കൂടെ ഇരിക്കുകയായിരുന്നു. അപ്പോൾ അവിടുന്ന് തന്റെ തല ആകാശത്തേക്ക് ഉയർത്തുകയും തന്റെ കൈ നെറ്റിയിൽ വെച്ച് ഇപ്രകാരം പറയുകയും ചെയ്തു: 'അല്ലാഹു എത്ര പരിശുദ്ധൻ, എത്ര ഗൗരവമുള്ള കാര്യമാണ് ഈ ഇറക്കപ്പെട്ടത്!' (മുഹമ്മദ്ബ്നു ജഹ്ശ്(റ) പറയുന്നു:) 'ഞങ്ങൾ അപ്പോൾ അതിനെക്കുറിച്ച് ചോദിച്ചില്ല. പിറ്റേന്ന് ഞാൻ ചോദിച്ചു: 'പ്രവാചകരേ, എന്താണ് (താങ്കൾ പറഞ്ഞ) ആ കനത്ത താക്കീത്?' അപ്പോൾ തിരുനബിﷺ പറഞ്ഞു: 'എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവൻ തന്നെ സത്യം, ഏതെങ്കിലും ഒരാൾ അല്ലാഹുവിന്റെ മാർഗത്തിൽ കൊല്ലപ്പെടുകയും വീണ്ടും ജീവിക്കുകയും വീണ്ടും കൊല്ലപ്പെടുകയും വീണ്ടും ജീവിക്കുകയും വീണ്ടും കൊല്ലപ്പെടുകയും പിന്നീട് അയാൾ കടമുള്ളവനായിരിക്കെ കൊല്ലപ്പെടുകയും ചെയ്താൽ അയാളിൽ നിന്ന് ആ കടം വീട്ടപ്പെടാതെ അയാൾ സ്വർഗത്തിൽ പ്രവേശിക്കുകയില്ല" (നസാഈ).

### കടമുണ്ടെങ്കിൽ രക്തസാക്ഷിക്കു പോലും പൊറുത്തു കൊടുക്കില്ല

എല്ലാ പാപങ്ങളും പൊറുത്ത് കിട്ടുന്ന രക്തസാക്ഷിക്ക് പോലും കടം പൊറുക്കപ്പെടില്ലെന്നുള്ളത് എത്രമാത്രം ഗൗരവകരമാണ്! അബ്ദുല്ല(റ)യിൽ നിന്ന് നിവേദനം; പ്രവാചകൻﷺ പറഞ്ഞു: "കടം ഒഴിച്ചുള്ള എല്ലാ പാപങ്ങളും രക്തസാക്ഷിക്ക് അല്ലാഹു പൊറുത്തു കൊടുക്കും" (മുസ്‌ലിം: 1886).

### മയ്യിത്ത് നമസ്കാരത്തിൽ നിന്ന് നബിﷺ മാറിനിന്നു!

അബൂഹുറയ്‌റ(റ)യിൽ നിന്നും നിവേദനം: "ഒരു മയ്യിത്ത് ഹാജരാക്കപ്പെട്ടാൽ നബിﷺ ചോദിക്കുമായിരുന്നു: 'ഇയാൾക്ക് കടമുണ്ടോ?' 'ഇല്ല' എന്ന് പറഞ്ഞാൽ നബിﷺ മയ്യിത്ത് നമസ്കരിക്കും. ഉണ്ടെന്നറിഞ്ഞാൽ മുസ്‌ലിംകളോട് പ്രവാചകൻﷺ ഇപ്രകാരം പറയും: 'നിങ്ങൾ നിങ്ങളുടെ കൂട്ടുകാരന് വേണ്ടി നമസ്കരിച്ചുകൊള്ളുക" (ബുഖാരി).

ജാബിറിൽ(റ) നിന്നുള്ള നിവേദനത്തിൽ ഇപ്രകാരം കാണാം: "...അങ്ങനെ നമസ്കരിക്കാനായി ജനാസയുടെ നേരെ കുറച്ച് കാലടികൾ വെച്ചുകൊണ്ട് വന്നു. പിന്നെ തിരുമേനി ചോദിച്ചു: 'നിങ്ങളുടെ കൂട്ടുകാരന് ഒരുപക്ഷേ, കടം ഉണ്ടായേക്കാം.' അപ്പോൾ അവർ പറഞ്ഞു: 'അതെ, രണ്ട് ദീനാർ.' അപ്പോൾ നബിﷺ അവിടെ നിന്നും പിന്തിരിഞ്ഞു. അബൂക്വതാദ എന്ന് പേരുള്ള ഒരാൾ ഞങ്ങളിൽ നിന്ന് എഴുന്നേറ്റ് പറയുകയുണ്ടായി: 'പ്രവാചകരേ, അത് ഞാൻ ഏറ്റെടുത്തുകൊള്ളാം.' അപ്പോൾ തിരുമേനി പറഞ്ഞു: 'ആ രണ്ട് ദിനാർ നിന്റെ

സമ്പത്തിൽ നിന്നും നീ വീട്ടണം. മയ്യിത്ത് അതിൽ നിന്നും നിരപരാധിയായിരിക്കുന്നു.' അപ്പോൾ അബൂക്വതാദ ‘അതെ എന്ന് മറുപടി പറഞ്ഞു. അങ്ങനെ പ്രവാചകൻ അദ്ദേഹത്തിന് വേണ്ടി നമസ്കരിച്ചു. പിന്നീട് നബി അബൂക്വതാദയെ കണ്ടപ്പോൾ ചോദിച്ചു: ‘മയ്യിത്ത് കടം വീട്ടാതെ പിന്തിപ്പിച്ച ആ രണ്ട് ദീനാർ നീ എന്താണ് ചെയ്തത്?' അദ്ദേഹം മറുപടി പറഞ്ഞു: ‘തിരുദൂതരേ, അദ്ദേഹം ഇന്നലെയല്ലേ മരിച്ചത്?' അടുത്ത ദിവസം കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു: ‘അല്ലയോ പ്രവാചകരേ, ഞാനത് വീട്ടിയിട്ടുണ്ട്.' അപ്പോൾ തിരുമേനി പറയുകയുണ്ടായി: ‘ഇപ്പോഴാണ് അദ്ദേഹത്തിന്റെ(മയ്യിത്തിന്റെ) തൊലി തണുത്തത്” (അഹ്മദ്).

മരണപ്പെട്ടയാളുടെ സ്വത്ത് ഭാഗം ചെയ്യുമ്പോൾ അയാൾക്ക് കടം ഉണ്ടെങ്കിൽ അത് സ്വത്തിൽ നിന്ന് വീട്ടിയെ ശേഷം മാത്രമെ സ്വത്ത് ഭാഗം ചെയ്യാൻ പാടുള്ളൂവെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നുണ്ട്.

**ആത്മാവ് ബന്ധിക്കപ്പെടും**

കടം വീട്ടാത്ത അവസ്ഥയിൽ മരണപ്പെടുകയാണെങ്കിൽ അത് ആരെങ്കിലും കൊടുത്ത് വീട്ടുന്നത് വരെ അവന് അതിന്റെ പേരിൽ ബുദ്ധിമുട്ട് അനുഭവിക്കേണ്ടി വരും.

അബൂഹുറയ്‌റവിൽ നിന്ന് നിവേദനം; നബി പറഞ്ഞു: “കടം വീട്ടുന്നതു വരെ സത്യവിശ്വാസിയുടെ ആത്മാവ് അതുമായി ബന്ധിക്കപ്പെടും” (തുർമുദി)

**കടം മൂലം പ്രയാസപ്പെടാതിരിക്കാൻ പ്രാർഥിക്കണം**

കടം മൂലം പ്രയാസപ്പെടാതിരിക്കാൻ നിരന്തരമായി നാം പ്രാർഥിക്കേണ്ടതാണ്. നബി ഇപ്രകാരം പ്രർഥിക്കാറുണ്ടായിരുന്നു:

“അല്ലാഹുവേ, മനോവേദനയിൽനിന്നും ദുഃഖത്തിൽ നിന്നും അശക്തിയിൽ നിന്നും അലസതയിൽ നിന്നും ലുബ്ധതയിൽ നിന്നും കടം അധികരിക്കുന്നതിൽ നിന്നും മനുഷ്യരുടെ ബലപ്രയോഗത്തിൽനിന്നും തീർച്ചയായും ഞാൻ നിന്നോടു രക്ഷതേടുന്നു” (തുർമിദി).

**കടമില്ലാതിരിക്കൽ സൗഭാഗ്യമാണ്**

“ആരെങ്കിലും അഹങ്കാരത്തിൽ നിന്നും വഞ്ചനയിൽ നിന്നും കടത്തിൽ നിന്നും ഒഴിവായിരിക്കെ മരണപ്പെട്ടാൽ അവൻ സ്വർഗത്തിൽ പ്രവേശിച്ചിരിക്കുന്നു” എന്ന് നബി പറയുകയുണ്ടായി” (തുർമുദി).

**വേഗത്തിൽ വീട്ടാൻ പരിശ്രമിക്കണം**

കടബാധ്യതയുള്ളവർ കൃത്യമായി അത് എഴുതി വെക്കുകയും അവധി തെറ്റിക്കാതെ തിരിച്ചു കൊടുക്കയും ചെയ്യേണ്ടതാണ്. ക്വുർആൻ പറയുന്നു: “സത്യവിശ്വാസികളേ, ഒരു നിശ്ചിത അവധിവെച്ചു കൊണ്ട് നിങ്ങൾ അന്യോന്യം വല്ല കടമിടപാടും നടത്തിയാൽ നിങ്ങൾ അത് എഴുതി വെക്കേണ്ടതാണ്...” (അൽ ബകറ: 282)

അവധി എത്തിക്കഴിഞ്ഞ് കടംതന്ന ആൾ ചോദിച്ചുവരുന്ന സാഹചര്യമുണ്ടാക്കരുത്. കടംവീട്ടാൻ പറ്റാത്ത സാഹചര്യമാണെങ്കിൽ കാലാവധി നീട്ടിത്തരാൻ കടം തന്നയാളോട് അപേക്ഷിക്കുകയാണ് വേണ്ടത്. അല്ലാത്തപക്ഷം അവൻ കളവ് പറയാൻ നിർബന്ധിതനാകും. അതുണ്ടായിക്കൂടാ. കടം തിരിച്ച് കൊടുക്കേണ്ട അവധി എത്തിക്കഴിഞ്ഞിട്ടും തിരിച്ച് കൊടുത്തില്ലെങ്കിൽ കടം നൽകിയവന് അത് തിരികെ ചോദിക്കാൻ അവകാശമുണ്ട്.

അബൂഹുറയ്‌റയിൽ നിന്ന് നിവേദനം: “ഒരാൾ നബിയുടെ അടുത്ത് വന്ന് തന്റെ കടം വീട്ടാൻ ആവശ്യപ്പെട്ടു. അയാൾ വളരെ പരുഷമായി സംസാരിച്ചു. അത് നബിയുടെ സ്വഹാബികൾക്ക് മനഃപ്രയാസമുണ്ടാക്കി. അപ്പോൾ നബി പറഞ്ഞു: ‘നിങ്ങൾ അയാളെ വിട്ടേക്കുക, അവകാശിക്ക് സംസാരിക്കാൻ അധികാരമുണ്ട്” (ബുഖാരി).

കടം തിരിച്ചു കൊടുക്കുമ്പോൾ തന്നതിൽ നിന്ന് കുറച്ച് കൂടുതൽ കൊടുക്കൽ നല്ലതാണ്. എന്നാൽ കടം കൊടുത്ത ആൾ അത് പ്രതീക്ഷിക്കുകയോ അത് പ്രതീക്ഷിച്ചുകൊണ്ട് പണം കടം കൊടുക്കുകയോ ചെയ്യാൻ പാടില്ല.

ജാബിറുബ്‌നു അബ്ദില്ല പറയുന്നു: “നബി ദുഹാ സമയത്ത് പള്ളിയിലിരിക്കുമ്പോൾ ഞാൻ അവിടെ

**കടം വാങ്ങേണ്ടി വരിക എന്നത് സ്വാഭാവികമാണ്. ജീവിതത്തിൽ കടം വാങ്ങുകയോ കൊടുക്കുകയോ ചെയ്യാത്തവർ ഉണ്ടാവില്ലെന്ന് തന്നെ പറയാം. ജീവിതഭാരവും ഉത്തരവാദിത്തബോധവും നമ്മെ ചിലപ്പോഴെങ്കിലും കടം വാങ്ങാൻ നിർബന്ധിതരാക്കാറുണ്ട്. അത്കൊണ്ടു തന്നെ കടം വാങ്ങുന്നതും കൊടുക്കുന്നതും ഇസ്‌ലാം അനുവദിച്ച കാര്യമാണ്. എന്നാൽ കടത്തിന്റെ കാര്യത്തിൽ പലരും ഇസ്‌ലാമിക മര്യാദകൾ പാലിക്കാറില്ല എന്നതാണ് ഖേദകരം.**

ചെന്നു. അപ്പോൾ നബിﷺ പറഞ്ഞു: 'രണ്ടു റക്അത്ത് നമസ്കരിക്കൂ.' അവിടുന്ന് എനിക്ക് കടം തിരിച്ചുതരാനുണ്ടായിരുന്നു. അപ്പോൾ എനിക്ക് അത് തിരിച്ചുതന്നു, കുറച്ചു കൂടുതലും തന്നു..."(ബുഖാരി).

കൊടുത്തു വീട്ടാൻ ഉദ്ദേശമില്ലാതെ കടം വാങ്ങൽ വലിയ കുറ്റമാണ്. ഒരു ഹദീഥിൽ ഇങ്ങനെ കാണാം:

അബൂഹുറയ്റ‎ﷺയിൽ നിന്ന് നിവേദനം; നബിﷺ അരുളി: "കൊടുത്തുവീട്ടണമെന്നുദ്ദേശിച്ചു കൊണ്ട് ജനങ്ങളോട് വല്ലവനും ധനം കടംവാങ്ങിയാൽ അവന്നു വേണ്ടി അല്ലാഹു അതു കൊടുത്തുവീട്ടും. അതിനെ തിരിച്ചുകൊടുക്കണമെന്ന ഉദ്ദേശമില്ലാതെ വല്ലവനും കടം വാങ്ങിയാൽ അല്ലാഹു അവനെ നശിപ്പിച്ചു കളയും" (ബുഖാരി).

**കടം വീടാൻ പ്രാർഥിക്കണം**

കടം വീട്ടാൻ പ്രയാസപ്പെടുന്നവർ അത് വീട്ടിക്കിട്ടുന്നതിന് വേണ്ടി അല്ലാഹുവിനോട് നിരന്തരം പ്രാർഥിക്കേണ്ടതാണ്.

അലിﷺവിന്റെ അടുക്കൽ വന്ന് കടബാധ്യതയെപ്പറ്റി പരാതിപ്പെട്ടവനോട് അദ്ദേഹം പറയുകയുണ്ടായി: 'ഒരാൾക്ക് (മക്കയിലെ) സ്വയ്റ് മലയോളം വലുപ്പത്തിൽ കടബാധ്യത ഉണ്ടെങ്കിലും അത് അല്ലാഹു വീട്ടിത്തരുവാനുള്ള ഒരു വചനം നബിﷺ പഠിപ്പിച്ചിട്ടുണ്ട്. നീ ഇപ്രകാരം പറയുക: 'അല്ലാഹുവേ, നീ അനുവദനീയമാക്കിയത് കൊണ്ട് എനിക്ക് തൃപ്തി (മതി) വരുത്തി, നീ നിഷിദ്ധമാക്കിയതിൽ നിന്ന് എന്നെ വിട്ടുനിർത്തേണമേ.  നിന്റെ ഔദാര്യം കൊണ്ട് എനിക്ക് സമൃദ്ധി വരുത്തി, നീയല്ലാത്തവരിൽ നിന്ന് എന്നെ വിട്ടുനിർത്തേണമേ" (തുർമുദി).

പ്രാർഥിച്ചാൽ മാത്രം പോരാ, പ്രവർത്തിക്കുകയും വേണമെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. ധർമനിഷ്ഠ പാലിക്കുന്നവർക്കേ അല്ലാഹുവിന്റെ സഹായം കിട്ടുകയുള്ളൂ.

**കടം വീട്ടാൻ സഹായിക്കുക,**
**ഇളവ് ചെയ്തു കൊടുക്കുക**

കടം വാങ്ങൽ ഇത്ര ഗൗരവുമുള്ള കാര്യമാണെങ്കിലും കടം നൽകൽ വലിയ പുണ്യകർമമാണ്.

നബിﷺ പറഞ്ഞു: "ആരെങ്കിലും ഒരു പ്രയാസപ്പെടുന്നവന് എളുപ്പമാക്കിക്കൊടുത്താൽ അല്ലാഹു അവന് ഇഹലോകത്തിലും പരലോകത്തിലും എളുപ്പം നൽകും" (മുസ്ലിം).

കടക്കാരന് കടംവീട്ടുവാൻ സാധിക്കാത്തവിധം ഞെരുക്കം ബാധിച്ചാൽ, അതിനുള്ള സൗകര്യം ഉണ്ടാകുന്നതുവരെ അവനെ ബുദ്ധിമുട്ടിക്കാതെ ഒഴിവുകൊടുക്കുന്നവന് അല്ലാഹു നല്ല പ്രതിഫലം നൽകുന്ന കാര്യമാണ്. ചില നബിവചനങ്ങൾ കാണുക:

ഹുദൈഫﷺ നിവേദനം; നബിﷺ അരുളി: "നിങ്ങൾക്ക് മുമ്പ് കഴിഞ്ഞ ജനതയിലൊരാളുടെ ആത്മാവിനെ മലക്കുകൾ ഏറ്റുവാങ്ങി. അവർ പറഞ്ഞു: 'നീ വല്ല നന്മയും പ്രവർത്തിച്ചിട്ടുണ്ടോ?' 'ഞെരുക്കക്കാരായ കടക്കാർക്ക് അവധി കൊടുക്കാനും പണക്കാരായ കടക്കാരോട് വിട്ടുവീഴ്ച കാണിക്കാനും ഞാനെന്റെ കാര്യസ്ഥന്മാരോട് കൽപിക്കാറുണ്ടായിരുന്നു' എന്ന് അയാൾ മറുപടി പറഞ്ഞു. അതിനാൽ അല്ലാഹു അയാളുടെ പാപങ്ങൾ മാപ്പ് ചെയ്തുകൊടുത്തു" (ബുഖാരി).

അബൂക്വതാദﷺ അദ്ദേഹത്തിന്റെ ഒരു കടക്കാരനെ തേടിച്ചെല്ലുമ്പോൾ കടക്കാരൻ വെളിക്കുവരാതെ ഒളിച്ചിരിക്കുകയുണ്ടായി. ഒരിക്കൽ അവർ തമ്മിൽ കണ്ടുമുട്ടി. 'ഞാൻ ഞെരുക്കക്കാരനാണ്, എനിക്ക് കടം തന്നു തീർക്കുവാൻ കഴിവില്ല' എന്ന് അദ്ദേഹം അറിയിച്ചു. അപ്പോൾ അബൂക്വതാദﷺ ചോദിച്ചു: 'അല്ലാഹുവിൽ സത്യമായും അതെയോ?' കടക്കാരൻ ഉത്തരം പറഞ്ഞു: 'അല്ലാഹുവാണെ സത്യം, അതെ.' അപ്പോൾ അബൂക്വതാദﷺ കരഞ്ഞ് കൊണ്ട് പറഞ്ഞു: 'അന്ത്യനാളിലെ ദുഃഖങ്ങളിൽ നിന്ന് അല്ലാഹു തന്നെ രക്ഷപ്പെടുത്തുന്നത് ആർക്കെങ്കിലും സന്തോഷമാണെങ്കിൽ, അവൻ ഞെരുക്കക്കാരന് ആശ്വാസം നൽകുകയോ അവന് വിട്ടുകൊടുക്കുകയോ ചെയ്തുകൊള്ളട്ടെ എന്ന് റസൂൽﷺ പറയുന്നത് ഞാൻ കേട്ടിരിക്കുന്നു" (മുസ്ലിം).

അബൂഹുറയ്റﷺയിൽ നിന്ന് നിവേദനം; നബിﷺ അരുളി: "ഒരു കച്ചവടക്കാരൻ ജനങ്ങൾക്ക് കടം കൊടുക്കാറുണ്ടായിരുന്നു. അയാൾ ഞെരുക്കക്കാരനെ കണ്ടാൽ തന്റെ കാര്യസ്ഥന്മാരോടു പറയും: 'നിങ്ങൾ അയാൾക്ക് വിട്ടുവീഴ്ച നൽകുവിൻ; അല്ലാഹു എനിക്കും വിട്ടുവീഴ്ച നൽകിയേക്കാം.' അപ്പോൾ അല്ലാഹു അദ്ദേഹത്തിന്ന് വിട്ടുവീഴ്ച നൽകി" (ബുഖാരി).

ക്വുർആൻ പറയുന്നത് കാണുക:"... ഇനി (കടം വാങ്ങിയവരിൽ) വല്ല ഞെരുക്കക്കാരനും ഉണ്ടായിരുന്നാൽ (അവന്ന്) ആശ്വാസമുണ്ടാകുന്നത് വരെ ഇടകൊടുക്കേണ്ടതാണ്. എന്നാൽ നിങ്ങൾ ദാനമായി (വിട്ടു) കൊടുക്കുന്നതാണ് നിങ്ങൾക്ക് കൂടുതൽ ഉത്തമം; നിങ്ങൾ അറിവുള്ളവരാണെങ്കിൽ.." (അൽ ബകറ:280).

നബീൽ പയ്യോളി
nabeelpayyoly@gmail.com

കവർ സ്റ്റോറി



# ആത്മഹത്യ പ്രശ്നമോ പരിഹാരമോ?

**ആത്മഹത്യാനിരക്ക് മുമ്പെങ്ങുമില്ലാത്ത വിധം കൂടിക്കൊണ്ടിരിക്കുകയാണ്. വിദ്യാർഥികൾ മുതൽ വയോധികർ വരെ പ്രശ്നങ്ങളിൽ നിന്ന് രക്ഷ നേടാൻ ആത്മഹത്യയിൽ അഭയം കണ്ടെത്തുന്ന സ്ഥിതിവിശേഷം സംജാതമായിരിക്കുന്നു. പ്രശ്നങ്ങളെ ധീരമായി നേരിടുന്നതിന് പകരം ജീവിതത്തിൽ നിന്ന് തന്നെ ഒളിച്ചോടാൻ ശ്രമിക്കുന്നത് ഭീരുത്വവും പ്രശ്നങ്ങൾ സങ്കീർണമാക്കലുമാണ്.**

കഴിഞ്ഞ ഏതാനും ആഴ്ചകളായി മലയാളികളുടെ പ്രധാന ചർച്ചാവിഷയം ആത്മഹത്യയാണ്. അന്നംതേടി പിറന്ന നാടും വീടും കുടുബവും വിട്ട് വിദേശത്തക്ക് ചേക്കേറിയ ഒരു പ്രവാസി സ്വന്തം നാട്ടിൽ ഒരു ബിസിനസ്സ് സംരംഭം ആരംഭിക്കാൻ തന്റെ മുഴുവൻ സമ്പാദ്യവും ചെലവഴിച്ചു. എന്നാൽ ആരുടെയൊക്കെയോ ക്രൂരമായ മനസ്സിന് മുമ്പിൽ തന്റെ സ്വപ്നങ്ങൾ തകർന്നടിയുന്നു എന്ന യാഥാർഥ്യം ആ മനുഷ്യനെ ആത്മഹത്യയിലേക്ക് തള്ളിവിട്ടു. വിവാഹാഭ്യർഥന നിരസിച്ച പൊലീസുകാരിയെ തീ കൊളുത്തി കൊന്നത് സഹപ്രവർത്തകനായിരുന്ന പൊലീസുകാരൻ. അവളെ കൊന്ന് ആത്മഹത്യ ചെയ്യാനായിരുന്നു തന്റെ തീരുമാനം എന്നായിരുന്നത്രെ ആ പൊലീസുകാരന്റെ മൊഴി. കഴുത്ത് മുറിച്ച് ആത്മഹത്യയ്ക്ക് ശ്രമിച്ച 18 കാരൻ ചികിത്സയിലായിരിക്കെ ആശുപത്രി കെട്ടിടത്തിന് മുകളിൽ നിന്നും ചാടി ആത്മഹത്യ ചെയ്തതിന്റെ വാർത്ത ഞെട്ടലോടെയാണ് നാം കേട്ടത്. മാതാപിതാക്കൾ വിദേശത്ത്. നല്ല സാമ്പത്തിക ചുറ്റുപാട്.

പഠിക്കാൻ മിടുമിടുക്കൻ. എന്നിട്ടും അവൻ ഇളം വയസ്സിലേ മരണത്തെ പുൽകി. കാമുകി മറ്റൊരാളെ വിവാഹം ചെയ്യാൻ തീരുമാനിച്ചതിൽ മനംനൊന്ത് ഫേസ്ബുക്കിൽ ലൈവ് നൽകി ഒരു ചെറുപ്പക്കാരൻ ആത്മഹത്യ ചെയ്തതും കഴിഞ്ഞ ദിവസമാണ്. കാർഷിക മേഖലയിലെ തകർച്ച, ബാങ്ക് ജപ്തി ഭീഷണി, കുടുംബ കലഹം തുടങ്ങി പല കാരണങ്ങളാലും കുറെ പേർ നമ്മുടെ മലയാള മണ്ണിൽഅടുത്ത കാലത്ത് ആത്മഹത്യയിൽ അഭയം തേടി! പരീക്ഷയിൽ തോറ്റതിനാൽ ആത്മഹ്യ ചെയ്യുന്ന കുട്ടികളുടെ എണ്ണവും വർധിച്ചുകൊണ്ടിരിക്കുകയാണ്.

മേലുദ്യോഗസ്ഥന്റെ മാനസിക പീഡനം മൂലം നാടുവിട്ട എറണാകുളം സെൻട്രൽ സി.ഐ. തിരിച്ചു വന്ന് മാധ്യമങ്ങളോട് പറഞ്ഞ കാര്യം ഏറെ ശ്രദ്ധേയമാണ്: 'എനിക്ക് ഒരു തീരുമാനം ഉണ്ടായിരുന്നു; സ്വയം ഇല്ലാതാവുന്ന അവസ്ഥയിലേക്ക് പോവുകയില്ലയെന്ന്. മനഃശാന്തി തേടിയുള്ള യാത്രയിലായിരുന്നു ഞാൻ.'

ആത്മഹത്യയുടെ കാരണങ്ങൾ എന്തെന്നതിന് ഉത്തരമാണ് അദ്ദേഹത്തിന്റെ വാക്കുകൾ. മനഃസംഘർഷം അനുഭവിക്കുന്നവർ അതിൽ നിന്ന് ഒളിച്ചോടാൻ സ്വയം ജീവിതം അവസാനിപ്പിക്കുന്നു!

യഥാർഥത്തിൽ ആത്മാർഥമായി മരിക്കാൻ ആഗ്രഹിക്കുന്നതു കൊണ്ടാണോ ഇവർ ആത്മഹത്യ ചെയ്യുന്നത്? അല്ല എന്നതാകാം വസ്തുത. തങ്ങളുടെ ജീവിതത്തിൽ 'അപ്പോൾ നടന്നുകൊണ്ടിരിക്കുന്നത് എന്തായിരുന്നാലും അത് അവസാനിപ്പിക്കാൻ, അതിൽനിന്ന് രക്ഷ നേടാൻ' മാത്രമാണ് അവർ ആഗ്രഹിക്കുന്നത്. 'ഇനി എനിക്കിതു സഹിക്കാൻ വയ്യ,' 'ഇനി ഞാൻ എന്തിനു ജീവിക്കണം?' എന്നൊക്കെ എഴുതിയ ആത്മഹത്യാ കുറിപ്പുകൾ അതാണ് സൂചിപ്പിക്കുന്നത്.

സ്വന്തം ജീവിതം അവസാനിപ്പിച്ച് മറ്റുള്ളവരെ തോൽപിക്കാം എന്ന് കരുതുന്നവരും ആത്മഹത്യയിൽ അഭയം പ്രാപിക്കുന്നു. ആത്മഹത്യാ പ്രവണതയുള്ളവരെ ചികിത്സിക്കുന്നതിൽ വിദഗ്ധനായ ജപ്പാനിലെ 'ഹിരോഷി ഇനാമൂര' ഇങ്ങനെ എഴുതി: "സ്വന്തം മരണത്തിലൂടെ, തങ്ങളെ പീഡിപ്പിച്ചവരെ ശിക്ഷിക്കാൻ കുട്ടികൾ ആഗ്രഹിക്കുന്നു."

പല രാജ്യങ്ങളിലും മധ്യവയസ്കരിലും വൃദ്ധരിലും ആണ് ആത്മഹത്യാ നിരക്ക് കൂടുതൽ. എന്നാൽ ആത്മഹത്യ ചെയ്യുന്നവരുടെ ആകെ കണക്കെടുത്താൽ 15 വയസ്സിന്റെയും 29 വയസ്സിന്റെയും ഇടയിലുള്ളവരാണത്രെ കൂടുതൽ. കൗമാര പ്രായക്കാരിൽ രണ്ടാമത്തെ പ്രധാന മരണകാരണമാണ് ആത്മഹത്യ. അപകടങ്ങൾ മൂലമുള്ള മരണമാണ് ഈ വിഭാഗത്തിൽ ആത്മഹത്യയെക്കാൾ മുന്നിൽ നിൽക്കുന്നത്. വികസിതരാജ്യങ്ങളിലെ യുവാക്കളിൽ ഏകദേശം 30% മരണങ്ങളും ആത്മഹത്യ മൂലമാണുണ്ടാകുന്നത്.

മനുഷ്യൻ സമാധാനത്തിന് വേണ്ടി നെട്ടോട്ടമോടി ഊരാക്കുടുക്കുകളിൽ കുടുങ്ങി ആത്മാഹുതി ചെയ്യുന്ന പ്രവണത കൂടിവരുന്നു എന്ന് വേണം കരുതാൻ. 'മതത്തിന്റെ വേലിക്കെട്ടുകൾ തല്ലിത്തകർത്ത്' സ്വാതന്ത്ര്യത്തിന്റെ വിഹായസ്സിൽ വട്ടമിട്ട് പറക്കുന്ന പറവകളിലാണ് ആത്മഹത്യ കൂടുതൽ എന്നത് കണക്കുകൾ നമ്മെ ഓർമപ്പെടുത്തുന്നു. സ്വാതന്ത്ര്യത്തിന് കൂച്ചുവിലങ്ങിടുന്ന മതങ്ങളല്ല, സ്വതന്ത്ര ചിന്തയും വ്യക്തിത്വവും ഉള്ള തലമുറയാണ് നാടിന്റെ പുരോഗതിക്കും സമാധാനത്തിനും ആവശ്യമെന്ന് നാഴികക്ക് നാൽപത് വട്ടം പ്രസംഗിക്കുന്ന യുക്തിവാദികൾ ആർക്കിടയിലാണ് ആത്മഹത്യാ നിരക്ക് കൂടുതലെന്ന് പഠിക്കാനൊരുങ്ങണമെന്നാണ് പറയാനുള്ളത്.



**പല രാജ്യങ്ങളിലും മധ്യവയസ്കരിലും വൃദ്ധരിലും ആണ് ആത്മഹത്യാ നിരക്ക് കൂടുതൽ. എന്നാൽ ആത്മഹത്യ ചെയ്യുന്നവരുടെ ആകെ കണക്കെടുത്താൽ 15 വയസ്സിന്റെയും 29 വയസ്സിന്റെയും ഇടയിലുള്ളവരാണത്രെ കൂടുതൽ. കൗമാര പ്രായക്കാരിൽ രണ്ടാമത്തെ പ്രധാന മരണകാരണമാണ് ആത്മഹത്യ. അപകടങ്ങൾ മൂലമുള്ള മരണമാണ് ഈ വിഭാഗത്തിൽ ആത്മഹത്യയെക്കാൾ മുന്നിൽ നിൽക്കുന്നത്. വികസിതരാജ്യങ്ങളിലെ യുവാക്കളിൽ ഏകദേശം 30% മരണങ്ങളും ആത്മഹത്യ മൂലമാണുണ്ടാകുന്നത്.**

ലോകാരോഗ്യ സംഘടനയുടെ 2016ലെ കണക്കുകൾ പ്രകാരം സൗത്ത് അമേരിക്കൻ രാജ്യമായ ഗുയാനയിലാണ് ആത്മഹത്യാ നിരക്ക് ഏറ്റവും കൂടുതൽ. തൊട്ട് താഴെ ആഫ്രിക്കൻ രാജ്യമായ ലെസോത്തോയാണ്. റഷ്യയാണ് മൂന്നാം സ്ഥാനത്ത്. അമേരിക്കൻ, യൂറോപ്യൻ, ആഫ്രിക്കൻ രാജ്യങ്ങൾ ആണ് ആദ്യ പത്തിൽ എട്ടും. നിസ്സീമമായ സ്വാതന്ത്ര്യത്തിന്റെ ആസ്വാദനം തേടിയുള്ള യാത്രയിൽ മദ്യവും മയക്കുമരുന്നും തീർത്ത മായാലോകത്തെ ചതിക്കുഴികൾ മനസ്സിലാക്കാതെ ജീവിതം തകർന്ന അനേകായിരങ്ങൾ ലോകത്തിന്റെ കണ്ണ് തുറപ്പിക്കേണ്ടതുണ്ട് .

ഇന്ത്യൻ പീനൽ കോഡിലെ വകുപ്പ് 309 പ്രകാരം ആത്മഹത്യ കുറ്റകരമായി മുമ്പ് കണക്കാക്കിയിരുന്നു. എന്നാൽ മാനസികരോഗികൾക്കെതിരെ നിലനിൽക്കുന്ന വിവേചനം ഇല്ലാതാക്കാനും അവർക്ക് ആവശ്യമായ വൈദ്യസഹായം ലഭ്യമാക്കാനും വേണ്ടി 2017ൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ ദേശീയ മാനസികാരോഗ്യ നിയമം ഈ വകുപ്പ് റദ്ദാക്കുകയുണ്ടായി

ലോകാരോഗ്യ സംഘടനയുടെ കണക്ക് പ്രകാരം ഇന്ത്യ ആത്മഹത്യാ നിരക്കിൽ 16ാം സ്ഥാനത്താണ് (16.5). നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്ക് പ്രകാരം പോണ്ടിച്ചേരിയിൽ ആണ് ഏറ്റവും കൂടുതൽ ആത്മഹത്യാ നിരക്ക് (43.2). തൊട്ടു പിന്നിൽ ഛത്തീസ്ഘട്ട് (37.5). ആന്റമാൻ നിക്കോബാർ ദ്വീപുകൾ (28.9). രാജ്യത്തെ ഏറ്റവും കുറഞ്ഞ ആത്മഹത്യാ നിരക്ക് ബീഹാറിലാണ് (0.5).

പ്രസ്തുത പട്ടികയിൽ 8ാം സ്ഥാനത്തുള്ള കേരളത്തിൽ നിരക്ക് 21.6 ആണ്. ദേശീയ ശരാശരിയെക്കാൾ ഏകദേശം ഇരട്ടിയോളം വരുമിത്! കേരളത്തിൽ കൊല്ലം ജില്ലയാണ് ആത്മഹത്യ നിരക്കിൽ ഒന്നാം സ്ഥാനത്ത് (40.3). തിരുവനതപുരം (19.3). തൃശൂർ (12.5) ആണ് രണ്ടും മൂന്നും സ്ഥാനത്ത്. മലപ്പുറം ജില്ലയിലാണ് ഏറ്റവും കുറഞ്ഞ നിരക്ക് (3.3).

ലോകാടിസ്ഥാനത്തിൽ തന്നെ മുസ്‌ലിം ഭൂരിപക്ഷ പ്രദേശങ്ങളിൽ താരതമ്യേന ആത്മഹത്യാനിരക്ക് കുറവാണ് ഖത്തർ (5.8), ബഹ്‌റൈൻ (5.7), ഇന്തോനേഷ്യ (3.7), ഒമാൻ(3.5), സുഊദി അറേബ്യ(3.4), ടുണീഷ്യ(3.2), മൊറോക്കോ (3.1), യു.എ.ഇ (2.7), കുവൈറ്റ് (2.2) എന്നിങ്ങനെയാണ് ലോകാരോഗ്യ സംഘടനയുടെ കണക്കുകൾ പറയുന്നത്. പട്ടികയിൽ ഏറ്റവും ഒടുവിലത്തെ ഇടമാണ് പ്രസ്തുത രാജ്യങ്ങൾക്ക് ഉള്ളത് എന്നത് ഏതൊരാളുടെയും ചിന്തയെ തൊട്ടുണർത്തുന്നു.

അതിന് ചില കാരണങ്ങളുണ്ട്. ഒന്നാമത്തേത് ഇസ്‌ലാമിക വിശ്വാസങ്ങളിലെ വിധി വിശ്വാസത്തിന്റെകരുത്ത് തന്നെയാണ്. തന്റെ ജീവിതത്തിൽ സംഭവിക്കുന്ന ഏതൊരു നന്മയും തിന്മയും അല്ലാഹുവിൽ നിന്നാണെന്ന വിശ്വാസം അതിന്റെ അനുയായികൾക്ക് തെല്ലൊന്നുമല്ല ആശ്വാസം നൽകുന്നത്. നന്മയിൽ സന്തോഷിച്ച് തന്റെ നാഥനെ സ്തുതിക്കുവാനും തിന്മയിൽ ക്ഷമിച്ച് നാഥനോട് കാവൽ തേടാനും ഇസ്‌ലാം വിശ്വാസികളെ ഉണർത്തുന്നു.

ഇസ്‌ലാമിക വീക്ഷണത്തിൽ ആത്മഹത്യ എന്നത് ഗുരുതരമായ ഒരു പാപമാണ്. അല്ലാഹു പറയുന്നു: “നിങ്ങൾ നിങ്ങളെത്തന്നെ കൊലപ്പെടുത്തുകയും ചെയ്യരുത്. തീർച്ചയായും അല്ലാഹു നിങ്ങളോട് കരുണയുള്ളവനാകുന്നു. ആരെങ്കിലും അതിക്രമമായും അന്യായമായും അങ്ങനെ ചെയ്യുന്ന പക്ഷം നാമവനെ നരകാഗ്നിയിലിട്ട് കരിക്കുന്നതാണ്. അത് അല്ലാഹുവിന് എളുപ്പമുള്ള കാര്യമാകുന്നു” (4:29,30).

ഒട്ടേറെ പ്രവാചക വചനങ്ങൾ ആത്മഹത്യയുടെ ഗൗരവത്തെ കുറിച്ചും അതിന്റെ ശിക്ഷയെ കുറിച്ചും മുന്നറിയിപ്പ് നൽകുന്നുണ്ട്. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം; നബി(ﷺ) പറഞ്ഞു: ഒരാൾ മലമുകളിൽനിന്ന് ചാടി ആത്മഹത്യ ചെയ്താൽ, അവൻ നരകത്തിൽ വെച്ചും അപ്രകാരം നിത്യവും വീണുകൊണ്ടേയിരിക്കും. വിഷം കഴിച്ച് ആത്മഹത്യ ചെയ്തവൻ നരകത്തിൽ എന്നെന്നും വിഷം കഴിച്ചുകൊണ്ടേയിരിക്കും. അവന്റെ കയ്യിൽ വിഷം എപ്പോഴും ഉണ്ടായിരിക്കും. ഒരാൾ ആയുധം ഉപയോഗിച്ച് സ്വശരീരത്തെ വധിച്ചാൽ അവൻ കാലാകാലവും നരകത്തിൽ വെച്ച് ആയുധംകൊണ്ട് തന്റെ വയറ് കുത്തിക്കീറിക്കൊണ്ടേയിരിക്കും. ആ ആയുധം അവന്റെ കയ്യിൽ എപ്പോഴും ഉണ്ടായിരിക്കും” (സ്വഹീഹുൽ ബുഖാരി).

ഇതെല്ലം വിശ്വാസിയെ ആത്മഹത്യയിൽ നിന്നും പിന്തിരിപ്പിക്കാൻ കാരണമായിത്തത്തീരുന്നു. ലക്ഷ്യബോധം ഇല്ലാത്ത മനുഷ്യർ ജീവിതം വഴിയിലുപേക്ഷിച്ച് ‘രക്ഷപ്പെടാൻ’ ശ്രമിക്കുന്നു. എന്നാൽ ഇസ്‌ലാം മനുഷ്യ സൃഷ്ടിപ്പിന്റെ ലക്ഷ്യവും ആ ലക്ഷത്തിലേക്ക് എത്താനുള്ള മാർഗവും മാനവ സമൂഹത്തിന് വരച്ചു കാണിച്ച് കൊടുത്തു. അത് പ്രായോഗികമാണെന്ന് തന്റെ 23 വർഷത്തെ സംഭവബഹുലമായ ജീവിതത്തിലൂടെ പ്രയോഗവത്കരിച്ച് കാണി

ച്ചു എന്നതാണ് മുഹമ്മദ് നബിﷺയെ ലോകത്തിന് മുന്നിൽ വത്യസ്തനാക്കുന്നത്.

അധാർമികതയുടെ കൂത്തരങ്ങായിരുന്ന ഒരു നാടിനെ ലോകത്തിന്റെ മുഴുവൻ നന്മയുടെ കേന്ദ്രമാക്കിയും അവിടുത്തെ ജനതയെ ലോകജനതക്ക് മാതൃകയാക്കിയതും വിശുദ്ധ ക്വുർആനും പ്രവാചക ചര്യയും വരച്ചുകാണിച്ച ലക്ഷ്യബോധത്തിലൂടെയായിരുന്നു. ഈലോക ജീവിതം നൈമിഷികമാണെന്നും മരണത്തിനപ്പുറമുള്ള യഥാർഥ ജീവിതത്തിന് വേണ്ടി തയ്യാറെടുക്കുക എന്നുമുള്ള ഇസ്‌ലാമികാധ്യാപനം പ്രതിസന്ധികളെ തരണം ചെയ്ത്, നല്ലൊരു നാളേക്ക് വേണ്ടി, ജീവിതത്തെ കൂടുതൽ കരുതലോടെ മുന്നോട്ട് നയിക്കുവാൻ പ്രേരിപ്പിക്കുന്നു.

ആത്മഹത്യയുടെ കാരണങ്ങൾ പലതാണ്. അവ കണ്ടെത്തി ചികിത്സിക്കലാണ് ആവശ്യം. നമുക്ക് ചുറ്റും നടക്കുന്ന ആത്മഹത്യകളിൽ അറിഞ്ഞോ അറിയാതയോ നാം കാരണക്കാരായിക്കൂടാ എന്ന തിരിച്ചറിവാണ് ഇത്തരം ദുരന്തങ്ങളിൽ നിന്ന് സമൂഹത്തെ കരകയറ്റാൻ അടിസ്ഥാനപരമായി ഉണ്ടാവേണ്ടത്,

കുടുംബ ജീവിതത്തിലെ തകർച്ചയാണ് ആത്മഹത്യയുടെ പ്രധാന കാരണമായി പഠനങ്ങൾ തെളിയിക്കുന്നത്. ദേശീയ ശരാശരി 23.7% ആണെങ്കിൽ കേരളത്തിൽ അത് 40.2%. ആണ്!

**ദമ്പതികളോട്**

അല്ലാഹു പറയുന്നു: “മനുഷ്യരേ, നിങ്ങളെ ഒരേ ആത്മാവിൽ നിന്ന് സൃഷ്ടിക്കുകയും, അതിൽ നിന്നുതന്നെ അതിന്റെ ഇണയെയും സൃഷ്ടിക്കുകയും അവർ ഇരുവരിൽ നിന്നുമായി ധാരാളം പുരുഷൻമാരെയും സ്ത്രീകളെയും വ്യാപിപ്പിക്കുകയും ചെയ്തവനായ നിങ്ങളുടെ രക്ഷിതാവിനെ നിങ്ങൾ സൂക്ഷിക്കുവിൻ. ഏതൊരു അല്ലാഹുവിന്റെ പേരിൽ നിങ്ങൾ അന്യോന്യം ചോദിച്ചു കൊണ്ടിരിക്കുന്നുവോ അവനെ നിങ്ങൾ സൂക്ഷിക്കുക. കുടുംബബന്ധങ്ങളെയും (നിങ്ങൾ സൂക്ഷിക്കുക). തീർച്ചയായും അല്ലാഹു നിങ്ങളെ നിരീക്ഷിച്ചു കൊണ്ടിരിക്കുന്നവനാകുന്നു” (ക്വുർആൻ 4:1).



മനുഷ്യന്റെ ഇഹലോക ജീവിതത്തെ അർഥപൂർണമാക്കാൻ അല്ലാഹു സംവിധാനിച്ചതാണ് വിവാഹജീവിതം. ഇണകൾക്കിടയിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ പലപ്പോഴും ആത്മഹത്യയിലേക്ക് നയിക്കുന്നു. ഇരുവരും പരസ്പരം അറിഞ്ഞും കൊണ്ടും കൊടുത്തതും ജീവിതയാത്രയിൽ മുന്നോട്ട് പോകാൻ തയ്യാറാവണം. ദാമ്പത്യ ജീവിതത്തിലെ കയ്പ്പും മധുരവും ആസ്വദിച്ച് ജീവിക്കാൻ തയ്യാറാവുക. അതിലുപരി അല്ലാഹുവിന്റെ വിധിവിലക്കുകൾ ശിരസ്സാവഹിച്ചു മാതൃകാ ജീവിതം നയിക്കുക. എങ്കിൽ നാളെ പരലോകത്തും അവർക്ക് ദമ്പതികളായി അനശ്വര ജീവിതം നയിക്കാനാകും. ആല്ലാഹുവിന്റെ ഈ വാഗ്ദാനം പ്രതിസന്ധികളിൽ തളരാതെ മുന്നോട്ട് ജീവിതം നയിക്കുവാൻ സഹായിക്കുമെന്നതിൽ സംശയമില്ല.

**മാതാപിതാക്കളോട്**

ആത്മഹത്യ ചെയ്യുന്നവരുടെ ആകെ കണക്കെടുത്താൽ 15 മുതൽ 29 വയസ്സിനുള്ളിലുള്ളവരാണ് കൂടുതൽ എന്ന് കാണാനാവും എന്ന് നേരത്തെ സൂചിപ്പിച്ചു. മക്കൾ എന്നത് അല്ലാഹു നമുക്ക് ഒരേ സമയം അനുഗ്രഹവും പരീക്ഷണവുമായി നൽകിയതാണ്.

“നിങ്ങളുടെ സ്വത്തുക്കളും നിങ്ങളുടെ സന്താനങ്ങളും ഒരു പരീക്ഷണമാണെന്നും അല്ലാഹുവിങ്കലാണ് മഹത്തായ പ്രതിഫലമുള്ളതെന്നും നിങ്ങൾ മനസ്സിലാക്കുകയും ചെയ്യുക” (ക്വുർആൻ 8:28).

ആ മക്കളെ ശരിയായ ധാർമിക ചിട്ടയോടെ വളർത്തൽ മാതാപിതാക്കളുടെ കടമയാണ്. അമിത വാത്സല്യവും പാടെ അവഗണിക്കലും മക്കളെ തിന്മയിലേക്ക് നയിക്കാൻ കാരണമാകും. ഈയിടെ കൊല്ലത്ത് ആത്മഹത്യ ചെയ്ത വിദ്യാർഥി മാതാപിതാക്കളുടെ അത്യാഗ്രഹത്തിന്റെ ഇരയാണെന്നാണ് വാർ

ത്ത. തനിക്ക് ഒട്ടും ഇഷ്ടമില്ലാതിരുന്നിട്ടും മാതാപിതാക്കൾ നിർബന്ധിച്ച് രണ്ടാമതും മെഡിക്കൽ എൻട്രൻസ് കോച്ചിങ് സെന്ററിലാക്കിയതാണ് അവനെ ആത്മഹത്യയിലേക്ക് നയിച്ചത്. ഓരോ കുട്ടിക്കും അവരുടെതായ വ്യക്തിത്വവും ഇഷ്ടാനിഷ്ടങ്ങളും ഉണ്ടെന്ന് നാം തിരിച്ചറിയാതെ പോകരുത്. ബലപ്രയോഗത്തിലൂടെ ഒരു കാര്യവും നേടാൻ സാധിക്കുകയില്ലെന്നും സ്നേഹവും ധാർമിക ബോധവും നൽകിയാൽ മാത്രമെ മക്കളെ മാറ്റിയെടുക്കാൻ സാധിക്കുകയുള്ളൂ എന്നുമുള്ള തിരിച്ചറിവ് മാതാപിതാക്കൾക്ക് ഉണ്ടാകണം. പത്ത് വയസ്സ് വരെ കളിയിലൂടെ മാത്രമെ കുട്ടികളെ പഠിപ്പിക്കാൻ പാടുള്ളൂ എന്നാണ് ആധുനിക വിദ്യാഭ്യാസ രീതി നമ്മോട് പറയുന്നത്. ഓരോ കുട്ടിയിലും ഉള്ള കഴിവുകളെ തിരിച്ചറിഞ്ഞ് അതിനെ പ്രോത്സാഹിപ്പിക്കുന്നതിന് പകരം നമ്മുടെ ഇഷ്ടങ്ങൾ അടിച്ചേൽപിക്കാൻ ശ്രമിച്ചാൽ അവർ എന്നെന്നേക്കുമായി നമുക്ക് നഷ്ടപ്പെടും എന്ന തിരിച്ചറിവ് മാതാപിതാക്കൾക്ക് ഉണ്ടാവേണ്ടത് അനിവാര്യമാണ്. ജനിച്ച നാടിനോടും സമൂഹത്തോടും കടപ്പാടും പ്രതിബദ്ധതയുമുള്ളവരായി മക്കളെ വളർത്താൻ മാതാപിതാക്കൾ തയ്യാറാവണം.

അമിത വാത്സല്യവും മക്കളെ തകർക്കും. 'പ്രോബ്ലം സോൾവിങ് സ്കിൽ' എന്നത് ജീവിതത്തിലെ അനുഭവങ്ങളിലൂടെ നേടിയെടുക്കേണ്ട ഒന്നാണ്. പലപ്പോഴും നമ്മുടെ മക്കളെ ചെറിയ പ്രയാസങ്ങളും പ്രശ്നങ്ങളും അനുഭവിക്കാൻ നാം അനുവദിക്കാറില്ല. ഇത് അവരുടെ വക്തിത്വത്തെ കാര്യമായി ബാധിക്കുകയും ചെറിയ പ്രതിസന്ധികളിൽ പോലും പിടിച്ചു നിൽക്കാനാവാത്തവരായി അവർ മാറുകയും ചെയ്യുന്നത് കാണുന്നു. മാതാപിതാക്കൾ തങ്ങളുടെ മക്കളെ വളർത്തുന്ന കാര്യത്തിൽ കാണിക്കുന്ന ഗുരുതരമായ വീഴ്ചയാണ് ഉത്തരം അവസ്ഥയ്ക്ക് കാരണം.

എല്ലാറ്റിനും ഉപരി ഭൗതിക ഭ്രമത്തിനിടയിൽ ധാർമിക മൂല്യങ്ങൾ മക്കൾക്ക് കൈമാറാൻ നാം മറക്കരുത്. ജീവിതത്തിന്റെ ലക്ഷ്യത്തെ കുറിച്ചും മരണാനന്തര ജീവിതത്തെ കുറിച്ചും ദൃഢവിശ്വാസം ഉള്ളവരായി നമ്മുടെ മക്കളെ വളർത്താൻ നാം ശ്രമിക്കുക.

**മക്കളോട്**

അമേരിക്കൻ ഐക്യനാടുകളിൽ 80 വയസ്സിൽ കൂടുതൽ പ്രായമുള്ളവരിലാണ് ആത്മഹത്യാനിരക്ക് ഏറ്റവും ഉയർന്നത് എന്ന പഠനങ്ങൾ നമുക്ക് ചില സന്ദേശങ്ങൾ നൽകണം.

തിരക്കുപിടിച്ച ജീവിതത്തിനിടയിൽ മാതാപിതാക്കൾക്ക് വേണ്ട പരിഗണന നൽകാതിരിക്കുകയും ഒരുവേള അവർ ഒരു ഭാരമാണ് മക്കൾക്ക് എന്ന് തോന്നിത്തുടങ്ങുകയും ചെയുമ്പോൾ ഒന്നുകിൽ വൃദ്ധസദനങ്ങളിലോ വീട്ടിലെ ജയിലുകളിലോ കഴിയേണ്ടി വരുന്ന മാതാപിതാക്കൾ പലപ്പോഴും ജീവിതം അവസാനിപ്പിക്കാൻ ആലോചിക്കുന്നു എന്നതാണ് യാഥാർഥ്യം. അല്ലാഹു അവനെ മാത്രമെ ആരാധിക്കാവൂ എന്ന് പറഞ്ഞതിന്റെ കൂടെ മാതാപിതാക്കൾക്ക് നന്മ ചെയ്യാനും അവരോട് പെരുമാറേണ്ട രീതിയും നമുക്ക് പഠിപ്പിച്ച് തരുന്നുണ്ട്.

“തന്നെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്നും മാതാപിതാക്കൾക്ക് നൻമചെയ്യണമെന്നും നിന്റെ രക്ഷിതാവ് വിധിച്ചിരിക്കുന്നു. അവരിൽ (മാതാപിതാക്കളിൽ) ഒരാളോ അവർ രണ്ട്പേരും തന്നെയോ നിന്റെ അടുക്കൽ വെച്ച് വാർധക്യം പ്രാപിക്കുകയാണെങ്കിൽ അവരോട് നീ ഛെ എന്ന് പറയുകയോ, അവരോട് കയർക്കുകയോ ചെയ്യരുത്. അവരോട് നീ മാന്യമായ വാക്ക് പറയുക” (ക്വുർആൻ 17:23).

നാട്ടിൽ വർധിച്ചുവരുന്ന വൃദ്ധസദനങ്ങൾ പുരോഗതിയുടെ അടയാളമെല്ലെന്നും അത് സമൂഹത്തിലെ മൂല്യച്യുതിയുടെ നേർക്കാഴ്ചയാണെന്നും നാം തിരിച്ചറിയണം.

ചുരുക്കത്തിൽ സമാധാനം നഷ്ടപ്പെടുന്നു, മനഃസംഘർഷം അനുഭവിക്കുന്നു എന്നതാണ് ആത്മഹത്യയിലേക്ക് ഒരാളെ തള്ളിവിടുന്നത്. സാമൂഹ്യ മാധ്യമങ്ങളുടെ അതിപ്രസരം നമ്മുടെ സമാധാനത്തിന് വിഘാതം സൃഷ്ടിക്കുന്നു എന്നതും നമ്മെ അലോസരപ്പെടുത്തുന്നു. സമാധാനത്തിന്റെ വെള്ളരിപ്രാവുകളായി നമുക്ക് മുന്നിൽ പറന്നിറങ്ങുന്ന കൗൺസിലർമാരും ആത്മീയ ചൂഷകരും കപട സ്നേഹിതരും നമ്മെ എന്നെന്നേക്കുമായി അസമാധാനത്തിന്റെ പടുകുഴിയിലേക്ക് തള്ളിയിടുന്നു എന്നതാണ് യാഥാർഥ്യം. സർവത്ര സ്വാർഥത വാഴുന്ന ലോകത്ത് സമാധാനം തേടി അലയുന്നവർക്ക് സമാധാനത്തിന്റെ അമൃതുമായി, ലോകത്തിന് കാരുണ്യമായി അല്ലാഹു നിയോഗിച്ച മുഹമ്മദ് നബിﷺയുടെ ജീവിത സന്ദേശങ്ങൾ വെളിച്ചമാകേണ്ടതുണ്ട്.

“അതായത് വിശ്വസിക്കുകയും അല്ലാഹുവെ പറ്റിയുള്ള ഓർമ കൊണ്ട് മനസ്സുകൾ ശാന്തമായിത്തീരുകയും ചെയ്യുന്നവരെ. ശ്രദ്ധിക്കുക; അല്ലാഹുവെപ്പറ്റിയുള്ള ഓർമ കൊണ്ടത്രെ മനസ്സുകൾ ശാന്തമായിത്തീരുന്നത്” (ക്വുർആൻ 13:28). ●

മുഹമ്മദ് ശമീൽ
mail@nerpatham.com






# മുന്നറിയിപ്പുകൾ അവഗണിക്കാനുള്ളതല്ല

**ക**ഴിഞ്ഞ ഓഗസ്റ്റ് മാസത്തിൽ തണുത്ത കാറ്റായി തുടങ്ങി പിന്നീട് പെയ്തിറങ്ങിയ മഴ നിലക്കാതിരുന്നപ്പോൾ സന്തോഷിച്ച മുഖങ്ങളിൽ പിന്നീട് പടർന്നത് ഭീതിയാണ്. കാലാവസ്ഥ വകുപ്പും സർക്കാരും നൽകിയ മുന്നറിയിപ്പുകളു 'നിറം മാറി വന്ന അലർട്ടു'കളും നമ്മെ ഭയപ്പെടുത്തി. സാഹസിക യാത്രകളിൽ ഹരം കൊണ്ടിരുന്നവർ വീടുകളിൽ നിന്ന് പുറത്തിറങ്ങാതെയായി. പിന്നീട് മുന്നറിയിപ്പുകളായിരുന്നു നമ്മുടെ ജീവിതവും ദുരിതാശ്വാസ ക്യാമ്പുകളിലെ സഹായങ്ങളും നിയന്ത്രിച്ചത് എന്ന് സാങ്കേതികമായി പറയാം.

സമയം, ആരോഗ്യം, ജീവൻ, സമ്പത്ത് തുടങ്ങി വിലപിടിപ്പുള്ളവയുടെ 'നഷ്ടം' സംഭവിക്കാതിരിക്കാനാണ് 'മുന്നറിയിപ്പുകൾ' നൽകുന്നത്. വഴികളിൽ സ്ഥാപിക്കപ്പെട്ട ബോർഡുകളെ അവഗണിച്ച് എത്ര ജീവനുകളാണ് പൊലിഞ്ഞുപോകുന്നത്. ആരോ

ഗ്യവും സമ്പത്തും സമയവും ഒരുപോലെ നഷ്ടപ്പെടുത്തുന്ന ലഹരി എന്ന കൊലയാളിയെക്കുറിച്ച് മുന്നറിയിപ്പുകൾ എത്ര നൽകിയാലും യുവാക്കൾക്കിടയിൽ അതിന്റെ ഉപയോഗം കൂടിവരുന്നു എന്നതാണ് പഠന റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. സിഗരറ്റിന്റെയും ഹാൻസിന്റെയും പായ്ക്കുകളിൽ നൽകിയ ഇത് ക്യാൻസറിന് കാരണമാകുമെന്നമുന്നറിയിപ്പിനെ അവഗണിച്ച് അവ ഉപയോഗിക്കുന്നവർ ഭാവിയിൽ അതിന്റെ ദൂഷ്യഫലം അനുഭവിക്കുമെന്നതിൽ സംശയമില്ല; അല്ലാഹു ഉദ്ദേശിച്ചവരൊഴികെ.

മുന്നറിയിപ്പ് നൽകുന്നവരുടെ അറിവും വിശ്വാസ്യതയും അനുസരിച്ചാണ് മുന്നറിയിപ്പുകൾക്ക് മൂല്യം കൽപിക്കപ്പെടുക. ക്രിസ്താബ്ദം 2000 പിറക്കുന്നതോടെ ലോകം അവസാനിക്കും എന്ന് പ്രവചിച്ചവർഇപ്പോഴും ഈ മണ്ണിൽ വാഴുന്നുണ്ട്; ലോകവും നിലനിൽക്കുന്നുണ്ട്.

ആകാശ ഭൂമികളെ സൃഷ്ടിച്ച് പരിപാലിക്കുന്ന അല്ലാഹു നൽകിയ മുന്നറിയിപ്പുകൾ ഇവയിൽ നിന്നെല്ലാം ഉയർന്ന് നിൽക്കുന്നു. മനുഷ്യനിർമിത നിയമങ്ങളെയും മുന്നറിയിപ്പുകളെയും അനുസരിച്ചാലും സ്രഷ്ടാവ് നൽകിയ മുന്നറിയിപ്പുകളെ അനുസരിക്കില്ല എന്നതാണ് പലരുടെയും നിലപാട്! ജീവിതത്തിൽ ഒരിക്കൽ പോലും കള്ളം പറഞ്ഞിട്ടില്ല എന്ന് ശത്രുക്കൾ പോലും സമ്മതിച്ചിട്ടുള്ള പ്രവാചകന്റെ വാക്കുകളെ നിസ്സാരമാക്കുവാനും പരിഹസിക്കുവാനും മുസ്‌ലിം നാമധാരികളായ ചിലർ ധൃഷ്ടരാകുന്നതും നാം കണ്ടുകൊണ്ടിരിക്കുന്നു.

മനുഷ്യർക്കുള്ള മാർഗദർശനമായ ക്വുർആനിലൂടെ അല്ലാഹു ധാരാളം മുന്നറിയിപ്പുകൾ നൽകിയിട്ടുണ്ട്. മുൻകഴിഞ്ഞ അക്രമികളായ ജനതകളുടെ അവസ്ഥയും അവരുടെമേൽ അല്ലാഹു ഇറക്കിയ ശിക്ഷയും ക്വുർആൻ വിവരിക്കുന്നുണ്ട്. തന്റെ അടിമകൾ മുന്നറിയിപ്പുകളെ കാര്യമായെടുത്ത് നല്ലവരായി ജീവിച്ച് സ്വർഗാവകാശികളായിത്തീരുവാൻ വേണ്ടിയാണ് അല്ലാഹു ഇതെല്ലാം വിവരിച്ചുതന്നിട്ടുള്ളത്.

"(നബിയേ,) പറയുക: നിങ്ങൾ ഭൂമിയിലൂടെ സഞ്ചരിച്ചിട്ട് മുമ്പുണ്ടായിരുന്നവരുടെ പര്യവസാനം എങ്ങനെയായിരുന്നു എന്ന് നോക്കുക. അവരിൽ അധികപേരും ബഹുദൈവാരാധകരായിരുന്നു" (ക്വുർആൻ 30:42).

"തീർച്ചയായും ക്വാറൂൻ മൂസായുടെ ജനതയിൽ പെട്ടവനായിരുന്നു. എന്നിട്ട് അവൻ അവരുടെ നേരെ അതിക്രമം കാണിച്ചു. തന്റെ ഖജനാവുകൾ ശക്തൻമാരായ ഒരു സംഘത്തിനുപോലും ഭാരമാകാൻ തക്കവണ്ണമുള്ള നിക്ഷേപങ്ങൾ നാം അവന് നൽകിയിരുന്നു. അവനോട് അവന്റെ ജനത ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമത്രെ:) നീ പുളകം കൊള്ളേണ്ട. പുളകം കൊള്ളുന്നവരെ അല്ലാഹു തീർച്ചയായും ഇഷ്ടപ്പെടുകയില്ല" (28:76).

അല്ലാഹു നൽകിയ സമ്പത്ത് നല്ലവഴിക്ക് ചെലവഴിക്കാൻ അവനെ ഉപദേശിച്ചു. എന്നാൽ അവൻ ധിക്കാരം തുടരുകയും സമ്പത്ത് എന്റെ സ്വന്തം നിലയ്ക്ക് ലഭിച്ചതാണ് എന്ന് അഹങ്കരിക്കുകയും ചെയ്തു.




**ആകാശ ഭൂമികളെ സൃഷ്ടിച്ച് പരിപാലിക്കുന്ന അല്ലാഹു നൽകിയ മുന്നറിയിപ്പുകൾ ഇവയിൽ നിന്നെല്ലാം ഉയർന്ന് നിൽക്കുന്നു. മനുഷ്യനിർമിത നിയമങ്ങളെയും മുന്നറിയിപ്പുകളെയും അനുസരിച്ചാലും സ്രഷ്ടാവ് നൽകിയ മുന്നറിയിപ്പുകളെ അനുസരിക്കില്ല എന്നതാണ് പലരുടെയും നിലപാട്! ജീവിതത്തിൽ ഒരിക്കൽ പോലും കള്ളം പറഞ്ഞിട്ടില്ല എന്ന് ശത്രുക്കൾ പോലും സമ്മതിച്ചിട്ടുള്ള പ്രവാചകന്റെ വാക്കുകളെ നിസ്സാരമാക്കുവാനും പരിഹസിക്കുവാനും മുസ്‌ലിം നാമധാരികളായ ചിലർ ധൃഷ്ടരാകുന്നതും നാം കണ്ടുകൊണ്ടിരിക്കുന്നു.**

“ഖാറൂൻ പറഞ്ഞു: എന്റെ കൈവശമുള്ള വിദ്യകൊണ്ട് മാത്രമാണ് എനിക്കിതു ലഭിച്ചത്...” (28:77).

അല്ലാഹു ചോദിക്കുന്നു: “...എന്നാൽ അവന്നു മുമ്പ് അവനെക്കാൾ കടുത്ത ശക്തിയുള്ളവരും കൂടുതൽ സംഘബലമുള്ളവരുമായിരുന്ന തലമുറകളെ അല്ലാഹു നശിപ്പിച്ചിട്ടുണ്ടെന്ന് അവൻ മനസ്സിലാക്കിയിട്ടില്ലേ?...” (28:77).

മുന്നറിയിപ്പുകളെ അവഗണിച്ച് നടന്ന അവനെയും അവന്റെ മുഴുവൻ സമ്പത്തിനെയും അല്ലാഹു ഭൂമിയിൽ ആഴ്ത്തിക്കളയുകയാണുണ്ടായത്:

“അങ്ങനെ അവനെയും അവന്റെ ഭവനത്തേയും നാം ഭൂമിയിൽ ആഴ്ത്തികളഞ്ഞു. അപ്പോൾ അല്ലാഹുവിന് പുറമെ തന്നെ സഹായിക്കുന്ന ഒരു കക്ഷിയും അവന്നുണ്ടായില്ല. അവൻ സ്വയം രക്ഷിക്കുന്നവരുടെ കൂട്ടത്തിലുമായില്ല” (28:81).

പൂർവസമൂഹത്തിൽ ഇറങ്ങിയ ശിക്ഷയുടെ മുമ്പ് മുന്നറിയിപ്പായി വന്ന ലക്ഷണം വല്ലതും നേരിൽ കാണുമ്പോൾ നബിﷺ പേടിക്കുകയും അല്ലാഹുവിനോട് പ്രാർഥിക്കുകയും ചെയ്തിരുന്നു.

ആഇശ(റ) പറയുന്നു: “മേഘം കറുത്താൽ നബിﷺ അസ്വസ്ഥനാകുമായിരുന്നു. വീട്ടിലേക്ക് പ്രവേശിക്കുകയും പുറത്തിറങ്ങുകയും ചെയ്യുമായിരുന്നു. ഞാൻ ചോദിച്ചു: ‘പ്രവാചകരേ, ആളുകൾ മഴയുടെ ലക്ഷണം കണ്ട് സന്തോഷിക്കുമ്പോൾ എന്താണ് താങ്കളെ അസ്വസ്ഥമാക്കുന്നത്?’ നബിﷺ പറഞ്ഞു:‘ആഇശാ, മുൻകഴിഞ്ഞ ജനതയെ അല്ലാഹു ശിക്ഷിച്ചത് ഇതുപോലുള്ള മുന്നറിയിപ്പുകൾ നൽകിയായിരുന്നു.’ മഴ പെയ്ത് മേഘം പഴയപോലെ ആയാൽ പ്രവാചകൻ സമാധാനിക്കും.”

‘ആ വൃക്ഷത്തെ സമീപികരുത്’ ആദമി(അ)നെയും ഇണയെയും സ്വർഗത്തിൽ പ്രവേശിപ്പിച്ച ശേഷം അല്ലാഹു നൽകിയ കൽപന ഇതായിരുന്നു. എന്നാൽ മനുഷ്യന്റെ മുഖ്യശത്രുവായ പിശാച് അവരെ അതിൽ നിനും വ്യതിചലിപ്പിക്കുകയും അനന്തരഫലമായി അവർക്ക് സ്വർഗം നഷ്ടമാകുകയും ചെയ്തു. പിശാചിന്റെ ദുർമന്ത്രണത്തിൽ വീണുപോകുന്നവർക്ക് നഷ്ടം സ്വർഗമാണ് എന്ന് അല്ലാഹു മനുഷ്യർക്ക് മുന്നറിയിപ്പ് നൽകുന്നു:

“സത്യവിശ്വാസികളേ, പിശാചിന്റെ കാൽപാടുകൾ പിൻപറ്റരുത്. വല്ലവനും പിശാചിന്റെ കാൽപാടുകൾ പിൻപറ്റുന്ന പക്ഷം തീർച്ചയായും അവൻ (പിശാച്) കൽപിക്കുന്നത് നീചവൃത്തിയും ദുരാചാരവും ചെയ്യാനായിരിക്കും..” (24:21).

മരണാനന്തര ജീവിതത്തെ കുറിച്ചുള്ള മുന്നറിയിപ്പാണ് ഏറ്റവും പ്രധാന്യമുള്ളത്. മനുഷ്യനെ വഴിപിഴപ്പിച്ച് നരകത്തിൽ എത്തിക്കാൻ പ്രയത്നിക്കുന്ന പിശാചിന്റെ കുതന്ത്രത്തെ കുറിച്ച് അല്ലാഹു ധാരാളം താക്കീതുകൾ നൽകിയിട്ടുണ്ട്. സ്വർഗ നരകങ്ങളെ നേരിൽ കണ്ട പ്രവാചകൻﷺ ഒരിക്കൽ പറഞ്ഞത് ‘ഞാൻ അറിഞ്ഞത് നിങ്ങൾ അറിഞ്ഞിരുന്നുവെങ്കിൽ നിങ്ങൾ വളരെ കുറച്ചുമാത്രം ചിരിക്കുകയും ധാരാളമായി കരയുകയും ചെയ്യുമായിരുന്നു.’

**സമയം, ആരോഗ്യം, ജീവിൻ, സമ്പത്ത് തുടങ്ങി വിലപിടിപ്പുള്ളവയുടെ ‘നഷ്ടം’ സംഭവിക്കാതിരിക്കാനാണ് ‘മുന്നറിയിപ്പുകൾ’ നൽകുന്നത്. വഴികളിൽ സ്ഥാപിക്കപ്പെട്ട ബോർഡുകളെ അവഗണിച്ച് എത്ര ജീവനുകളാണ് പൊലിഞ്ഞുപോകുന്നത്. ആരോഗ്യവും സമ്പത്തും സമയവും ഒരുപോലെ നഷ്ടപ്പെടുത്തുന്ന ലഹരി എന്ന കൊലയാളിയെക്കുറിച്ച് മുന്നറിയിപ്പുകൾ എത്ര നൽകിയാലും യുവാക്കൾക്കിടയിൽ അതിന്റെ ഉപയോഗം കൂടിവരുന്നു എന്നതാണ് പഠന റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. സിഗരറ്റിന്റെയും ഹാൻസിന്റെയും പായ്ക്കുകളിൽ നൽകിയ ഇത് ക്യാൻസറിന് കാരണമാകുമെന്ന മുന്നറിയിപ്പിനെ അവഗണിച്ച് അവ ഉപയോഗിക്കുന്നവർ ഭാവിയിൽ അതിന്റെ ദൂഷ്യഫലം അനുഭവിക്കുമെന്നതിൽ സംശയമില്ല**

മരണാനന്തരമുള്ള ഉയിർത്തെഴുന്നേൽപിനെ നിഷേധിക്കുന്നവർക്ക് അല്ലാഹു നൽകുന്ന താക്കീത് കാണുക:

“തീർച്ചയായും നിങ്ങൾക്ക് മുന്നറിയിപ്പ് നൽകപ്പെടുന്ന ആ കാര്യം വരികതന്നെ ചെയ്യും. (ആ വിഷയത്തിൽ അല്ലാഹുവെ) പരാജയപ്പെടുത്താൻ നിങ്ങൾക്ക് കഴിയില്ല” (6:134).

അല്ലാഹുവിന്റെ മുന്നറിയിപ്പുകളെക്കുറിച്ച് അറിയാതെ, പഠിക്കാൻ സാധിക്കാതെ ജീവിക്കുന്ന മനുഷ്യർക്ക് അത് എത്തിച്ചുകൊടുക്കൽ വിശ്വാസികളുടെ ബാധ്യതയാണ്.

അക്രമത്തിനും അനീതിക്കുമെതിരെ പ്രതികരിക്കലും വിശ്വാസിയുടെ കടമയാണ്. അബൂബക്ർ(റ) പറയുന്നു: “നബിﷺ പറയുന്നതായി ഞാൻ കേട്ടിരുന്നു: ‘അക്രമിയെ കണ്ടിട്ട് ആളുകൾ അവന്റെ കൈപിടിക്കുന്നില്ലെങ്കിൽ അവരെ മുഴുവനും അല്ലാഹുവിന്റെ ശിക്ഷപിടികൂടിയേക്കാം” (അബൂദാവൂദ്).

“അതിനാൽ ഉപദേശം ഫലപ്പെടുന്നുവെങ്കിൽ നീ ഉപദേശിച്ചുകൊള്ളുക. ഭയപ്പെടുന്നവർ ഉപദേശം സ്വീകരിച്ചുകൊള്ളുന്നതാണ്” (87:9,10).



ബാലപഥം

സമീർ മുണ്ടേരി
mundery@gmail.com

# മുതിർന്നവരെ ആദരിക്കുക

പ്രിയപ്പെട്ട കുട്ടികളേ, നമ്മുടെ മാതാപിതാക്കൾ, അധ്യാപകർ, സഹോദരങ്ങൾ, അയൽവാസികൾ തുടങ്ങി നമ്മെക്കാൾ പ്രായമുള്ള പലരോടും ഇടപഴകി ജീവിക്കുന്നവരാണ് നമ്മൾ. പ്രായം കൂടിയവരോട് നാം പെരുമാറുന്നതും സംസാരിക്കുന്നതും സമപ്രായക്കാരായ കൂട്ടുകാരോട് പെരുമാറുന്നത് പോലെയോ സംസാരിക്കുന്നത് പോലെയോ ആയിക്കൂടാ.

മുതിർന്നവരോട് നമുക്ക് ചില കടമകളും കടപ്പാടുകളുമുണ്ട് എന്ന് ഇസ്‌ലാം പഠിപ്പിക്കുന്നുണ്ട്. അവരെ ബഹുമാനിക്കുക എന്നത് അതിൽ പെട്ട ഒന്നാണ്.

'ഒരു വൃദ്ധനെ അയാളുടെ പ്രായത്തിന്റെ പേരിൽ ബഹുമാനിക്കുന്ന ഒരു യുവാവിന് അയാളുടെ വാർധക്യത്തിൽ അയാളെ ബഹുമാനിക്കുന്നവരെ അല്ലാഹു പകരം നൽകാതിരിക്കുകയില്ല' എന്ന് നമ്മുടെ നബിﷺ പറഞ്ഞത് നാം ഓർക്കുക. നമുക്ക് വയസ്സായാൽ മറ്റുള്ളവർ നമ്മെ ആദരിക്കുകയും സ്‌നേഹിക്കുകയും ചെയ്യണമെങ്കിൽ നമ്മുടെ ചെറുപ്രായത്തിൽ നാം വലിയവരെ ബഹുമാനിക്കാൻ ശീലിക്കേണ്ടതുണ്ട്.

മറ്റൊരിക്കൽ നബിﷺ പറഞ്ഞു:"നമ്മുടെ കൂട്ടത്തിലെ മുതിർന്നവരെ ബഹുമാനിക്കാത്തവരും ചെറിയവരോട് കരുണ കാണിക്കാത്തവരും നമ്മിൽ പെട്ടവരല്ല."

മുസ്‌ലിംകൾ തമ്മിൽ കണ്ടുമുട്ടുമ്പോൾ ആദ്യമായി സലാം പറയണമെന്ന് നമുക്കറിയാം. സലാം പറയുന്നതിന് വലിയ മഹത്ത്വമാണ് ഇസ്‌ലാം കൽപിക്കുന്നത്. മുതിർന്ന ഒരാളെ കണ്ടുമുട്ടുമ്പോൾ നാമാണ് ആദ്യം സലാം പറയേണ്ടത് എന്നാണ് നബിﷺ പഠിപ്പിക്കുന്നത്. സലാം പറയുന്നതിൽ പാലിക്കേണ്ട മര്യാദ നബിﷺ പറഞ്ഞുതരുന്നത് കാണുക:

"വാഹനത്തിൽ യാത്ര ചെയ്യുന്നവൻ നടക്കുന്നവനോടും നടന്നു പോകുന്നവൻ ഇരിക്കുന്നവനോടും ചെറിയ സംഘം വലിയ സംഘത്തോടും സലാം പറയേണ്ടതാണ്, കുട്ടികൾ വലിയവർക്കും."

വയസ്സായവർ ഉണ്ടാകുമ്പോൾ അവരെ ഏത് കാര്യത്തിലും നാം പരിഗണിക്കാൻ ശ്രദ്ധിക്കണം.

ഖൈബർ യുദ്ധ സമയത്ത് നബിﷺയുടെ മുന്നിൽ വന്ന് അബ്ദുറഹ്മാനുബ്‌നു സഹൽ رضي الله عنه സംസാരിക്കാൻ തുടങ്ങി. അദ്ദേഹത്തിന്റെ കൂടെ അദ്ദേഹത്തെക്കാൾ പ്രായമുള്ളവർ ഉണ്ടായിരുന്നു. അപ്പോൾ നബിﷺ പറഞ്ഞു: "മുതിർന്നവർ, മുതിർന്നവർ (മുതിർന്നവർ സംസാരിക്കട്ടെ)."

ബഹുമാനിക്കപ്പെടാനും സംസാരം തുടങ്ങാനുമുള്ള അവകാശം കൂട്ടത്തിൽ മുതിർന്നവർക്കാണ് എന്ന് ഇതിൽനിന്ന് മനസ്സിലാക്കാം.

കൂട്ടുകാരേ, നിങ്ങൾ പത്രം വായിക്കാറുണ്ടല്ലോ. പ്രായമായ മാതാപിതാക്കളെ എവിടെയെങ്കിലും കൊണ്ടുപോയി ഉപേക്ഷിക്കുകയോ, ഭക്ഷണവും മരുന്നും നൽകാതെ പ്രയാസപ്പെടുത്തുകയോ ഒക്കെ ചെയ്യുന്ന വാർത്തകൾ നിങ്ങൾ വായിച്ചിട്ടുണ്ടാകും. വാട്‌സാപ്പിലൂടെയും മറ്റും വേദനിപ്പിക്കുന്ന അത്തരം വീഡിയോകൾ നിങ്ങൾ കണ്ടിട്ടുമുണ്ടാകും. എന്തൊരു ദുഷ്ടതയാണ് അത് അല്ലേ? അങ്ങനെയൊക്കെ ചെയ്യാൻ ഒരിക്കലും പാടില്ല എന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. അല്ലാഹു പറയുന്നത് നോക്കൂ:

"തന്നെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്നും മാതാപിതാക്കൾക്ക് നന്മചെയ്യണമെന്നും നിന്റെ രക്ഷിതാവ് വിധിച്ചിരിക്കുന്നു. അവരിൽ (മാതാപിതാക്കളിൽ) ഒരാളോ അവർ രണ്ട് പേരും തന്നെയോ നിന്റെ അടുക്കൽ വെച്ച് വാർധക്യം പ്രാപിക്കുകയാണെങ്കിൽ അവരോട് നീ ഛെ എന്ന് പറയുകയോ, അവരോട് കയർക്കുകയോ ചെയ്യരുത്. അവരോട് നീ മാന്യമായ വാക്ക് പറയുക. കാരുണ്യത്തോട് കൂടി എളിമയുടെ ചിറക് നീ അവർ ഇരുവർക്കും താഴ്ത്തിക്കൊടുക്കുകയും ചെയ്യുക. എന്റെ രക്ഷിതാവേ, ചെറുപ്പത്തിൽ ഇവർ ഇരുവരും എന്നെ പോറ്റിവളർത്തിയത് പോലെ ഇവരോട് നീ കരുണ കാണിക്കണമേ എന്ന് നീ പറയുകയും ചെയ്യുക" (ക്വുർആൻ 17:23,24).

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com




# അന്ത്യനാൾ

(രീതി: ഹക്കാന കോനമറാൽ...)

ഇക്കാണും ലോകമമൈത്തുള്ളോനാം ജല്ലജലാലായോന്റെ നാമം വാഴ്ത്തിടാം
ഈമാന്റെ വെൺമയാലെ ഖൽബിന്നകത്തളത്തെ ശോഭിതമാക്കി മാറ്റിടാം

മൗത്തായിപ്പോയി നാമം മയ്യിത്തായ് മാറും മുമ്പ് നിയ്യത്ത് നേരെയാക്കുവിൻ
നാമൂസ് വേണ്ട തീരെ നാളേക്കു വേണ്ടിയമൽ ചെയ്ത് നജാത്ത് നേടുവിൻ

ഹക്കായ നാള് വരും ഇക്കാണും ഭൂമിയിത് പക്കാപരത്തുമിറയോൻ
ആളും തീ ബഹ്റിലന്ന് ഉതിരും നുജൂമ് കുല്ലും ഓടും ഭയത്തിലായിൻസാൻ

ദിക്കായ ദിക്കുകളിൽ നിന്നാകെ മർത്യകുലം വെപ്രാളമോടെ വെളിവാം
സൂറെന്ന കാഹളത്തിലൂതുന്ന സൗത്തുയർന്നാൽ കാഴ്ചകളേറെയജബാം

പരനെ മറന്ന് പരലോകത്തിനായി പണി ചെയ്യാതെ പാരിലലയാൻ
പൂതി പെരുത്ത പരുവത്തിലിഹത്തിലിട പെട്ടോട്ടമാണ് മനുജൻ

തരമാൽ ദുനൂബിലേറി ദുനിയാ സുഖം നുകർന്ന് മനിതർകൾ നാശമടവായ്
താനെന്തിനാണിവിടെ ഇൻസായ് പിറന്നതെന്ന ലക്ഷ്യം മറന്നു വസിപ്പായ്


തിരുത്വഹാ ദൂതരന്ന് അറിവിത്ത സൽവഴിയിൽ നാമൊത്ത് നീങ്ങുവതെന്നാൽ
തരുമേ തആലയവൻ ഖൗഫാകെ നീക്കിയംന് തൗഫീക് നൽകുമതിനാൽ

കരയുന്ന ഖൽബതുമായ് കൈകളുയർത്തി നമ്മൾ കാരുണ്യത്തിന്നിരന്നിടാം
കദനങ്ങൾ കാണുമേകൻ കനിവാലെ കൈപിടിച്ച് കരകേറ്റുമാശ വെച്ചിടാം

ഫദ്‌ലുൽ ഹഖ് ഉമരി
kmfumari@gmail.com

ലേഖനം

മുഹമ്മദ് നബിﷺ: 30



# ബദ്‌റിലേക്ക്...

ഹിജ്‌റ വർഷം രണ്ടിൽ നടന്ന സംഭവങ്ങളാണ് നാം മനസ്സിലാക്കിക്കൊണ്ടിരിക്കുന്നത്. നോമ്പ് നിർബന്ധമാക്കപ്പെട്ടതും ബദ്ർ യുദ്ധം നടന്നതും ഈ വർഷത്തിലായിരുന്നു.

**നോമ്പ് നിർബന്ധമാക്കപ്പെടുന്നു**

മുഹർറം മാസത്തിലെ ആശുറാഅ് നോമ്പ് ക്വുറൈശികളും യഹൂദികളും അനുഷ്ഠിക്കാറുണ്ടായിരുന്നു. ആഇശ(റ)യിൽ നിന്നും നിവേദനം; അവർ പറയുന്നു: "ജാഹിലിയ്യ കാലഘട്ടത്തിൽ ക്വുറൈശികൾ ആശൂറാഅ് നോമ്പ് അനുഷ്ഠിക്കാറുണ്ടായിരുന്നു. നബിയും അത് അനുഷ്ഠിച്ചിരുന്നു. മദീനയിലെത്തിയതിനു ശേഷവും നബിﷺ അത് അനുഷ്ഠിച്ചു. തന്റെ അനുചരന്മാരോട് നോമ്പെടുക്കാൻ കൽപിക്കുകയും ചെയ്തു. റമദാനിലെ നോമ്പ് നിർബന്ധമാക്കപ്പെട്ടപ്പോൾ ആശുറാഅ് നോമ്പ് ഉപേക്ഷിച്ചു. ഉദ്ദേശിക്കുന്നവർ അനുഷ്ഠിക്കുക അല്ലാത്തവർക്ക് ഉപേക്ഷിക്കാം (എന്നായിരുന്നു പിന്നീടുള്ള നിയമം)"(ബുഖാരി: 2002, മുസ്‌ലിം: 1125).

നബിﷺ മദീനയിൽ വന്നപ്പോൾ അവിടെയുള്ള ആളുകൾ നോമ്പനുഷ്ഠിക്കുന്നതായി കണ്ടു. നബിയും നോമ്പെടുക്കുകയും തന്റെ കൂടെയുള്ളവരോട് നോമ്പെടുക്കാൻ കൽപിക്കുകയും ചെയ്തു. ഇബ്നു അബ്ബാസ്(റ) പറയുന്നു:"നബിﷺ മദീനയിൽ വന്ന

പ്പോൾ ജൂതന്മാർ ആശൂറാഅ് നോമ്പ് അനുഷ്ഠിക്കുന്നത് കണ്ടു. നബിﷺ ചോദിച്ചു: "എന്താണിത്?" അവർ പറഞ്ഞു: "ഇത് ഒരു നല്ല ദിവസമാണ്. ഈ ദിവസത്തിലാണ് അല്ലാഹു ബനൂഇസ്രാഈല്യരെ അവരുടെ ശത്രുക്കളിൽ നിന്നും രക്ഷിച്ചത്. അങ്ങനെ മൂസാനബി നോമ്പെടുത്തു." ഇത് കേട്ടപ്പോൾ നബിﷺ പറഞ്ഞു: "മൂസാനബിയുടെ കാര്യത്തിൽ നിങ്ങളെക്കാൾ കൂടുതൽ കടപ്പെട്ടവൻ ഞാനാണ്." അങ്ങനെ നബിﷺയും നോമ്പെടുക്കുകയും സ്വഹാബികളോട് നോമ്പെടുക്കാൻ കൽപിക്കുകയും ചെയ്തു" (ബുഖാരി: 2004, മുസ്‌ലിം: 1130).

കഴിഞ്ഞ ഒരു വർഷത്തെ പാപങ്ങൾ മായ്ക്കപ്പെടുന്നു എന്നുള്ളതാണ് ആശൂറാഅ് നോമ്പിന്റെ മഹത്ത്വമായി നബിﷺ പഠിപ്പിച്ചത്. (മുസ്‌ലിം: 1162).

നോമ്പ് എന്ന ആരാധന മുൻ സമുദായങ്ങളിലും നിലവിലുണ്ടായിരുന്നു. അല്ലാഹു പറയുന്നു:

"സത്യവിശ്വാസികളേ, നിങ്ങളുടെ മുമ്പുള്ളവരോട് കൽപിച്ചിരുന്നത് പോലെത്തന്നെ നിങ്ങൾക്കും നോമ്പ് നിർബന്ധമായി കൽപിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുവാൻ വേണ്ടിയത്രെ അത്" (അൽബക്വറ:183).

എന്നാൽ സമയത്തിലും രൂപത്തിലും കാലയളവിലും നമ്മുടെ നോമ്പിൽ നിന്നും വ്യത്യസ്തമായിരുന്നു മുൻ സമുദായങ്ങളുടെ നോമ്പ്. ഹിജ്റ രണ്ടാം വർഷം ശഅ്ബാൻ മാസത്തിലാണ് നോമ്പ് നിർബന്ധമാക്കിക്കൊണ്ടുള്ള നിയമം ഇറങ്ങുന്നത്. ക്വിബ്‌ല മാറ്റത്തിന്റെ ഒരു മാസത്തിന് ശേഷമായിരുന്നു അത്. നബിﷺ മരിക്കുന്നതിന് മുമ്പ് 9 റമദാനുകളിലാണ് നോമ്പ് അനുഷ്ഠിച്ചത്.

മൂന്ന് ഘട്ടങ്ങളിലായിക്കൊണ്ടാണ് നോമ്പ് നിയമമാക്കപ്പെട്ടത്:

(1) നോമ്പ് അനുഷ്ഠിക്കുവാനും അതല്ലെങ്കിൽ ഒരു സാധുവിന് ഭക്ഷണം കൊടുക്കുവാനുമുള്ള ഇളവ് നൽകി. ഇതിൽ ഏതു വേണമെങ്കിലും സ്വീകരിക്കാമായിരുന്നു: "(ഞെരുങ്ങിക്കൊണ്ട് മാത്രം) അതിന് സാധിക്കുന്നവർ (പകരം) ഒരു പാവപ്പെട്ടവനുള്ള ഭക്ഷണം പ്രായശ്ചിത്തമായി നൽകേണ്ടതാണ്" (അൽബക്വറ: 184).

സലമത് ഇബ്നുൽ അക്‌വഅ്ؓ പറയുന്നു: "നബിﷺയുടെ കാലഘട്ടത്തിൽ ഞങ്ങളിൽ ഉദ്ദേശിക്കുന്നവർ നോമ്പെടുക്കുകയും അല്ലാത്തവർ നോമ്പ് ഒഴിവാക്കി പകരം ഒരു സാധുവിന് ഭക്ഷണം പ്രായശ്ചിത്തമായി നൽകുകയും ചെയ്തിരുന്നു. ശേഷം 'റമദാൻ മാസത്തിൽ ആര് സന്നിഹിതരാണോ അവർ നോമ്പ് എടുത്തുകൊള്ളട്ടെ' എന്ന ആയത്തിറങ്ങിയതോടു കൂടി (ആ നിയമം ഇല്ലാതെയായി)" (മുസ്‌ലിം: 145).

(2) നോമ്പ് നിർബന്ധമായി. നോമ്പ് തുറന്നുകഴിഞ്ഞാൽ ഇശാഅ് നമസ്കാരം വരെ ഭക്ഷണവും പാനീയവും ലൈംഗികബന്ധവും അനുവദനീയമായിരുന്നു. എന്നാൽ ഇശാഅ് നമസ്കാരം നിർവഹിച്ചു കഴിഞ്ഞാൽ പിന്നീട് അടുത്ത രാത്രി വരെ ഭക്ഷണവും പാനീയവും ലൈംഗികബന്ധവും നിഷിദ്ധമായിരുന്നു. നോമ്പിന്റെ സുദീർഘമായ ഈ കാലഘട്ടം അവർക്ക് വലിയ പ്രയാസമായി തോന്നി.

(3) ഫജ്റിന്റെ ഉദയം വരെ രാത്രിയിൽ ഭക്ഷണവും പാനീയവും ലൈംഗിക ബന്ധവും അനുവദിച്ചു കൊണ്ടുള്ള നിയമം ഇറങ്ങി. അതിലൂടെ മുമ്പ് അവർക്കുണ്ടായിരുന്ന പ്രയാസം ലഘൂകരിക്കപ്പെടുകയും ചെയ്തു. വിശുദ്ധ ക്വുർആനിലെ ഈ ആയത്താണ് ആ സന്ദർഭത്തിൽ അവതരിച്ചത്:

"നോമ്പിന്റെ രാത്രിയിൽ നിങ്ങളുടെ ഭാര്യമാരുമായുള്ള സംസർഗം നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു. അവർ നിങ്ങൾക്കൊരു വസ്ത്രമാകുന്നു. നിങ്ങൾ അവർക്കും ഒരു വസ്ത്രമാകുന്നു. (ഭാര്യാസമ്പർക്കം നിഷിദ്ധമായി കരുതിക്കൊണ്ട്) നിങ്ങൾ ആത്മവഞ്ചനയിൽ അകപ്പെടുകയായിരുന്നുവെന്ന് അല്ലാഹു അറിഞ്ഞിരിക്കുന്നു. എന്നാൽ അല്ലാഹു നിങ്ങളുടെ പശ്ചാത്താപം സ്വീകരിക്കുകയും പൊറുക്കുകയും ചെയ്തിരിക്കുന്നു. അതിനാൽ ഇനിമേൽ നിങ്ങൾ അവരുമായി സഹവസിക്കുകയും, (വൈവാഹിക ജീവിതത്തിൽ) അല്ലാഹു നിങ്ങൾക്ക് നിശ്ചയിച്ചത് തേടുകയും ചെയ്തുകൊള്ളുക. നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുക; പുലരിയുടെ വെളുത്ത ഇഴകൾ കറുത്ത ഇഴകളിൽ നിന്ന്

**മുസ്‌ലിംകൾ ആറു വർഷമാണ് മസ്ജിദുൽ ഹറാമിലേക്ക് പോകാതെ മദീനയിൽ കഴിഞ്ഞുകൂടിയത്. ഹിജ്റ ആറാം വർഷത്തിലാണ് നബിയും അനുയായികളും ഉംറ ഉദ്ദേശിച്ചുകൊണ്ട് മക്കയിലേക്ക് നീങ്ങുന്നത്. പക്ഷേ, വഴിയിൽ വെച്ച് ക്വുറൈശികൾ അവരെ തടഞ്ഞു. അങ്ങനെയാണ് മുസ്‌ലിംകൾക്കും അമുസ്‌ലിംകൾക്കും ഇടയിൽ ഒരു സന്ധി ഉണ്ടാകുന്നത്. പരസ്പരം യുദ്ധം ചെയ്യാതിരിക്കുവാനായിരുന്നു ആ സന്ധിയിൽ പ്രധാനമായും തീരുമാനമായി എടുത്തത്. അതിന്റെ കാലയളവ് പത്ത് വർഷമായിരുന്നു. ഇതാണ് ഹുദൈബിയ സന്ധി എന്ന പേരിൽ ചരിത്രത്തിൽ അറിയപ്പെടുന്നത്.**

തെളിഞ്ഞ് കാണുമാറാകുന്നത് വരെ. എന്നിട്ട് രാത്രിയാകും വരെ നിങ്ങൾ വ്രതം പൂർണമായി അനുഷ്ഠിക്കുകയും ചെയ്യുക. എന്നാൽ നിങ്ങൾ പള്ളികളിൽ ഇഅ്തികാഫ് (ഭജനം) ഇരിക്കുമ്പോൾ അവരു(ഭാര്യമാരു)മായി സഹവസിക്കരുത്. അല്ലാഹുവിന്റെ അതിർവരമ്പുകളാകുന്നു അവയൊക്കെ. നിങ്ങൾ അവയെ അതിലംഘിക്കുവാനടുക്കരുത്. ജനങ്ങൾ ദോഷബാധയെ സൂക്ഷിക്കുവാനായി അല്ലാഹു അപ്രകാരം അവന്റെ ദൃഷ്ടാന്തങ്ങൾ അവർക്ക് വ്യക്ത മാക്കി കൊടുക്കുന്നു" (അൽബക്വറ: 187).

ഇസ്‌ലാമിന്റെ പഞ്ച സ്തംഭങ്ങളിൽ ഒന്നാണ് നോമ്പ്. ഒട്ടനവധി ഗുണങ്ങളും വമ്പിച്ച പ്രതിഫലവും ഉള്ള ഒരു ആരാധനയാണ് നോമ്പ്. ഇച്ഛകളെ നിയന്ത്രിക്കുവാനും വിശക്കുന്ന ദരിദ്രന്മാരുടെ പ്രയാസത്തെ മനസ്സിലാക്കുവാനും മനസ്സുകളെ തക്വ്‌വ കൊണ്ട് സംസ്‌കരിക്കുവാനും ശരീരത്തെ തിന്മകളിൽ നിന്ന് ശുദ്ധീകരിക്കുവാനും നോമ്പ് കാരണമാണ്.

**ബദ്ർ യുദ്ധം**

മുസ്‌ലിംകൾ മുശ്‌രിക്കുകളെ അഭിമുഖീകരിച്ചത് മൂന്ന് ഘട്ടങ്ങളായിക്കൊണ്ടാണ്:

(1) മുശ്‌രിക്കുകൾ മുസ്‌ലിംകളോട് യുദ്ധം ചെയ്ത ഘട്ടം: ഹിജ്‌റക്ക് ശേഷം അഞ്ചു വർഷമാണ് ഈ അവസ്ഥ തുടർന്നത്. ക്വുറൈശികളും അവരോടൊപ്പം ചേർന്ന് സഖ്യകക്ഷികളും മദീനയിലേക്ക് സൈന്യങ്ങളുമായി നീങ്ങുകയും മുസ്‌ലിംകളുമായി യുദ്ധത്തിന് ഒരുങ്ങുകയും ചെയ്തിരുന്നു. മുഹമ്മദ് നബിﷺയെയും അനുയായികളെയും ഇല്ലായ്മ ചെയ്യുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. രണ്ടു കക്ഷികൾക്കും ഇടയിൽ പലപ്പോഴും യുദ്ധങ്ങൾ ഉണ്ടായിട്ടുണ്ട്. അതിൽ വലിയ യുദ്ധങ്ങളും ചെറിയ യുദ്ധങ്ങളും ഉണ്ടായിരുന്നു. ബദ്ർ, ഉഹ്ദ്, അഹ്‌സാബ് തുടങ്ങിയവയായിരുന്നു പ്രധാനപ്പെട്ട യുദ്ധങ്ങൾ.

(2) സന്ധിയുടെയും പരസ്പര ധാരണയുടെയും ഘട്ടം: മുസ്‌ലിംകൾ ആറു വർഷമാണ് മസ്ജിദുൽ ഹറാമിലേക്ക് പോകാതെ മദീനയിൽ കഴിഞ്ഞുകൂടിയത്. ഹിജ്‌റ ആറാം വർഷത്തിലാണ് നബിയും അനുയായികളും ഉംറ ഉദ്ദേശിച്ചുകൊണ്ട് മക്കയിലേക്ക് നീങ്ങുന്നത്. പക്ഷേ, വഴിയിൽ വെച്ച് ക്വുറൈശികൾ അവരെ തടഞ്ഞു. അങ്ങനെയാണ് മുസ്‌ലിംകൾക്കും അമുസ്‌ലിംകൾക്കും ഇടയിൽ ഒരു സന്ധി ഉണ്ടാകുന്നത്. പരസ്പരം യുദ്ധം ചെയ്യാതിരിക്കുവാനായിരുന്നു ആ സന്ധിയിൽ പ്രധാനമായും തീരുമാനമായി എടുത്തത്. അതിന്റെ കാലയളവ് പത്ത് വർഷമായിരുന്നു. ഇതാണ് ഹുദൈബിയ സന്ധി എന്ന പേരിൽ ചരിത്രത്തിൽ അറിയപ്പെടുന്നത്.

(3) മുസ്‌ലിംകൾ മുശ്‌രിക്കുകളോട് യുദ്ധം ചെയ്ത ഘട്ടം: ഹുദൈബിയ സന്ധിയിൽ ഉണ്ടാക്കിയ കരാർ ക്വുറൈശികൾ ലംഘിച്ചതാണ് ഇതിനു കാരണം. ക്വുറൈശികളോടൊപ്പം അവരുടെ സഖ്യകക്ഷികളായ ബനൂബകറും ഉണ്ടായിരുന്നു. ഹുദൈബിയ സന്ധി ഉണ്ടായതിന്റെ 22 മാസങ്ങൾക്കു ശേഷമായിരുന്നു ഇത്.

ഹിജ്‌റ രണ്ടാം വർഷം റമദാൻ മാസം 17 വെള്ളിയാഴ്ചയാണ് ബദ്ർ യുദ്ധം ഉണ്ടായത്. ക്വുറൈശികളുടെ വലിയ ഒരു കച്ചവട സംഘവുമായി അബൂസുഫ്‌യാൻ മക്കയിൽ നിന്നും ശാമിലേക്ക് പോയിരുന്നു. ഒരുപാട് സമ്പത്തും കച്ചവട ചരക്കുകളും അതിലുണ്ടായിരുന്നു. അശീറയിൽ വെച്ച് നബിﷺക്ക് പിടികൊടുക്കാതെ രക്ഷപ്പെട്ടു പോയ അതേ സംഘമായിരുന്നു ഇത്. മക്കയിൽ നിന്നും ശാമിലേക്ക് അവർ പോകുന്ന സന്ദർഭത്തിലാണ് അവരെ പിടികൂടാൻ വേണ്ടി നബിﷺ പുറപ്പെട്ടത്. എന്നാൽ നബിﷺ എത്തിച്ചേരുന്നതിന് മുമ്പ് അവർ രക്ഷപ്പെട്ടു. ആയിരം ഒട്ടകവും 50000 ദിനാറോളം വരുന്ന സമ്പത്തും മുപ്പതോ നാൽപതോ ആളുകളും അവരിൽ ഉണ്ടായിരുന്നു. മഖ്‌റമതുബ്നു നൗഫൽ, അംറുബ്നുൽ ആസ്വ് തുടങ്ങിയ പ്രധാനികൾ അക്കൂട്ടത്തിലുണ്ടായിരുന്നു. ക്വുറൈശികളുടെ കച്ചവട ചരക്കുമായി ശാമിൽ നിന്നും അബൂസുഫ്‌യാൻ വരുന്നുണ്ട് എന്ന വിവരം ലഭിച്ചപ്പോൾ അവരെ ലക്ഷ്യം വെ

**ഹിജ്‌റ രണ്ടാം വർഷം റമദാൻ മാസം 17 വെള്ളിയാഴ്ചയാണ് ബദ്ർ യുദ്ധം ഉണ്ടായത്. ക്വുറൈശികളുടെ വലിയ ഒരു കച്ചവട സംഘവുമായി അബൂസുഫ്‌യാൻ മക്കയിൽ നിന്നും ശാമിലേക്ക് പോയിരുന്നു. ഒരുപാട് സമ്പത്തും കച്ചവട ചരക്കുകളും അതിലുണ്ടായിരുന്നു. അശീറയിൽ വെച്ച് നബിﷺക്ക് പിടികൊടുക്കാതെ രക്ഷപ്പെട്ടു പോയ അതേ സംഘമായിരുന്നു ഇത്. മക്കയിൽ നിന്നും ശാമിലേക്ക് അവർ പോകുന്ന സന്ദർഭത്തിലാണ് അവരെ പിടികൂടാൻ വേണ്ടി നബിﷺ പുറപ്പെട്ടത്. എന്നാൽ നബിﷺ എത്തിച്ചേരുന്നതിന് മുമ്പ് അവർ രക്ഷപ്പെട്ടു. ആയിരം ഒട്ടകവും 50000 ദിനാറോളം വരുന്ന സമ്പത്തും മുപ്പതോ നാൽപതോ ആളുകളും അവരിൽ ഉണ്ടായിരുന്നു. മഖ്‌റമതുബ്നു നൗഫൽ, അംറുബ്നുൽ ആസ്വ് തുടങ്ങിയ പ്രധാനികൾ അക്കൂട്ടത്തിലുണ്ടായിരുന്നു.**

**ബദ്റിൽ സന്നിഹിതരാകുകയും എന്നാൽ ചെറുപ്രായം കാരണത്താൽ യുദ്ധത്തിൽ നേരിട്ട് പങ്കെടുക്കാതിരിക്കുകയും ചെയ്ത സ്വഹാബികളും ഉണ്ടായിരുന്നു. അനസ് ഇബ്നു മാലിക് ﷺ അതിൽ പെട്ട വ്യക്തിയായിരുന്നു. നബി ﷺക്ക് സേവനം ചെയ്ത് ജീവിച്ചിരുന്ന വളരെ പ്രായം കുറഞ്ഞ സ്വഹാബി ആയിരുന്നു അദ്ദേഹം. എങ്ങനെയാണ് യുദ്ധം നടക്കുന്നത് എന്ന് കാണാൻ വേണ്ടി വന്ന ചെറിയ കുട്ടിയായിരുന്നു ഹാരിസ്ബ്നു സുറാക്വ. എന്നാൽ ഒരു അമ്പ് വന്നുതറച്ച് ആ സ്വഹാബി മരണപ്പെടുകയുണ്ടായി. ബദ്റിലേക്ക് ഇറങ്ങിപ്പുറപ്പെട്ടവരെല്ലാം യുദ്ധത്തിൽ നേരിട്ട് പങ്കെടുത്തിട്ടില്ല എന്ന് ഇതിൽ നിന്നെല്ലാം നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും. 306 പേരാണ് ആണ് യുദ്ധത്തിൽ നേരിട്ട് പങ്കെടുത്തത് എന്നാണ് ചരിത്രങ്ങളിൽ നിന്നും മനസ്സിലാക്കുവാൻ സാധിക്കുന്നത്.**



ച്ചുകൊണ്ട് നീങ്ങാൻ ഉദ്ദേശിച്ചു. നബി ﷺ തന്റെ അനുചരന്മാരോട് ഇപ്രകാരം പറഞ്ഞു: "ക്വുറൈശികളുടെ കച്ചവട സംഘം വരുന്നുണ്ട്. അതിൽ അവരുടെ സമ്പത്തുണ്ട്. അത്കൊണ്ട് അവരിലേക്ക് പുറപ്പെടുക. അല്ലാഹു നിങ്ങൾക്ക് അത് ഉടമപ്പെടുത്തി തന്നേക്കാം."

യാത്രചെയ്യാൻ സ്വന്തമായി വാഹനമുള്ള ആളുകളോട് മാത്രമാണ് അന്ന് പുറപ്പെടാൻ നബി ﷺ ആവശ്യപ്പെട്ടത് (മുസ്‌ലിം: 1901). ചില സ്വഹാബിമാർക്ക് ഇത് ലഘുവായി തോന്നുകയും മറ്റു ചിലർക്ക് ഭാരമായി തോന്നുകയും ചെയ്തു. നബി ﷺ ഒരു യുദ്ധത്തിനു വേണ്ടി അല്ല പോകുന്നത് എന്നും മറിച്ച് കച്ചവട സംഘത്തെ പിടികൂടാൻ വേണ്ടി മാത്രമാണ് എന്നും അവർ കരുതി. അതുകൊണ്ടായിരിക്കാം ബദ്ർ യുദ്ധത്തിൽ നിന്ന് പിന്മാറി നിന്നവരെ നബി ﷺ ആക്ഷേപിക്കാതിരുന്നതും. തബൂക്ക് യുദ്ധത്തിൽ പങ്കെടുക്കാതെ മാറിനിന്ന സംഭവം വിശദീകരിച്ചു കൊണ്ട് കഅ്ബ്ബ്നു മാലിക് ﷺ പറയുന്നു: 'തബൂക്ക് യുദ്ധത്തിൽ അല്ലാതെ പ്രവാചകരുടെ കൂടെ മറ്റൊരു യുദ്ധത്തിലും ഞാൻ പിന്മാറിയിട്ടില്ല. എന്നാൽ ബദ്ർ യുദ്ധത്തിൽ ഞാൻ പങ്കെടുത്തിട്ടില്ല. അതിൽ പങ്കെടുക്കാത്ത ഒരാളെയും നബി ﷺ ആക്ഷേപിച്ചിട്ടില്ല. കാരണം ക്വുറൈശികളുടെ കച്ചവടസംഘത്തെ ഉദ്ദേശിച്ചുകൊണ്ടായിരുന്നു അന്ന് നബി ﷺ പുറപ്പെട്ടത്" (ബുഖാരി: 4418, മുസ്‌ലിം: 2769).

റമദാൻ മാസത്തിലെ രണ്ടാമത്തെ ശനിയാഴ്ച മദീനയിൽ നിന്നും നബി ﷺ പുറപ്പെട്ടു. മദീനയിൽ നമസ്കാരത്തിന് നേതൃത്വം കൊടുക്കാൻ ഇബ്നു ഉമ്മി മക്തൂമിനെയും ഏൽപിച്ചു. റൗഹാഅ് പ്രദേശത്തു നിന്നും അബൂലുബാബയെ തിരിച്ചു കൊണ്ടുവന്ന് മദീനയുടെ ഉത്തരവാദിത്തം ഏൽപിച്ചു. 310ൽ അൽപം കൂടുതൽ ആളുകളാണ് നബിയുടെ കൂടെ മുഹാജിറുകളും അൻസ്വാറുകളുമായി പുറപ്പെട്ടത്. 86 പേർ മുഹാജിറുകളും ബാക്കി അൻസ്വാറുകളുമായിരുന്നു. 61 പേർ ഔസ് ഗോത്രത്തിൽ നിന്നും 170 പേർ ഖസ്റജ് ഗോത്രത്തിൽ നിന്നുമായിരുന്നു. ബദ്റിൽ പങ്കെടുത്ത സ്വഹാബികളുടെ എണ്ണം മുകളിൽ സൂചിപ്പിച്ചതാണ് എന്ന് അറിയിക്കുന്ന ബുഖാരിയുടെ ഹദീസ് കാണുവാൻ സാധിക്കും. ത്വാലൂത്ത് എന്ന രാജാവിന്റെ കൂടെ പുഴ കടന്നുപോയ അനുയായികളുടെ എണ്ണവും ഇതു തന്നെയായിരുന്നു. (ബുഖാരി: 3959).

ഉമർ ﷺ പറയുന്നു: "ബദ്റിന്റെ ദിവസം നബി ﷺ മുശ്‌രിക്കുകളിലേക്ക് നോക്കിയപ്പോൾ അവർ 1000 പേരുണ്ടായിരുന്നു. നബിയുടെ അനുയായികൾ 319 പേരായിരുന്നു" (മുസ്‌ലിം: 1763).

ഔസ് ഗോത്രക്കാരെക്കാൾ കൂടുതലായിരുന്നു ഖസ്റജ് ഗോത്രക്കാരുടെ എണ്ണം. കാരണം മദീനയിൽ നിന്നും വളരെ അകലത്തിലായിരുന്നു ഔസ് ഗോത്രക്കാരുടെ വീടുകൾ ഉണ്ടായിരുന്നത്. കൃത്യമായ കാരണങ്ങളുടെ പേരിൽ ബദ്റിൽ പങ്കെടുക്കാതെ പല സ്വഹാബിമാരും മാറിനിന്നിട്ടുണ്ട്. എന്നാൽ ബദ്റിൽ നിന്നും ലഭിച്ച സ്വത്തിൽ നിന്നും അവർക്ക് നബി ﷺ വിഹിതം നൽകിയിട്ടുണ്ട്. അവരിൽ പ്രധാനികളെ നമുക്കൊന്ന് പരിചയപ്പെടാം:

(1) ഉസ്മാനുബ്നു അഫ്ഫാൻ ﷺ: നബി ﷺയുടെ മകൾ റുക്വിയ്യ ﷺയുടെ ഭർത്താവായിരുന്നു അദ്ദേഹം. ബദ്റിലേക്ക്

**റമദാൻ മാസത്തിലെ രണ്ടാമത്തെ ശനിയാഴ്ച മദീനയിൽ നിന്നും നബിﷺ പുറപ്പെട്ടു. മദീനയിൽ നമസ്കാരത്തിന് നേതൃത്വം കൊടുക്കാൻ ഇബ്നു ഉമ്മി മഖ്തൂമിനെയും ഏൽപിച്ചു. റൗഹാഅ് പ്രദേശത്തു നിന്നും അബൂലുബാബയെ തിരിച്ചു കൊണ്ടുവന്ന് മദീനയുടെ ഉത്തരവാദിത്തം ഏൽപിച്ചു. 310ൽ അൽപം കൂടുതൽ ആളുകളാണ് നബിയുടെ കൂടെ മുഹാജിറുകളും അൻസ്വാറുകളുമായി പുറപ്പെട്ടത്. 86 പേർ മുഹാജിറുകളും ബാക്കി അൻസ്വാറുകളുമായിരുന്നു. 61 പേർ ഔസ് ഗോത്രത്തിൽ നിന്നും 170 പേർ ഖസ്റജ് ഗോത്രത്തിൽ നിന്നുമായിരുന്നു. ബദ്റിൽ പങ്കെടുത്ത സ്വഹാബികളുടെ എണ്ണം മുകളിൽ സൂചിപ്പിച്ചതാണ് എന്ന് അറിയിക്കുന്ന ബുഖാരിയുടെ ഹദീസ് കാണുവാൻ സാധിക്കും.**

പോകുന്ന സന്ദർഭത്തിൽ റുക്വിയ്യ രോഗിയായിരുന്നു. അക്കാരണത്താലാണ് ഉസ്മാൻവിനോട് ബദ്റിലേക്ക് പോകേണ്ടതില്ല എന്ന് നബിﷺ പറഞ്ഞത്. ആളുകൾ ബദ്റിൽ ആയിരിക്കെയാണ് റുക്വിയ്യ മരണപ്പെടുന്നത്. ബദ്റിൽ പങ്കെടുത്ത ആളുകളുടെ പ്രതിഫലവും അവർക്കുള്ള ഓഹരിയും നിങ്ങൾക്കുണ്ട് എന്ന് നബിﷺ ഉസ്മാൻവിനോട് പറഞ്ഞിട്ടുണ്ട് (ബുഖാരി: 3130).

(2) ത്വൽഹ ഇബ്നു ഉബൈദില്ല:

(3) സഈദ് ഇബ്നു സൈദ്: ശാമിൽ നിന്നും വരുന്ന അബൂസുഫ്യാന്റെ കച്ചവട സംഘത്തെ കുറിച്ച് അന്വേഷിച്ച് അറിയുവാൻ വേണ്ടി ഇവരെ രണ്ടു പേരെയും നബിﷺ പറഞ്ഞയച്ചതായിരുന്നു. എന്നാൽ ഇവർ വിവരം അന്വേഷിച്ച് വരുന്നതിനു മുമ്പു തന്നെ നബിക്ക് അബൂസുഫ്യാനെ കുറിച്ചുള്ള വിവരം ലഭിച്ചിരുന്നു. പിന്നീട് നബിയെ അന്വേഷിച്ചു കൊണ്ട് ഇവർ ഇറങ്ങി പുറപ്പെട്ടപ്പോൾ ബദ്ർ കഴിഞ്ഞ് തിരിച്ചുവരുന്ന നബിയെയാണ് കാണാൻ കഴിഞ്ഞത്. തുർബാൻ എന്ന സ്ഥലത്ത് വെച്ച് കൊണ്ടാണ് അവർ നബിയെ കണ്ടുമുട്ടിയത്.

(4) അബൂ ലുബാബതുൽ അൻസ്വാരി: മദീനയുടെ ഉത്തരവാദിത്തം ഇദ്ദേഹത്തെ ഏൽപിച്ചു കൊണ്ടാണ് നബി ബദ്റിലേക്ക് പുറപ്പെട്ടത്.

(5) ആസിം ഇബ്നു അദിയ്യിൽഅജലാനീ: ക്വുബാഅ് പ്രദേശത്തുകാരുടെ കാര്യങ്ങൾ നോക്കുന്നതിനു വേണ്ടി നബിﷺ ഇദ്ദേഹത്തെ അവിടേക്ക് പറഞ്ഞയച്ചതായിരുന്നു.

(6) അബൂ ഉമാമ ഇബ്നു സഅ്ലബതുൽ അൻസ്വാരി: ഇദ്ദേഹത്തിന്റെ ഉമ്മ രോഗിയായ കാരണത്താൽ ഉമ്മയുടെ കൂടെ നിൽക്കാൻ നബിﷺ ആവശ്യപ്പെടുകയായിരുന്നു. ഇദ്ദേഹത്തിന്റെ ഉമ്മ മരണപ്പെടുകയും ബദ്റിൽ നിന്ന് തിരിച്ചുവന്ന ശേഷം നബിﷺ അവർക്ക് വേണ്ടി നമസ്കരിക്കുകയും ചെയ്തു.

(7) ഖവാതുബ്നു ജുബൈർ: നബിﷺയുടെ കൂടെ ബദ്റിലേക്ക് പോകുന്ന സന്ദർഭത്തിൽ സ്വഫ്റാഅ് എന്ന സ്ഥലത്തെത്തിയപ്പോൾ ഇദ്ദേഹത്തിന്റെ കാലിൽ ഒരു കല്ല് തട്ടുകയും വലിയ മുറിവേൽക്കുകയും ചെയ്തു. അതിനാൽ അദ്ദേഹം തിരിച്ചുപോകുകയാണുണ്ടായത്. ബദ്റിൽ നിന്ന് കിട്ടിയതിൽ നിന്നും നബിﷺ അദ്ദേഹത്തിനും ഒരു വിഹിതം നൽകുകയുണ്ടായി.

(8) ഹുദൈഫതുബ്നുൽ യമാൻ: ഇദ്ദേഹവും ഇദ്ദേഹത്തിന്റെ പിതാവും നബിയോടൊപ്പം യുദ്ധം ചെയ്യുകയില്ല എന്ന ഒരു കരാർ ക്വുറൈശികൾ പണ്ട് വാങ്ങിയിരുന്നു. അത്കൊണ്ടു തന്നെ നബിﷺ അവരോട് പറഞ്ഞു: 'നിങ്ങൾ പിരിഞ്ഞുപോയിക്കൊള്ളുക. അവരോടുള്ള കരാർ നമുക്ക് പാലിക്കാം. അല്ലാഹുവിനോട് നമുക്ക് അവർക്കെതിരെ സഹായം തേടുകയും ചെയ്യാം' (മുസ്ലിം: 1787).

(9) ഹാരിസതുബ്നു സ്വിമ്മ: ബദ്റിലേക്കുള്ള യാത്രാ മധ്യെ അദ്ദേഹം വീണു കാല് പൊട്ടുകയും നബിﷺ മദീനയിലേക്ക് തിരിച്ചയക്കുകയും ചെയ്തതായിരുന്നു.

(10) ജാബിർ ഇബ്നു അബ്ദില്ല: ജാബിർ പറയുന്നു: 'നബിയോടൊപ്പം 19 യുദ്ധങ്ങളിൽ ഞാൻ പങ്കെടുത്തിട്ടുണ്ട്. ബദ്റിലും ഉഹ്ദിലും ഞാൻ പങ്കെടുത്തിട്ടില്ല. എന്റെ പിതാവ് എന്നെ തടഞ്ഞതായിരുന്നു. എന്നാൽ ഉഹ്ദ് യുദ്ധത്തിൽ പിതാവ് അബ്ദുല്ല കൊല്ലപ്പെട്ടതോടു കൂടി മറ്റൊരു യുദ്ധത്തിൽ നിന്നും ഞാൻ നബിയോടൊപ്പം പങ്കെടുക്കാതെ പിന്തിരിഞ്ഞിട്ടില്ല' (മുസ്ലിം: 1813).

ബദ്റിൽ സന്നിഹിതരാകുകയും എന്നാൽ ചെറുപ്രായം കാരണത്താൽ യുദ്ധത്തിൽ നേരിട്ട് പങ്കെടുക്കാതിരിക്കുകയും ചെയ്ത സ്വഹാബികളും ഉണ്ടായിരുന്നു. അനസ് ഇബ്നു മാലിക് അതിൽ പെട്ട വ്യക്തിയായിരുന്നു. നബിﷺക്ക് സേവനം ചെയ്ത് ജീവിച്ചിരുന്ന വളരെ പ്രായം കുറഞ്ഞ സ്വഹാബി ആയിരുന്നു അദ്ദേഹം. എങ്ങനെയാണ് യുദ്ധം നടക്കുന്നത് എന്ന് കാണാൻ വേണ്ടി വന്ന ചെറിയ കുട്ടിയായിരുന്നു ഹാരിസ്ബ്നു സുറാക്വ. എന്നാൽ ഒരു അമ്പ് വന്നുതറച്ച് ആ സ്വഹാബി മരണപ്പെടുകയുണ്ടായി. ബദ്റിലേക്ക് ഇറങ്ങിപ്പുറപ്പെട്ടവരെല്ലാം യുദ്ധത്തിൽ നേരിട്ട് പങ്കെടുത്തിട്ടില്ല എന്ന് ഇതിൽനിന്നെല്ലാം നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും. 306 പേരാണ് ആണ് യുദ്ധ

ത്തിൽ നേരിട്ട് പങ്കെടുത്തത് എന്നാണ് ചരിത്രങ്ങളിൽ നിന്നും മനസ്സിലാക്കുവാൻ സാധിക്കുന്നത്.

മുസ്‌ലിംകൾ ബദ്‌റിലേക്ക് പുറപ്പെട്ടു. അവരിൽ അധിക പേരും കാൽനടക്കാരായിരുന്നു. രണ്ടു കുതിരകൾ മാത്രമാണ് അവരുടെ കൂടെ ഉണ്ടായിരുന്നത്; എഴുപത് ഒട്ടകങ്ങളും. ഓരോരുത്തരും മാറി മാറി കയറിയായിരുന്നു യാത്ര. മൂന്ന് ആളുകൾ വീതമാണ് ഒരു ഒട്ടകത്തെ ഉപയോഗിച്ചത്. നബിയും അലിയ്യുബ്നു അബീത്വാലിബും അബൂലുബാബയും ഒന്നിച്ച് ഒരു ഒട്ടകത്തെ ആയിരുന്നു ഉപയോഗിച്ചിരുന്നത്. അബൂബക്ർ‍ﷺ, ഉമർﷺ, അബ്ദുറഹ്മാൻ ഇബ്നു ഔഫ്ﷺ തുടങ്ങിയവർ ചേർന്ന് ഒരു ഒട്ടകത്തെയും ഉപയോഗിച്ചിരുന്നു. ഇപ്രകാരമാണ് മറ്റുള്ള സ്വഹാബിമാരും യാത്ര ചെയ്തത്. ഒട്ടകങ്ങളുടെ കഴുത്തിൽ കെട്ടിത്തൂക്കപ്പെട്ടിരുന്ന (ശബ്ദമുള്ള) മണികൾ മുറിച്ചുമാറ്റാൻ കൽപിക്കുകയുണ്ടായി. എണ്ണത്തിലും ഒരുക്കത്തിലുമെല്ലാം വളരെ പിറകിലായിരുന്ന മുസ്‌ലിം സൈന്യത്തെ അല്ലാഹു ശക്തമായ നിലക്ക് സഹായിക്കുക തന്നെ ചെയ്തു. അവരുടെ വിശ്വാസത്തെയും ദാരിദ്ര്യാവസ്ഥയെയും അല്ലാഹു പരിഗണിക്കുകയായിരുന്നു.

"നിങ്ങൾ ദുർബലരായിരിക്കെ ബദ്‌റിൽ വെച്ച് അല്ലാഹു നിങ്ങളെ സഹായിച്ചിട്ടുണ്ട്. അതിനാൽ നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. നിങ്ങൾ നന്ദിയുള്ളവരായേക്കാം" (ക്വുർആൻ 3:123).

മദീനയിലെ അബൂ ഉത്ബയുടെ കിണറ്റിനു സമീപം തന്റെ സൈന്യത്തെയും കൊണ്ട് നബിﷺ തമ്പടിച്ചു. എന്നിട്ട് തന്റെ അനുചരന്മാരെ ഒന്ന് പരിശോധിച്ചു. അതിൽ പ്രായം കുറവുള്ളതായി തോന്നിയവരെ തിരിച്ചയച്ചു. ഉസാമതുബ്നു സൈദ്ﷺ, ബർറാഅ്ബ്നു ആസിബ്ﷺ, അബ്ദുല്ലാഹിബ്നു ഉമർﷺ, സൈദു ബ്നു അർക്വംﷺ, റാഫിഅ്ബ്നു ഖുദൈജ്ﷺ, ഉസൈദ് ഇബ്നു ദ്വഹീർﷺ, സൈദുബ്നു സാബിത്ﷺ തുടങ്ങിയവരായിരുന്നു അവർ. **(തുടരും)**

peaceradio
Tune to reality

**ഈ ആഴ്ചയിലെ പ്രധാന പരിപാടികൾ**

**ഇ മദ്രസ**
**അല്ലാഹുവിന്റെ സംരക്ഷണം, ഭാഗം 2**
**മുജീബ് സലഫി**
15.07.19 തിങ്കൾ 7:10 AM

**പ്രകാശതീരം**
**ദേഷ്യപ്പെടരുത്, ഭാര്യമാരോട്**
**മുഹമ്മദ് സ്വാദിഖ് മദീനി**
15.07.19 തിങ്കൾ 9:00 PM

**അടിത്തറകൾ**
**വേദങ്ങൾ ഒരു താരതമ്യപഠനം**
**ഫ്ദലുൽ ഹഖ് ഉമരി**
**മൂസ പി.പി (പീസ് റേഡിയോ പ്രതിനിധി)**
16.07.19 ചൊവ്വ 9:00 PM

**ജനക്ഷേമം**
**ഹജ്ജിനെ നാൾവഴികൾ, ഭാഗം: 2**
**ജാഫർ വിളയൂർ (പാലക്കാട് ജില്ല ഹജ്ജ് ട്രെയിനർ)**

**ഇബ്നു അലി എടത്തനാട്ടുകര**
**(പീസ് റേഡിയോ പ്രതിനിധി)**
17.07.19 ബുധൻ 9:25 PM

**സലഫി ദുറൂസ്**
**നുബുവ്വത്തിന്റെ തെളിവുകൾ: 127**
**നബിﷺയുടെ ആരോഗ്യം, ഭാഗം: 2**
**അബൂബക്കർ സലഫി**
18.07.19 വ്യാഴം 9:00 PM

**അൽ ഉസൂൽ**
**ഹദീസും ബുദ്ധിയും, ഭാഗം: 3**
**അബ്ദുൽ മാലിക് സലഫി**
20.07.19 ശനി 09:00 PM

**ഇലൽ അറബിയ്യ**
**അറബി ഭാഷാ പഠനം, ഭാഗം: 43**
**ഹുസൈൻ പാലക്കോടൻ**
21.07.19 ഞായർ 9:25 PM

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:
Search peaceradio
Search peace radio App
www.peaceradio.com
Scan QR Code

സിയാദ് വയനാട്, ജാമിഅ അൽഹിന്ദ്
mail@nerpatham.com




# അല്ലാഹുവിന്റെ ഇഷ്ടദാസന്മാരാവുക

ഹിജ്റ ഏഴാം വർഷം, മുഹർറം മാസം. മദീനയിൽ ഖൈബർ യുദ്ധത്തിനുള്ള ഒരുക്കങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. നബിﷺ ഖൈബർ യുദ്ധദിവസത്തിന്റെ തലേന്ന് രാത്രി സ്വഹാബികളെയെല്ലാം വിളിച്ചുകൂട്ടി ഒരു പ്രഖ്യാപനം നടത്തി:

“നിശ്ചയം, ഞാൻ നാളെ ഖൈബറിലേക്കുള്ള പതാക ഒരു വ്യക്തിയെ ഏൽപിക്കും. അയാൾ അല്ലാഹുവിനെയും അവന്റെ ദൂതനെയും ഇഷ്ടപ്പെടുന്നവനാണ്. അതുപോലെ അല്ലാഹുവും അവന്റെ ദൂതനും ആ വ്യക്തിയെ ഇഷ്ടപ്പെടുന്നുണ്ട്. അല്ലാഹു ആ വ്യക്തിയുടെ കൈകളിലൂടെ വിജയം നൽകും.”

ഈ പ്രഖ്യാപനം കേട്ട പ്രവാചകാനുചരന്മാരിൽ ഓരോരുത്തരും അന്ന് രാത്രി കഴിച്ചുകൂട്ടിയത് ആ വ്യക്തി താനാകണേ എന്ന പ്രാർഥനയോടെയായിരുന്നു. അല്ലാഹുവിന്റെയും റസൂലിന്റെയും സ്നേഹം ലഭിക്കുക എന്നതിന് അത്രത്തോളം മഹത്ത്വം അവർ കണ്ടിരുന്നു. അതിനായി എന്ത് ത്യാഗവും സഹിക്കുവാൻ അവർ ഒരുക്കവുമായിരുന്നു.

പിറ്റേന്ന് രാവിലെ ഓരോരുത്തരും പതാക തന്റെ കയ്യിൽ ലഭിക്കണമെന്ന ആഗ്രഹത്തോടെ റസൂലിന്റെ അടുക്കലേക്ക് ചെന്നു. നബിﷺ ആ പതാക നൽകിയത് അലി(റ)യുടെ കൈകളിലാണ്. ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ച ഹദീസിലാണ് ഈ സംഭവ വിവരണമുള്ളത്.

ഈ സംഭവം നടന്ന ദിവസത്തെക്കുറിച്ച് ഉമർ(റ) പറഞ്ഞത് ഇപ്രകാരമാണ്: “ഞാൻ ആ ഒരു ദിവസം മാത്രമെ നേതൃസ്ഥാനം എന്റെ ജീവിതത്തിൽ ആഗ്രഹിച്ചിട്ടുള്ളൂ.”

പ്രവാചകാനുചരന്മാർ അത്രമാത്രം അല്ലാഹുവിന്റെയും റസൂലിന്റെയും സ്നേഹം കൊതിച്ചിരുന്നു എന്നതിനാൽ തന്നെ അവർ അല്ലാഹുവിന്റെ തൃപ്തിക്ക് അർഹരായിത്തീർന്നു. അല്ലാഹുവിന്റെയും റസൂലിന്റെയും സ്നേഹം കരസ്ഥമാക്കാനുള്ള തീവ്രമായ ശ്രമം നമ്മുടെ ഭാഗത്തുനിന്നും ഉ

ണ്ടാകേണ്ടത് അനിവാര്യമാണ്. അവന്റെ സ്നേഹവും തൃപ്തിയും ലഭിച്ചാലേ നമുക്ക് പരലോകത്ത് രക്ഷ ലഭിക്കുകയുള്ളൂ.

റസൂൽﷺ പറഞ്ഞു: "അല്ലാഹു ഒരിക്കലും അവന്റെ സ്നേഹിതനെ നരകത്തിൽ (ശാശ്വതനായി) പ്രവേശിപ്പിക്കുകയില്ല" (അഹ്മദ്, ദഹബി സ്വഹീഹെന്ന് വിശേഷിപ്പിച്ചത്).

"നിശ്ചയം അല്ലാഹു, ദുൻയാവ് അവൻ ഇഷ്ടപ്പെടുന്നവനും അല്ലാത്തവനും നൽകും. എന്നാൽ ഈമാൻ അവന് ഇഷ്ടപ്പെടുന്നവന്ന് മാത്രമെ നൽകൂ" (ഹാകിം, അഹ്മദ്).

അല്ലാഹുവിന്റെ സ്നേഹവും തൃപ്തിയും നേടുവാനുള്ള കാര്യങ്ങൾ ക്വുർആനും നബിചര്യയും നമുക്ക് പറഞ്ഞുതരുന്നുണ്ട്. അവയിൽ പ്രധാനപ്പെട്ട മൂന്ന് കാര്യങ്ങൾ ചുരുക്കി വിവരിക്കാം.

### ധർമനിഷ്ഠ (തക്വ്‌വ)

എന്താണ് തക്വ്‌വ? ഇമാം ഇബ്നുൽ ക്വയ്യിം(റഹി) വിശദീകരിക്കുന്നു: "പരലോകത്ത് ഒരു വ്യക്തിക്ക് ദോഷകരമായി ഭവിക്കുന്ന കാര്യങ്ങളെ സൂക്ഷിക്കുക."

തക്വ്‌വയുള്ളവരെ അല്ലാഹു ഇഷ്ടപ്പെടും. അല്ലാഹു പറയുന്നു: "അല്ല, വല്ലവനും കരാർ പാലിക്കുകയും ധർമനിഷ്ഠ പാലിക്കുകയും ചെയ്യുന്ന പക്ഷം തീർച്ചയായും അല്ലാഹു ധർമനിഷ്ഠപാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു" (അലുഇംറാൻ: 76).

അതിനാൽ എല്ലാ മേഖലകളിലും അല്ലാഹുവിന്റെ വിധിവിലക്കുകൾ പാലിക്കുന്നതോടൊപ്പം തക്വ്‌വ വർധിപ്പിച്ചു തരുവാൻ അല്ലാഹുവോട് സദാ പ്രാർഥിക്കുകയും ചെയ്യുക. അല്ലാഹുവിന്റെ നിയമ നിർദേശങ്ങൾ ജീവിതത്തിൽ പാലിക്കുക എന്നതാണ് തക്വ്‌വ വർധിക്കുവാനുള്ള വഴി. വീടുവിട്ടിറങ്ങിയതിനു ശേഷം തിരിച്ചു വരുന്നതുവരെ ഏതേതു മേഖലകളിൽ ഇടപെടുന്നുവോ അവിടെയൊക്കെയും മതനിയമങ്ങൾ കൃത്യമായി പാലിക്കാൻ നാം ശ്രമിക്കുന്നുണ്ടോ എന്ന് ആത്മവിചാരണ നടത്തുക.

### പരീക്ഷണങ്ങളിൽ ക്ഷമിക്കുക

ഒരിക്കലും പരിക്ഷണം അല്ലാഹുവിന്റെ കോപത്തിന്റെ ഫലമല്ല. മറിച്ച് അല്ലാഹു നമ്മെ സ്നേഹിക്കുന്നുണ്ട് എന്നതിന്റെ അടയാളമാണത്. റസൂൽﷺ പറഞ്ഞു:

"നിശ്ചയം അല്ലാഹു ഒരു സമൂഹത്തെ ഇഷ്ടപ്പെട്ടുകഴിഞ്ഞാൽ അവരെ അവൻ പരീക്ഷിക്കും. ആരെങ്കിലും അതിൽ തൃപ്തിപ്പെടുകയാണെങ്കിൽ അവന്ന് അല്ലാഹുവിന്റെ തൃപ്തി ലഭിക്കും" (തിർമിദി, ഇമാം അഹ്മദ് ഹസൻ എന്ന് വിശേഷിപ്പിച്ചത്).

നാം ഏതു രീതിയിലാണോ പരീക്ഷണങ്ങളെ നേരിടുന്നത് അതിനനുസരിച്ചായിരിക്കും നമുക്ക് ലഭിക്കുന്ന പ്രതിഫലം. റസൂൽﷺ പറയുന്നു:

"നിശ്ചയം, അല്ലാഹു തന്റെ ഒരു അടിമക്ക് വേണ്ടി ഒരു സ്ഥാനം നൽകുവാൻ ഉദ്ദേശിച്ചിരിക്കുന്നു. എന്നാൽ ആ സ്ഥാനത്തേക്ക് അവന്റെ പ്രവർത്തനങ്ങൾ കൊണ്ട് അവന് എത്താൻ സാധിക്കുന്നില്ല. അങ്ങനെ അല്ലാഹു അവന്റെ സമ്പത്തിലും പ്രവർത്തനങ്ങളിലും ശരീരത്തിലുമെല്ലാമായി പരീക്ഷണങ്ങൾ നൽകുന്നു. എന്നാൽ അവൻ ക്ഷമിച്ചതുമൂലം അല്ലാഹു നൽകുവാൻ ഉദ്ദേശിച്ച ആ പദവിയിലേക്ക് അവൻ എത്തുന്നു" (അബൂദാവൂദ്, അൽബാനി സ്വഹീഹെന്ന് പറഞ്ഞത്).

അതിനാൽ പരീക്ഷണ ഘട്ടങ്ങളിൽ അല്ലാഹുവിന്റെ തൃപ്തി ഉദ്ദേശിച്ചുകൊണ്ട് നാം ക്ഷമിക്കാൻ തയ്യാറാവുക.

### ഐച്ഛികമായ പ്രവർത്തനങ്ങൾ വർധിപ്പിക്കുക

ഐച്ഛികമായ (സുന്നത്തായ) കർമങ്ങൾ ധാരാളമായി ചെയ്യുക വഴി നമുക്ക് അല്ലാഹുവിന്റെ തൃപ്തി നേടുവാൻ സാധിക്കും. അല്ലാഹു പറയുന്നതായി റസൂൽﷺ പറയുന്നു: "എന്റെ ഒരടിമ എന്നിലേക്ക് ഐച്ഛികമായ കർമങ്ങൾ മുഖേന ഞാൻ അവനെ ഇഷ്ടപ്പെടുന്നതുവരെ അടുത്തുകൊണ്ടിരിക്കും" (ബുഖാരി).

സുന്നത്തായ എത്രയോ ആരാധനകൾ ദൈനംദിന ജീവിതത്തിൽ നമുക്ക് ചെയ്യുവാനുണ്ട്. എന്നാൽ മിക്ക ആളുകളും അതിൽ വിമുഖത കാണിക്കുന്നു. നിർബന്ധമായവ തന്നെ ചെയ്താൽ ധാരാളമായി എന്നവർ ചിന്തിക്കുന്നു. ഈ നിലപാട് ശരിയല്ല. നിർബന്ധ കർമങ്ങളിലെ അപാകതകൾ പരിഹരിക്കപ്പെടാൻ സുന്നത്തായ കർമങ്ങൾ കാരണമാകുമെന്നറിയുക.

അല്ലാഹുവിന്റെയും റസൂലിന്റെയും സ്നേഹം ലഭിച്ചാൽ നമുക്കുണ്ടാകുന്ന മറ്റൊരു നേട്ടം റസൂൽ ﷺ പറഞ്ഞു തരുന്നു: "അല്ലാഹു ഒരു വ്യക്തിയെ ഇഷ്ടപ്പെട്ടു കഴിഞ്ഞാൽ ജിബ്‌രീലിനെ വിളിച്ചു പറയും: 'നിശ്ചയം, ഞാൻ ഒരു അടിമയെ ഇഷ്ടപ്പെട്ടിട്ടുണ്ട്. അതിനാൽ നീയും അവനെ ഇഷ്ടപ്പെടുക.' അങ്ങനെ ജിബ്‌രീലും ആ വ്യക്തിയെ ഇഷ്ടപ്പെടും. അങ്ങനെ ജിബ്‌രീൽ ആകാശലോകത്തുള്ളവരോട് വിളിച്ചു പറയും: 'അല്ലാഹു ഇന്ന വ്യക്തിയെ ഇഷ്ടപ്പെട്ടിട്ടുണ്ട്. നിങ്ങളും അവനെ ഇഷ്ടപ്പെടുക.' അങ്ങനെ അവരും ഇഷ്ടപ്പെടും. പിന്നീട് അവന്ന് ഭൂമിയിൽ അല്ലാഹു സ്വീകാര്യത നൽകും."

ഡോ. പി.കെ അബ്ദുറസാഖ് സുല്ലമി
mail@nerpatham.com

ലേഖനം




# പഠനബോധന മാർഗങ്ങൾ ക്വുർആനിൽ നിന്ന്

2

**നിരൂപണ പഠനം**

അധ്യാപകർ പറയുന്നത് അപ്പടി വിഴുങ്ങുകയല്ല; അത് ഒരു റഫറൻസ് ആയി മാത്രം വിലയിരുത്തി പഠിക്കുകയാണ് വേണ്ടത്. വിഷയങ്ങളെ വിലയിരുത്തുമ്പോൾ അധ്യാപകന്റെ അതേ അഭിപ്രായം തന്നെയായിക്കൊള്ളണമെന്നില്ല വിദ്യാർഥിക്ക്. വിയോജിക്കുവാനുള്ള സ്വാതന്ത്ര്യം അവർക്ക് നൽകണം.

നബിﷺ വഹ്‌യ് (ദിവ്യബോധനം) അനുസരിച്ച് പറയുന്ന കാര്യത്തിൽ സ്വഹാബാക്കൾ (അനുചരന്മാർ) മറ്റ് അഭിപ്രായങ്ങൾ പറയുമായിരുന്നില്ല; അല്ലാത്ത കാര്യങ്ങളിൽ പറയുമായിരുന്നു. ഉദാ: ബദ്‌റിൽ മുസ്‌ലിം സൈന്യത്തോട് ‘ഇവിടെ തമ്പടിക്കാം’ എന്ന് നബിﷺ പറഞ്ഞപ്പോൾ സ്വഹാബിമാർ ചോദിച്ചു: “അല്ലാഹുവിന്റെ റസൂലേ, ഈ സ്ഥലത്ത് തന്നെ തമ്പടിക്കണമെന്ന് അല്ലാഹു പറഞ്ഞതാണോ, അതോ താങ്കൾ തീരുമാനിച്ചതോ?” നബിﷺ പറഞ്ഞു: “എന്റെ അഭിപ്രായമാണ്.” അപ്പോൾ അവർ പറഞ്ഞു: “ഇതിനെക്കാൾ നല്ലത് അപ്പുറത്ത് വെള്ളമുള്ള സ്ഥലമാണ്.” അപ്പോൾ നബിﷺ അവർ പറഞ്ഞത് അംഗീകരിച്ചു.

അധ്യാപകൻ ഏതെങ്കിലും ഒരു പൊതുകാര്യത്തെ വിലയിരുത്തുന്നതിനോട് വിയോജിക്കാൻ വിദ്യാർഥിക്ക് സ്വാതന്ത്ര്യമുണ്ടാവണം. മാത്രമല്ല, ഏതൊരു കാര്യവും നാം അംഗീകരിക്കുമ്പോൾ അതിന് ഒരു ന്യായീകരണം നമുക്ക് ഉണ്ടായിരിക്കും; ഇന്നയിന്ന കാരണങ്ങളാൽ ഞാൻ ഈ നിലപാടുകാരനാണ് എന്ന്. ഉദാഹരണമായി, ഈജിപ്തിൽ മുർസിയെ പ്രസിഡന്റ് സ്ഥാനത്തുനിന്ന് പുറത്താക്കിയത് തെറ്റാണ് എന്നാണ് ഞാൻ വിശ്വസിക്കുന്നത്. കാരണം അദ്ദേഹം ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റാണ്. അദ്ദേഹത്തെ പുറത്താക്കിയതിൽ തെറ്റില്ല എന്ന് എന്റെ വിദ്യാർഥിക്ക് വിശ്വസിക്കാം. അതിനോട് എനിക്ക് വിയോജിക്കാം. പക്ഷേ, എന്നോട് വിയോജിക്കുവാനുള്ള സ്വാതന്ത്ര്യം അവനുണ്ട് എന്ന് ഞാൻ അംഗീകരിക്കണം.

**അധ്വാനശീലം വളർത്തൽ**

വിദ്യാർഥികളെ സ്വയം പര്യാപ്തരാക്കുക. പക്ഷേ, വിദ്യാർഥികളിൽ മഹാഭൂരിപക്ഷവും ഇഷ്ടപ്പെടുന്നത് Spoon feeding education ആണ്. കുറിപ്പുകൾ തയ്യാറാക്കി പരീക്ഷക്കുള്ള ചോദ്യങ്ങളും ഉത്തരങ്ങളും കൊടുത്ത് കാണാതെ പഠിപ്പിക്കുകയല്ല ചെയ്യേണ്ടത്.

വിദ്യാർഥികേന്ദ്രീകൃത പഠന രീതിയിൽ വിദ്യാർഥികൾ കൂടുതൽ അന്വേഷിച്ച് പഠിക്കേണ്ടിവരും. സ്വാഭാവികമായും മടിയുണ്ടാവും. പക്ഷേ, അധ്വാനത്തിനും പ്രയാസത്തിനും ശേഷമാണ് വിജയം എന്ന് അവരെ ബോധ്യപ്പെടുത്തിയാൽ അവർ കൂടുതൽ ഊർജസ്വലരാകും.

ക്വുർആൻ പറയുന്നു: "എന്നാൽ തീർച്ചയായും ഞെരുക്കത്തിന്റെ കൂടെ എളുപ്പമുണ്ടായിരിക്കും. തീർച്ചയായും ഞെരുക്കത്തിന്റെ കൂടെ ഒരു എളുപ്പമുണ്ടായിരിക്കും"(94:5,6).

"എന്നാൽ നിങ്ങൾ ഒരു കാര്യം വെറുക്കുകയും (യഥാർഥത്തിൽ) അത് നിങ്ങൾക്ക് ഗുണകരമായിരിക്കുകയും ചെയ്യാം. നിങ്ങൾ ഒരു കാര്യം ഇഷ്ടപ്പെടുകയും അത് നിങ്ങൾക്ക് ദോഷകരമാകുകയും ചെയ്തെന്നും വരാം. അല്ലാഹു അറിയുന്നു നിങ്ങൾ അറിയുന്നില്ല"(2:216).

കഠിനാധ്വാനം ചെയ്ത് പഠിക്കുക. ഭാവിയിലെ നേട്ടത്തിന് വേണ്ടി ഇപ്പോൾ പ്രയാസം സഹിക്കേണ്ടി വരും. പൂർണ ഗർഭിണിയും സമൂഹത്തിൽ നിന്ന് അകറ്റപ്പെട്ടവളുമായി ശാരീരികവും മാനസികവുമായ പ്രയാസം അനുഭവിക്കുന്ന മർയം ബീവിയോട് ഈത്തപ്പന പിടിച്ച് കുലുക്കുക, എങ്കിൽ പാകമായ ഈത്തപ്പഴം നിനക്ക് വീഴ്ത്തിത്തരുമെന്ന് സൂറതുൽ മർയം 25ാം വചനത്തിൽ അല്ലാഹു പറഞ്ഞു. പുരുഷൻമാർ പിടിച്ചുകുലുക്കിയാലും ഈത്തപ്പഴം വീഴുകയില്ല. എന്നിട്ടും എന്തിനാണിത് പറഞ്ഞത്? നിങ്ങൾക്ക് ചെയ്യാനുള്ളത് ചെയ്യൂ, ബാക്കി അല്ലാഹു ചെയ്ത് തരും എന്ന ഗുണപാഠം പഠിപ്പിക്കാൻ വേണ്ടിയാണിത്. നബിﷺയെയും അനുചരൻമാരെയും കഠിനാധ്വാനം ചെയ്യിപ്പിച്ച് ഖൻദക്വിൽ കിടങ്ങ് കുഴിപ്പിച്ചതിൽ നിന്നും ഈ ഗുണപാഠമാണ് നമുക്ക് കിട്ടുന്നത്.

**ആത്മവിശ്വാസമുണ്ടാക്കൽ**

വ്യക്തിത്വ വികസന (Personality development)ത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു ഘടകമാണ് ആത്മ വിശ്വാസം. അതില്ലെങ്കിൽ അപകർഷതാബോധമായിരിക്കും ഫലം. അത് മുഖേന സമൂഹത്തിൽ നിന്ന് ഉൾവലിയുന്നു. ഒരു അധ്യാപകന്റെ പ്രോത്സാഹനജനകമായ ഒരു വാക്കായിരിക്കാം ഒരു കുട്ടിയിലോ ഒരു ക്ലാസ്സിലോ വഴിത്തിരിവിന് കാരണമാകുന്നത്. "നിങ്ങൾ വിചാരിച്ചാൽ പഠിക്കാനും ഉയരാനും കഴിയും. നിങ്ങൾ കഴിവുള്ളവരാണ്. അധ്വാനിച്ചാൽ നേടിയെടുക്കാൻ കഴിയാത്തതല്ല ഇതൊന്നും..." ഇങ്ങനെയുള്ള വാചകങ്ങൾ അധ്യാപകൻ കരുതുന്നതിന്റെ എത്രയോ അപ്പുറം കുട്ടികൾക്ക് ആത്മവിശ്വാസത്തിന് കാരണമാകും. വിദ്യാർഥികൾ ചോദ്യങ്ങൾക്ക് ഉത്തരം പറയുമ്പോൾ "മിടുക്കൻ!, It is the best answer, congratulations...! തുടങ്ങിയ കമന്റുകൾ പറയാൻ മറക്കരുത്. വിദ്യാർഥികൾ വിഡ്ഢിത്തം പറഞ്ഞാലും ക്ലാസ്സിൽ വെച്ച് അവരെ ചമ്മിക്കരുത്; മാനക്കേടാക്കരുത്.



'നീ നന്നാവില്ലെടാ, നീയൊന്നും പഠിച്ചിട്ട് എവിടെയും എത്തില്ല' തുടങ്ങിയ കമന്റുകൾ വിദ്യാർഥികളെ പിന്നാക്കം നയിക്കും; ആത്മവിശ്വാസം ഇല്ലാതാക്കും.

**ക്വുർആനിൽ നിന്നുള്ള മാതൃക**

ഉഹ്ദ് യുദ്ധത്തിൽ പരാജയപ്പെട്ട ശേഷം മനഃപ്രയാസവും ദുഃഖവുമായി കഴിഞ്ഞുകൂടിയ മുസ്‌ലിംകളെ ഉന്നതമായ ആത്മവിശ്വാസത്തിലേക്ക് ഉയർത്തിക്കൊണ്ടുവരാൻ അല്ലാഹു അവതരിപ്പിച്ച ക്വുർആൻ വചനങ്ങൾ നോക്കൂ:



**കഠിനാധ്വാനം ചെയ്ത് പഠിക്കുക. ഭാവിയിലെ നേട്ടത്തിന് വേണ്ടി ഇപ്പോൾ പ്രയാസം സഹിക്കേണ്ടി വരും. പൂർണ ഗർഭിണിയും സമൂഹത്തിൽ നിന്ന് അകറ്റപ്പെട്ടവളുമായി ശാരീരികവും മാനസികവുമായ പ്രയാസം അനുഭവിക്കുന്ന മർയം ബീവിയോട് ഈത്തപ്പന പിടിച്ച് കുലുക്കുക, എങ്കിൽ പാകമായ ഈത്തപ്പഴം നിനക്ക് വീഴ്ത്തിത്തരുമെന്ന് സൂറതുൽ മർയം 25ാം വചനത്തിൽ അല്ലാഹു പറഞ്ഞു. പുരുഷൻമാർ പിടിച്ചുകുലുക്കിയാലും ഈത്തപ്പഴം വീഴുകയില്ല. എന്നിട്ടും എന്തിനാണിത് പറഞ്ഞത്? നിങ്ങൾക്ക് ചെയ്യാനുള്ളത് ചെയ്യൂ, ബാക്കി അല്ലാഹു ചെയ്ത് തരും എന്ന ഗുണപാഠം പഠിപ്പിക്കാൻ വേണ്ടിയാണിത്.**

"നിങ്ങൾ ദൗർബല്യം കാണിക്കുകയോ ദുഃഖിക്കുകയോ ചെയ്യരുത്. നിങ്ങൾ വിശ്വാസികളാണെങ്കിൽ നിങ്ങൾ തന്നെയാണ് ഉന്നതൻമാർ. നിങ്ങൾക്കിപ്പോൾ കേടുപാടുകൾ പറ്റിയിട്ടുണ്ടെങ്കിൽ (മുമ്പ്) അക്കൂട്ടർക്കും കേടുപാടുകൾ പറ്റിയിട്ടുണ്ട്. ആ (യുദ്ധ)ദിവസങ്ങളിലെ ജയാപജയങ്ങൾ ആളുകൾക്കിടയിൽ നാം മാറ്റിമറിച്ച് കൊണ്ടിരിക്കുന്നതാണ്. വിശ്വസിച്ചവരെ അല്ലാഹു തിരിച്ചറിയുവാനും നിങ്ങളിൽ നിന്ന് രക്തസാക്ഷികളെ ഉണ്ടാക്കിത്തീർക്കുവാനും കൂടിയാണത്. അല്ലാഹു അക്രമികളെ ഇഷ്ടപ്പെടുകയില്ല"(3:139,140).

"രാത്രിയും പകലും നിങ്ങൾ ഉറങ്ങുന്നതും അവന്റെ അനുഗ്രഹത്തിൽ നിന്ന് നിങ്ങൾ ഉപജീവനം തേടുന്നതും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. തീർച്ചയായും അതിൽ കേട്ടുമനസ്സിലാക്കുന്ന ജനങ്ങൾക്ക് ദൃഷ്ടാന്തങ്ങൾ ഉണ്ട്"(30:23).

"ഭയവും ആഗ്രഹവും ഉളവാക്കികൊണ്ട് നിങ്ങൾക്ക് മിന്നൽ കാണിച്ചുതരുന്നതും ആകാശത്തു നിന്ന് വെള്ളം ചൊരിയുകയും അത് മൂലം ഭൂമിക്ക് അതിന്റെ നിർജീവാവസ്ഥക്ക് ശേഷം ജീവൻ നൽകുകയും ചെയ്യുന്നതും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. തീർച്ചയായും അതിൽ ചിന്തിച്ചു മനസ്സിലാക്കുന്നവർക്ക് ദൃഷ്ടാന്തങ്ങളുണ്ട്"(30:24).

അടിവരയിട്ട വാചകങ്ങൾ തീർച്ചയായും പഠനത്തെയും ഗവേഷണത്തെയും പ്രോത്സാഹിപ്പിക്കുന്നു. ഇത് ചില ഉദാഹരണങ്ങൾ മാത്രമാണ്. ലേഖന ദൈർഘ്യം ഭയന്ന് കൂടുതൽ ഉദ്ധരിക്കുന്നില്ല.

ക്വുർആനിലൂടെ തട്ടിയുണർത്തപ്പെട്ട ബുദ്ധിയും ഗവേഷണവും പടിഞ്ഞാറ് അറ്റ്‌ലാന്റിക് സമുദ്രത്തിന്റെ തീര രാഷ്ട്രങ്ങൾ മുതൽ കിഴക്ക് ചൈനയുടെ അതിരുകൾ വരെയും വടക്ക് ആൽപ്സ് പർവത നിരകൾ മുതൽ തെക്ക് മധ്യാഫ്രിക്ക വരെയും വിജ്ഞാനത്തിന്റെ ഉന്നതമായ ഒരു സാമ്രാജ്യത്തിന് അടിത്തറ പാകി. അതാണ് അബ്ബാസിയ്യ കാലത്തെ ശാസ്ത്രവിജ്ഞാന നവോത്ഥാനം എന്ന പേരിൽ ലോക ചരിത്രത്തിൽ കാണപ്പെട്ട തുല്യതയില്ലാത്ത മുന്നേറ്റം. ക്വുർആൻ പരലോകത്ത് മാത്രമല്ല, ഈ ലോകത്തിലെ ജീവിതത്തിലും വ്യക്തമായ മാർഗദർശക ഗ്രന്ഥമാണ്. ഗവേഷണ ബുദ്ധി വിദ്യാർഥികളിൽ വളർത്താൻ അധ്യാപകൻ കഠിനാധ്വാനം ചെയ്യണം. മുൻകൂട്ടി പ്ലാൻ ചെയ്ത് പ്രവർത്തിക്കണം.

**അന്ധവിശ്വാസത്തിൽ നിന്ന് മോചനം**

ഒരു അധ്യാപകൻ വിദ്യാർഥികൾക്ക് പരീക്ഷയിൽ രക്ഷപ്പെടാൻ ആവശ്യമായ വിവരങ്ങൾ മാത്രമല്ല നൽകേണ്ടത്. വ്യക്തിത്വ വികസനത്തിന് അത്യാവശ്യമായ കാര്യമാണ് അന്ധവിശ്വാസത്തിൽ നിന്നുള്ള മോചനം.

**ക്വുർആനിലൂടെ തട്ടിയുണർത്തപ്പെട്ട ബുദ്ധിയും ഗവേഷണവും പടിഞ്ഞാറ് അറ്റ്ലാന്റിക് സമുദ്രത്തിന്റെ തീരരാഷ്ട്രങ്ങൾ മുതൽ കിഴക്ക് ചൈനയുടെ അതിരുകൾ വരെയും വടക്ക് ആൽപ്സ് പർവത നിരകൾ മുതൽ തെക്ക് മധ്യാഫ്രിക്ക വരെയും വിജ്ഞാനത്തിന്റെ ഉന്നതമായ ഒരു സാമ്രാജ്യത്തിന് അടിത്തറ പാകി. അതാണ് അബ്ബാസിയ്യ കാലത്തെ ശാസ്ത്രവിജ്ഞാന നവോത്ഥാനം എന്ന പേരിൽ ലോക ചരിത്രത്തിൽ കാണപ്പെട്ട തുല്യതയില്ലാത്ത മുന്നേറ്റം. ക്വുർആൻ പരലോകത്ത് മാത്രമല്ല, ഈ ലോകത്തിലെ ജീവിതത്തിലും വ്യക്തമായ മാർഗദർശക ഗ്രന്ഥമാണ്. ഗവേഷണ ബുദ്ധി വിദ്യാർഥികളിൽ വളർത്താൻ അധ്യാപകൻ കഠിനാധ്വാനം ചെയ്യണം. മുൻകൂട്ടി പ്ലാൻ ചെയ്ത് പ്രവർത്തിക്കണം.**

ക്വുർആനിന്റെ അവതരണം തന്നെ മനുഷ്യരെ ദുർമാർഗങ്ങളുടെ കൂരിരുട്ടുകളിൽ നിന്ന് സത്യവിശ്വാസത്തിന്റെ വെള്ളിവെളിച്ചത്തിലേക്ക് നയിക്കലാണ്. സൂറഃ ഇബ്റാഹീം തുടങ്ങുന്നത് തന്നെ ഇപ്രകാരമാണ്:

"...മനുഷ്യരെ അവരുടെ രക്ഷിതാവിന്റെ അനുമതി പ്രകാരം ഇരുട്ടുകളിൽ നിന്ന് വെളിച്ചത്തിലേക്ക് കൊണ്ടുവരാൻ വേണ്ടി നിനക്ക് അവതരിപ്പിച്ചുതന്നിട്ടുള്ള ഗ്രന്ഥമാണിത്. അതായത് പ്രതാപിയും സ്തുത്യർഹനും ആയിട്ടുള്ളവന്റെ മാർഗത്തിലേക്ക്. ആകാശത്തിലുള്ളതിന്റെയും ഭൂമിയിലുള്ളതിന്റെയും ഉടമയായ അല്ലാഹുവിന്റെ മാർഗത്തിലേക്ക്"(14:1).

വിദ്യാർഥികൾ ഇഷ്ടപ്പെടുന്നത് മാത്രം അവരോട് പറഞ്ഞുകൊടുക്കുകയല്ല; അവർക്ക് ഏറ്റവും ഗുണകരമായത് അവർക്ക് നൽകുക എന്നതാണ് അധ്യാപകൻ ചെയ്യേണ്ടത്.

### സാമൂഹ്യബോധം വർധിപ്പിക്കൽ

ഒരു അധ്യാപകൻ വിദ്യാർഥികൾക്ക് പരീക്ഷയിൽ രക്ഷപ്പെടാൻ ആവശ്യമായ വിവരങ്ങൾ മാത്രമല്ല നൽകേണ്ടത്. വ്യക്തിത്വ വികസനത്തിന് അത്യാവശ്യമായ കാര്യമാണ് അന്ധവിശ്വാസത്തിൽ നിന്നുള്ള മോചനം.

ക്വുർആനിന്റെ അവതരണം തന്നെ മനുഷ്യരെ ദുർമാർഗങ്ങളുടെ കൂരിരുട്ടുകളിൽ നിന്ന് സത്യവിശ്വാസത്തിന്റെ വെള്ളിവെളിച്ചത്തിലേക്ക് നയിക്കലാണ്. സൂറഃ ഇബ്റാഹീം തുടങ്ങുന്നത് തന്നെ ഇപ്രകാരമാണ്:

"...മനുഷ്യരെ അവരുടെ രക്ഷിതാവിന്റെ അനുമതി പ്രകാരം ഇരുട്ടുകളിൽ നിന്ന് വെളിച്ചത്തിലേക്ക് കൊണ്ടുവരാൻ വേണ്ടി നിനക്ക് അവതരിപ്പിച്ചുതന്നിട്ടുള്ള ഗ്രന്ഥമാണിത്. അതായത് പ്രതാപിയും സ്തുത്യർഹനും ആയിട്ടുള്ളവന്റെ മാർഗത്തിലേക്ക്. ആകാശത്തിലുള്ളതിന്റെയും ഭൂമിയിലുള്ളതിന്റെയും ഉടമയായ അല്ലാഹുവിന്റെ മാർഗത്തിലേക്ക്"(14:1).

വിദ്യാർഥികൾ ഇഷ്ടപ്പെടുന്നത് മാത്രം അവരോട് പറഞ്ഞുകൊടുക്കുകയല്ല; അവർക്ക് ഏറ്റവും ഗുണകരമായത് അവർക്ക് നൽകുക എന്നതാണ് അധ്യാപകൻ ചെയ്യേണ്ടത്.

### ഗ്രെയ്ഡല്ല; മാർക്ക്

നിരവധി വിദ്യാഭ്യാസ വിദഗ്ധർ ചർച്ച ചെയ്ത് നടപ്പാക്കിയ വിഷയമാണെങ്കിലും ഗ്രെയ്ഡ് സിസ്റ്റത്തിന് വലിയ പോരായ്മയും അനീതിയും ഉണ്ട്. ഉദാഹരണമായി, 80 മാർക്ക് മുതൽ 89 മാർക്ക് വരെ ഒരു ഗ്രെയ്ഡിന്റെ പരിധിയാണെന്ന് സങ്കൽപിക്കുക. 10 വിഷയങ്ങൾ ഉള്ള ഒരു പരീക്ഷയിൽ എല്ലാ പേപ്പറിലും ഒരു വിദ്യാർഥിക്ക് 80 വീതവും മറ്റൊരു വിദ്യാർഥിക്ക് 89 വീതവും ആണെങ്കിൽ ആകെ മാർക്ക് 800ഉം 890ഉം ആയിരിക്കും. ഒരാൾക്ക് 90 മാർക്കിന്റെ മേൻമയുണ്ടായിട്ടും അവന് അതിന്റെ ഗുണമോ അംഗീകാരമോ കിട്ടുന്നില്ല.

അനീതിയില്ലാതെ ഓരോരുത്തരുടെയും ഉത്തരത്തിനനുസരിച്ച് മൂല്യനിർണയം നടക്കണമെങ്കിൽ മാർക്ക് തന്നെയാണ് നൽകേണ്ടത്. അല്ലാഹുവിന്റെ നടപടിക്രമത്തിൽ മാർക്ക് സിസ്റ്റം പോലെ കൃത്യമായ പ്രതിഫലം നൽകലാണുള്ളത്, ഗ്രെയ്ഡ് സിസ്റ്റം പോലുള്ളതല്ല എന്ന് ക്വുർആനിൽ നിന്ന് മനസ്സിലാക്കാം:

"അപ്പോൾ ആര് ഒരണുമണിത്തൂക്കം നന്മ ചെയ്തിരുന്നുവോ അവനത് കാണും. ആര് ഒരണുവിന്റെ തൂക്കം തിന്മ ചെയ്തിരുന്നുവോ അവൻ അതും കാണും"(99:7,8).

ഇഹലോകത്ത് മനുഷ്യൻ ചെയ്ത ഏത് നിസ്സാരമായ പ്രവൃത്തിക്കും കണിശവും കൃത്യവുമായ പ്രതിഫലം പരലോകത്ത് അല്ലാഹു നൽകുന്നതാണ് എന്നർഥം.

## പതറാത്ത നിശ്ചയദാർഢ്യം

ഒരു അധ്യാപകന്റെ അല്ലെങ്കിൽ സ്ഥാപന മേധാവിയുടെ ക്വാളിറ്റിയാണ് എടുത്ത തീരുമാനത്തിൽ ഉറച്ച് നിൽക്കൽ. പക്ഷേ, തീരുമാനം എടുക്കുന്നതിനു മുമ്പ് പലവട്ടം ആലോചിക്കണം. 100 ശതമാനം ശരിയാണോ എന്ന് ആലോചിക്കണം. ബന്ധപ്പെട്ടവരുമായി കൂടിയാലോചിക്കണം. തീരുമാനം എടുത്താൽ ശേഷം വരാനിരിക്കുന്ന പ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കാം എന്നെല്ലാം പഠിച്ച് കഴിഞ്ഞ ശേഷം ഉറച്ച തീരുമാനമെടുക്കുക. തെറ്റാണ് എന്ന് ബോധ്യപ്പെട്ടാൽ തിരുത്തണം. സമ്മർദങ്ങൾക്ക് വിധേയമായി പതറിക്കൊണ്ടിരുന്നാൽ പിന്നീട് എപ്പോഴും പതറിക്കൊടുക്കേണ്ടിവരും.



**ലോകനാഗരികതയിലോ ശാസ്ത്രരംഗത്തോ യാതൊരു പുരോഗതിയും ഉണ്ടാക്കിയിട്ടില്ലാത്ത, മരുപ്പച്ചകളിൽ നിന്ന് മരുപ്പച്ചകളിലേക്ക് നീങ്ങി യുദ്ധം, മദ്യം, സ്ത്രീ എന്നിവയിൽ ആനന്ദം കണ്ടെത്തിയിരുന്ന നാടോടികളായിരുന്നു പുരാതന അറേബ്യൻ സമൂഹം. എന്നാൽ ഹിജ്റ 2ാം നൂറ്റാണ്ടായപ്പോഴേക്കും അബ്ബാസിയ്യ സാമ്രാജ്യം ലോകചരിത്രത്തിൽ അതുല്യമായ പുരോഗതിയിലേക്ക് എത്തിയിരുന്നു. എഴുതപ്പെട്ട നാലു ലക്ഷം പുസ്തകങ്ങളായിരുന്നു അന്ന് ബാഗ്ദാദ് ലൈബ്രറിയിൽ ഉണ്ടായിരുന്നത്! ശാസ്ത്രത്തിന്റെ എല്ലാ ശാഖകളിലേക്കും ഗവേഷണ ബുദ്ധി പരന്നൊഴുകുകയായിരുന്നു.**

നബിﷺയെ അല്ലാഹു ഉറപ്പിച്ച് നിർത്തുന്നത് എങ്ങനെയാണെന്ന് നോക്കൂ: “നിന്നെ നാം ഉറപ്പിച്ച് നിറുത്തിയിട്ടില്ലായിരുന്നുവെങ്കിൽ തീർച്ചയായും നീ അവരിലേക്ക് അൽപമൊക്കെ ചാഞ്ഞു പോകുമായിരുന്നു. എങ്കിൽ ജീവിതത്തിലും ഇരട്ടിശിക്ഷ, മരണത്തിലും ഇരട്ടിശിക്ഷ; അതായിരിക്കും നാം നിനക്ക് ആസ്വദിപ്പിക്കുന്നത്. പിന്നീട് നമുക്കെതിരിൽ നിനക്ക് സഹായം നൽകാൻ യാതൊരാളെയും നീ കണ്ടെത്തുകയില്ല”(17:74,75).

ഏകദൈവ വിശ്വാസത്തിന്റെ കാര്യത്തിലാണ് പ്രവാചകനെ അല്ലാഹു ഉറപ്പിച്ച് നിർത്തുന്നത്. പക്ഷേ, അതിൽ നിന്നുള്ള ‘ദൃഢത’ എന്ന ഗുണപാഠമാണ് ഈ ഭാഗത്ത് ഇത് ഉദ്ധരിക്കുവാൻ കാരണം.

## ഗവേഷണ താൽപര്യമുണ്ടാക്കൽ

മനുഷ്യബുദ്ധിയെ തളച്ചിടുന്ന ഗ്രന്ഥമാണ് ക്വുർആൻ എന്നും പുരോഗതിയെ പുറകോട്ട് വലിക്കുകയാണ് ഇസ്‌ലാം എന്നുമുള്ള പ്രചാരണങ്ങൾ തികച്ചും തെറ്റാണ്, യാഥാർഥ്യവിരുദ്ധമാണ് എന്ന് ചരിത്രം പരിശോധിച്ചാൽ നമുക്ക് മനസ്സിലാക്കാം.

ലോകനാഗരികതയിലോ ശാസ്ത്രരംഗത്തോ യാതൊരു പുരോഗതിയും ഉണ്ടാക്കിയിട്ടില്ലാത്ത, മരുപ്പച്ചകളിൽ നിന്ന് മരുപ്പച്ചകളിലേക്ക് നീങ്ങി യുദ്ധം, മദ്യം, സ്ത്രീ എന്നിവയിൽ ആനന്ദം കണ്ടെത്തിയിരുന്ന നാടോടികളായിരുന്നു പുരാതന അറേബ്യൻ സമൂഹം.

എന്നാൽ ഹിജ്റ 2ാം നൂറ്റാണ്ടായപ്പോഴേക്കും അബ്ബാസിയ്യ സാമ്രാജ്യം ലോകചരിത്രത്തിൽ അതുല്യമായ പുരോഗതിയിലേക്ക് എത്തിയിരുന്നു. എഴുതപ്പെട്ട നാലു ലക്ഷം പുസ്തകങ്ങളായിരുന്നു അന്ന് ബാഗ്ദാദ് ലൈബ്രറിയിൽ ഉണ്ടായിരുന്നത്! ശാസ്ത്രത്തിന്റെ എല്ലാ ശാഖകളിലേക്കും ഗവേഷണബുദ്ധി പരന്നൊഴുകുകയായിരുന്നു.

ബാഗ്ദാദ് യൂണിവേഴ്സിറ്റി വിജ്ഞാനത്തിന്റെ അന്താരാഷ്ട്ര കേന്ദ്രമായിത്തീർന്നു. ബുദ്ധിയെ തളച്ചിടുന്ന ഒരു ഗ്രന്ഥത്തിന്റെ സ്വാധീനമാണോ ഇത്? ജവഹർലാൽ നെഹ്റുവിനെ പോലെയുള്ള നിഷ്പക്ഷരായ അമുസ്‌ലിം ചരിത്രകാരൻമാർ പോലും അംഗീകരിച്ചതാണിത്.

My choice of muhammed to lead the list of the world’s most influential persons may surprise some readers and may be questioned by others, but he was the only man in history who was

**ക്വുർആനിൽ ജനങ്ങളോടുള്ള കൽപനകളിലുടനീളം ഈ സമീപനം കാണാം. നാലാം അധ്യായം സൂറതുന്നിസാഇലെ ഒന്നാം വചനത്തിൽ പറയുന്നത് നിങ്ങളെ സൃഷ്ടിച്ച നിങ്ങളുടെ രക്ഷിതാവിനെ നിങ്ങൾ സൂക്ഷിക്കുക എന്നാണ്. അതിന് പകരം ഞങ്ങളുടെ രക്ഷിതാവിനെ നിങ്ങൾ ആരാധിക്കുക എന്ന് പറഞ്ഞാൽ, നിങ്ങളുടെ രക്ഷിതാവിനെ ഞങ്ങൾ എന്തിന് സൂക്ഷിക്കണം എന്ന ചോദ്യം അവരുടെമനസ്സിൽ ഉയരും; സ്വീകരിക്കാനുള്ള സന്നദ്ധത കുറയും.**

supremely successful on both the religious and secular levels... The majority of the persons in this book had the advantage of being born and raised in centres of civilization, highly cultured of politically pivotal nations. Muhammed however was born in the year 570 in the city of mecca, in southern arabia. At that time a back ward area of the world far from centres.[2]

“ഞാൻ മുഹമ്മദിനെ ലോകചരിത്രത്തിൽ ഏറ്റവും നല്ല സ്വഭാവമുള്ള വ്യക്തിയായി തെരഞ്ഞെടുത്തതിനെ ചിലർ ചോദ്യം ചെയ്യുകയോ മറ്റു ചിലരെ അത്ഭുതപ്പെടുത്തുകയോ ചെയ്തേക്കാം. എന്നാൽ മത ജീവിതത്തിലും മതേതര ജീവിതത്തിലും സമ്പൂർണമായി വിജയിച്ച, ചരിത്രത്തിലെ ഏക വ്യക്തി അദ്ദേഹമാണ്. ഈ പുസ്തകത്തിൽ അധികം പേരും സംസ്കാരത്തിന്റെയും നാഗരികതയുടെയും രാഷ്ട്രീയത്തിന്റെയും കേന്ദ്രങ്ങളിലായിരുന്നു. എന്നാൽ 570ൽ ദക്ഷിണ അറേബ്യയിലെ മക്കയിൽ ജനിക്കുമ്പോൾ ലോകത്തെ വളരെ പിന്നാക്ക പ്രദേശമായിരുന്നു. വാണിജ്യം, കല, വിജ്ഞാനം മുതലായ എല്ലാറ്റിന്റെയും കേന്ദ്രങ്ങളിൽ നിന്നെല്ലാം വളരെ ദൂരെയായിരുന്നു അറേബ്യ.”

**പരസ്പര സഹകരണത്തിന്റെ ശൈലി**

ഞങ്ങളുടെ തീരുമാന പ്രകാരം നിങ്ങൾ വിദ്യാർഥികൾ ഇപ്രകാരമെല്ലാം ചെയ്യണം, ഇപ്രകാരം ചെയ്യരുത് എന്ന് പറഞ്ഞാൽ പ്രതിഷേധമുണ്ടാവാൻ സാധ്യത വളരെ കൂടുതലാണ്. അതിന് പകരം നിങ്ങളുടെ രക്ഷിതാക്കൾ യോഗം ചേർന്ന് എടുത്ത തീരുമാനപ്രകാരം നിങ്ങൾ താഴെ എഴുതിയ നിയമങ്ങൾ അനുസരിക്കണം എന്ന് പറഞ്ഞാൽ അത് സ്വീകരിക്കാനുള്ള മനസ്സ് കുട്ടികളിൽ കൂടുതൽ ഉണ്ടാകും.

ക്വുർആനിൽ ജനങ്ങളോടുള്ള കൽപനകളിലുടനീളം ഈ സമീപനം കാണാം. നാലാം അധ്യായം സൂറതുന്നിസാഇലെ ഒന്നാം വചനത്തിൽ പറയുന്നത് നിങ്ങളെ സൃഷ്ടിച്ച നിങ്ങളുടെ രക്ഷിതാവിനെ നിങ്ങൾ സൂക്ഷിക്കുക എന്നാണ്. അതിന് പകരം ഞങ്ങളുടെ രക്ഷിതാവിനെ നിങ്ങൾ ആരാധിക്കുക എന്ന് പറഞ്ഞാൽ, നിങ്ങളുടെ രക്ഷിതാവിനെ ഞങ്ങൾ എന്തിന് സൂക്ഷിക്കണം എന്ന ചോദ്യം അവരുടെമനസ്സിൽ ഉയരും; സ്വീകരിക്കാനുള്ള സന്നദ്ധത കുറയും.

24:33ൽ “...അല്ലാഹു നിങ്ങൾക്ക് നൽകിയിട്ടുള്ള സമ്പത്തിൽ നിന്ന് അവർക്ക് നിങ്ങൾ നൽകി സഹായിക്കുകയും ചെയ്യുക...” എന്ന് പറയുന്നു. നിങ്ങളുടെ സ്വത്ത് നിങ്ങൾ അവർക്ക് കൊടുക്കുക എന്നതിന് പകരം അല്ലാഹു നിങ്ങളെ ഏൽപിച്ച സമ്പത്ത് നൽകുക എന്ന ശൈലി എത്രമാത്രം മനഃശാസ്ത്രപരമാണ്!

നമ്മുടെ വീടും സമ്പത്തും വാഹനങ്ങളും സൗകര്യങ്ങളുമെല്ലാം അല്ലാഹുവിന്റെതാണ്. വാടകയില്ലാതെ അവ ഉപയോഗിക്കാൻ താൽക്കാലികമായി നമുക്ക് സമ്മതം തന്നിരിക്കുന്നുവെന്ന് മാത്രം.

തിന്മ നിറഞ്ഞ ജാഹിലിയ്യ സമൂഹത്തെ നന്മയിലേക്ക് മാറ്റിയെടുക്കാൻ അല്ലാഹു സ്വീകരിച്ച ഈ മനഃശാസ്ത്രപരമായ സമീപനം സ്ഥാപന മേധാവികളും അധ്യാപകരും വിദ്യാർഥികളെ മാറ്റിയെടുക്കാൻ ശ്രമിക്കുമ്പോഴും സ്വീകരിച്ചാൽ കുറച്ചെങ്കിലും സംഘർഷമില്ലാതെ കാര്യങ്ങൾ നടപ്പാക്കാൻ കഴിയും.

അധ്യാപന, വിദ്യഭ്യാസ രംഗത്ത് മാത്രമല്ല; എല്ലാ രംഗത്തും ഈ Administration Psychology വളരെയേറെ ഫലപ്രദമാണ്. ●

## സൃഷ്ടികൾ ക്ഷണിക്കുന്നു

'നേർപഥ'ത്തിലേക്ക് സൃഷ്ടികൾ ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, PB.NO: 597, Kallai Road Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com, www.nerpatham.com



കാഴ്ച

ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com

# പിതാവെന്ന എ.ടി.എം യന്ത്രം!

അഗതി മന്ദിരങ്ങളിൽ പോകാറുണ്ട് ചിലപ്പോൾ; കുടുംബത്തോടൊപ്പവും കൂട്ടുകാരുടെ കൂടെയും. അവിടെയുള്ളവരുടെ കൂടെ കുറച്ച് നേരം ചെലവഴിക്കും. അവരുടെ സംസാരം കേൾക്കും. ഒരു നേരം അവരോടൊപ്പം ഭക്ഷണം കഴിക്കും. മടങ്ങിപ്പോരുമ്പോൾ നമ്മുടെ മനസ്സ് കലങ്ങിയിട്ടുണ്ടാവും. നമ്മിൽ ഉള്ള, എന്നാൽ നാം സമ്മതിക്കാത്ത ഞാനെന്ന ഭാവം പൂജ്യത്തിലേക്ക് താഴ്ന്നിരിക്കും.

ഇത്തരം ഒരു കേന്ദ്രത്തിലെ മുഖ്യസംഘാടകൻ തലേനാളത്തെ ഒരു കൗൺസലിംഗ് അനുഭവം പങ്കുവെച്ചത് കേട്ടപ്പോൾ വിശ്വസിക്കാൻ വളരെ പ്രയാസം തോന്നി.

ഒരു ടീനേജ് കോളേജ് കുമാരി ഒരുത്തന്റെ കൂടെ ഒളിച്ചോടിപ്പോയി. അതും പ്രത്യേകിച്ച് വിദ്യാഭ്യാസമോ തൊഴിലോ നല്ല സ്വഭാവം പോലുമോ ഇല്ലാത്ത, അടുത്ത വീട്ടിൽ വാടകക്ക് താമസിക്കുന്ന അന്യനാട്ടുകാരനായ, ഒരു തല്ലിപ്പൊളി കൂട്ടുകെട്ടിലെ ഒരംഗത്തിന്റെ കൂടെ! പോലീസിൽ പരാതിപ്പെട്ടു. ഇരുവരെയും കണ്ടെത്തി. കോടതിയിൽ ഹാജരാക്കി. അവൾ പയ്യനൊപ്പം പോകണമെന്ന് കോടതിയിൽ പറഞ്ഞു. തൽക്കാലം അവളെ സ്വന്തം വീട്ടിലേക്ക് പറഞ്ഞയക്കാനും അടുത്ത സിറ്റിങ്ങിൽ അന്തിമ തീരുമാനം എടുക്കണമെന്നും കോടതി.

മകളുടെ ഈ വിവരം അറിഞ്ഞു വിഷമിച്ച് വിദേശത്തുനിന്ന് പിതാവും വന്നിരുന്നു. തന്റെ മകളെ ഒന്ന് ഉപദേശിക്കണം എന്ന ആവശ്യം പലതവണ ആവർത്തിക്കപ്പെട്ടപ്പോൾ അദ്ദേഹത്തിന് പോകാതിരിക്കാൻ കഴിഞ്ഞില്ല.

പൊതുവെ ഇത്തരം കേസുകളിൽ, മാതാപിതാക്കളുടെ പ്രയാസവും മക്കളിൽ അവർ ചൊരിഞ്ഞ സ്നേഹവും അവരുടെ പ്രതീക്ഷയും മകളുടെ ഭാവിയും ഭൂതകാലം അറിയാത്ത ഒരുത്തന്റെ ഒപ്പം ഇറങ്ങിപ്പോയാലുള്ള ജീവിതത്തിലെ അനിശ്ചിതത്വവും മതപരമായ പാശ്ചാത്തലത്തിൽ സംസാരിച്ച് ബോധ്യപ്പെടുത്തുകയാണത്രെ പതിവ്. ഈ ഉപദേശം കേൾക്കുന്ന കുട്ടിക്ക് സങ്കടം വരും. കണ്ണുകൾ നിറയും. തേങ്ങാൻ തുടങ്ങും. പിന്നെ കാര്യങ്ങൾ കുറേക്കൂടി എളുപ്പമാകും. പതിവ് അനുഭവം അങ്ങനെയത്രെ.

എന്നാൽ ഇത്തരം ഒരു നിർമല വികാരവും പെൺകുട്ടിയിൽ പ്രകടമായില്ല എന്ന് മാത്രമല്ല, ഒരു തരം പ്രതികാര മനോഭാവമാണ് കുട്ടിയിൽ കണ്ടതത്രെ! പിതാവിനെക്കുറിച്ചുള്ള കുട്ടിയുടെ പരാമർശമാണ് അദ്ദേഹത്തെ ഞെട്ടിച്ചത്; കേട്ട എന്നെയും! മരുഭൂമിയിലെ തീച്ചൂടിൽ അധ്വാനിച്ച് ആവശ്യമുള്ളപ്പോഴെല്ലാം സ്നേഹപൂർവം കാശ് അയച്ചുതന്നിരുന്ന ആ പാവം പിതാവിനെ മറക്കരുത്, വിഷമിപ്പിക്കരുത് എന്ന് പറഞ്ഞപ്പോൾ പെൺകുട്ടിയുടെ മറുപടി ഇതായിരുന്നു: "എനിക്ക് അയാൾ ഒരു എ.ടി.എം ഉപകരണം മാത്രമായിരുന്നു. പണം തരുന്നത് കൊണ്ട് മാത്രം ഒരാൾ പിതാവ് ആവില്ല."

ഇനിയൊന്നും ഇക്കാര്യത്തിൽ ചെയ്യാൻ കഴിയില്ല എന്ന് ബോധ്യമായ അദ്ദേഹം തോറ്റു പിന്മാറി. ആ സംസാരം കൊണ്ടുള്ള ഏക പുരോഗതി കോടതിയുടെ അടുത്ത സിറ്റിങ്ങിൽ പയ്യന്റെ ഒപ്പം പോകണം എന്ന് ആവശ്യപ്പെടില്ല, തീരുമാനമെടുക്കാൻ കൂടുതൽ സമയം വേണം എന്ന് ആവശ്യപ്പെടാൻ പെൺകുട്ടി തയ്യാറായി എന്നത് മാത്രമാണ്. ഇനി ഇക്കാര്യത്തിൽ വിളിക്കരുത്, തനിക്കൊന്നും ചെയ്യാനില്ല എന്ന് പറഞ്ഞു മടങ്ങിയ അദ്ദേഹം, ആ മാതാപിതാക്കളുടെ കണ്ണുനീർ മറക്കാൻ കഴിയുന്നില്ല എന്ന് സങ്കടപ്പെട്ടു.

മക്കൾക്ക് ഇഷ്ടാനുസരണം പണം നൽകിയാൽ മാത്രം നല്ല പിതാവായി എന്ന ധാരണയുള്ള പിതാക്കൾ ഇതിൽനിന്ന് പാഠം പഠിക്കേണ്ടതുണ്ട്. മക്കൾ പിതാവിന്റെ സ്നേഹവും വാത്സല്യവും സാമീപ്യവും കരുതലും ആഗ്രഹിക്കുന്നുണ്ട്. അത് നൽകാതിരുന്നാൽ ഇത്തരം ദുരനുഭവങ്ങൾ നേരിടേണ്ടിവരും.

## വിട പറയൂ അപശബ്ദങ്ങളോട്,
## കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി

24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...

താങ്കൾ കേട്ടു തുടങ്ങിയോ?





peaceradio

Tune to reality

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക

https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio | Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322

www.peaceradio.com radioforpeace peaceradionow +91 9020840840


RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21


Nerpatham Weekly
Published on
20 July 2019

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

WISDOM BOOKS
PUBLISHING II DISTRIBUTION
Wisdom Books I E.K.P Building I Calicut
Web: www.wisdomislam.org I Email: publication@wisdomislam.org
Tel: 0495 4019437

# ഉടൻ പുറത്തിറങ്ങുന്നു...




## ശുദ്ധീകരണം ഇസ്‌ലാമിൽ

**ഫള്ലുൽ ഹഖ് ഉമരി ആമയൂർ / വില: ₹ 110**

ശുദ്ധി വിശ്വാസത്തിന്റെ ഭാഗമാണ് എന്നതാണ് മതത്തിന്റെ അധ്യാപനം. അതിനാൽ ശുദ്ധീകരണം നിർബന്ധവുമാണ്. മനുഷ്യനെ ബാധിക്കുന്ന അശുദ്ധികൾ എന്തൊക്കെ, അവയെ എങ്ങനെ ശുദ്ധീ കരിക്കും? തുടങ്ങിയ നിത്യജീവിതവുമായി ബന്ധപ്പെട്ട ധാരാളം മതവിധികളെ കുറിച്ചുള്ള ആഴത്തിലുള്ള സമഗ്ര പഠനമാണിത്. അഭിപ്രായ ഭിന്നതയുള്ള വിഷയങ്ങളിൽ പ്രാമാണിക നിലപാടുകൾ വ്യക്തമാക്കുന്നതിനാൽ വായനക്കാർക്ക് ഏറെ ഗുണപ്രദമാണ് ഈ കൃതി.

## ഖുർആൻ പാരായണ നിയമങ്ങൾ

**മുഹമ്മദ് ഷാ മൗലവി / വില: ₹ 50**

അല്ലാഹുവിന്റെ ഗ്രന്ഥമായ വിശുദ്ധ ഖുർആനിന്റെ പഠനവും പാരായണവും ഏറെ പുണ്യകരമാണ്. പാരായണത്തിന് നിരവധി നിയമങ്ങൾ ഉള്ള ഗ്രന്ഥം കൂടിയാണ് ഖുർആൻ. നിശ്ചിത നിയമത്തിലൂടെയല്ലാത്ത പാരായണങ്ങൾ ഗുരുതര അർഥ വ്യത്യാസങ്ങൾക്ക് കാരണമാവുമെന്നതിനാൽ, ഖുർആൻ പാരയണ നിയമങ്ങൾ അറിഞ്ഞിരിക്കൽ വിശ്വാസികൾക്ക് ബാധ്യതയാണ്. ഖുർആൻ പാരായണ നിയമങ്ങൾ ലളിതമായി ഈ കൃതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.